

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2026-28)

നാലാമത് ..... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത സംബന്ധിച്ച 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3-ൽ ഉൾപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4, 5, 6 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

.....നാലാമത്.... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത സംബന്ധിച്ച 2022 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4, 5, 6 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1
അനുബന്ധം I പ്രധാനപ്പെട്ട നിഗമനങ്ങളും /ശിപാർശകളും	:	85
അനുബന്ധം II ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി	:	92

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപൂ ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ- ചാർജ്

ശ്രീമതി. രജി. ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി. ബിന്ദുരാജ് ഡി, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2026-28) യുടെ നാലാമത് ... റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത സംബന്ധിച്ച 2022 വർഷത്തെ റിപ്പോർട്ട് നമ്പർ-3-ൽ ഉൾപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4, 5, 6 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

റിപ്പോർട്ട്

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത സംബന്ധിച്ച 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3-ൽ ഉൾപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4, 5, 6 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

സാമ്പത്തിക വിഭവങ്ങളുടെ വികേന്ദ്രീകരണം

നഗര തദ്ദേശസ്ഥാപനങ്ങളുടെ കാര്യശേഷി പ്രതിഫലിക്കുന്നത് അവയുടെ സാമ്പത്തിക സ്ഥിതിയിലും അവയുടെ തനതായ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള കഴിവിലുമാണ്. യു.എൽ.ബി.-കൾക്ക് അവയുടെ ആവശ്യങ്ങൾക്കനുസൃതമായ സാമ്പത്തിക വിഭവങ്ങൾ ലഭ്യമാക്കുന്ന സാഹചര്യത്തിലാണ് വികേന്ദ്രീകരണം ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാകുന്നത്. വികേന്ദ്രീകരണത്തിന്റെ സുപ്രധാന ഘടകങ്ങളിൽ ഒന്ന് സാമ്പത്തിക സ്വയംഭരണം ആയതിനാൽ ഫലപ്രദമായ വികേന്ദ്രീകരണം കൊണ്ട് അർത്ഥമാക്കുന്നത് സാമ്പത്തിക വിഭവങ്ങളുടെ (തനത വരുമാനമോ കൈമാറ്റം ചെയ്യപ്പെട്ടതോ) ലഭ്യത മാത്രമല്ല, സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം കൂടിയാണ്. കേരളത്തിലെ യു.എൽ.ബി.-കൾക്ക് ലഭ്യമായ ഫണ്ടുകളിൽ തനത വരുമാനം (നികുതിയും നികുതിയേതരവും), കേന്ദ്രസംസ്ഥാന ഗ്രാന്റുകൾ, വായ്പകൾ എന്നിവ ഉൾപ്പെടുന്നു. ഈ അദ്ധ്യായത്തിൽ യു.എൽ.ബി.-കളുടെ ധനസ്ഥിതിയുടെ ഉപരിവീക്ഷണത്തിന്റെയും വരവുകളുടെ വിശകലനത്തിന്റെയും നിരീക്ഷണങ്ങളിലൂടെ, 74-ാം സി.എ.എ.-യിലൂടെയും സംസ്ഥാന നിയമ നിർമ്മാണങ്ങളിലൂടെയും ഏർപ്പെടുത്തിയ സാമ്പത്തിക വികേന്ദ്രീകരണത്തിന്റെ ഉദ്ദിഷ്ടഫലപ്രാപ്തിയുടെ ഒരു പഠനം ഉൾപ്പെടുത്തിയിരിക്കുന്നു.

യു.എൽ.ബി.-കളുടെ ധനസ്ഥിതി

മുനിസിപ്പാലിറ്റികൾക്ക് സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനും, മുനിസിപ്പാലിറ്റികളുടെ പേരിലും നേരിട്ടും ലഭിക്കുന്ന എല്ലാ പണവും നിക്ഷേപിക്കുന്നതിനും അവ പിൻവലിക്കുന്നതിനും ഫണ്ട് രൂപീകരിക്കണമെന്ന് ഭരണഘടനയുടെ അനുഛേദം 243 എക്സ് വ്യവസ്ഥ ചെയ്യുന്നു. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനും, സംസ്ഥാനസഞ്ചിതനിധിയിൽ നിന്നും മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം നൽകുന്നതിനെക്കുറിച്ചുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ചും മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ചും ശിപാർശകൾ നടത്തുന്നതിനുമായി, സംസ്ഥാന ധനകാര്യകമ്മീഷൻ രൂപീകരിക്കണമെന്ന് അനുഛേദം 243 വൈ നിഷ്കർഷിക്കുന്നു. 1994-ലെ കെ.എം. ആക്ടും അതിന്റെ വ്യവസ്ഥകളിലൂടെ തദ്ദേശ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തേണ്ട നടപടികളെക്കുറിച്ച് ആവർത്തിച്ചു പറയുന്നു.

ഒരു സാമ്പത്തിക വർഷം പൂർത്തിയായി നാലു മാസത്തിനകം, അതായത് ജൂലൈ 31-ന് മുമ്പ് ഓരോ മുനിസിപ്പാലിറ്റിയും ഓഡിറ്റിനായി വാർഷിക ധനകാര്യപത്രികകൾ ആ മുനിസിപ്പാലിറ്റിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ള ഓഡിറ്റർക്ക് സമർപ്പിക്കേണ്ടതാണെന്ന് 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ നിർദ്ദേശിക്കുന്നു. 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ 93 യു.എൽ.ബി.-കളും അവരുടെ വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിനായി ചട്ടപ്രകാരമുള്ള ഓഡിറ്ററായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിരുന്നു എന്ന് കണ്ടു. തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ യു.എൽ.ബി.-കളുടെ സാമ്പത്തിക പരിപാലനത്തിൽ ന്യൂനതകൾ ഓഡിറ്റ് കാണുകയുണ്ടായി. ഇവ പരിഹരിക്കുകയാണെങ്കിൽ ഉയർന്ന തലത്തിലുള്ള സാമ്പത്തിക സ്വയംഭരണത്തിനും തന്മൂലം മെച്ചപ്പെട്ട ഭരണത്തിനും വഴിയൊരുക്കപ്പെടും.

അയഥാർത്ഥമായ രീതിയിലുള്ള ബഡ്ജറ്റ് തയ്യാറാക്കൽ

ഓരോ ധനകാര്യവർഷവും ആരംഭിക്കുന്നതിന് മുമ്പായി നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ബഡ്ജറ്റ് നിർബന്ധമായും തയ്യാറാക്കണമെന്ന് 1994-ലെ കെ.എം. ആക്ടിലെ 285-ഉം 287-ഉം വകുപ്പുകൾ നിർദ്ദേശിക്കുന്നു. കെ.എം. ആക്ടിലെ 285-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനുവരി 15-ന് മുൻപായി, വരും വർഷത്തെ വരവുകളുടെയും ചെലവിന്റെയും എസ്റ്റിമേറ്റുകൾ ഉൾക്കൊള്ളുന്ന ബഡ്ജറ്റ് യു.എൽ.ബി. സെക്രട്ടറി തയ്യാറാക്കി, അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുമ്പിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, യു.എൽ.ബി. സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്കല്ലുകളും പരിഗണിച്ചശേഷം നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുനിസിപ്പാലിറ്റിയുടെ അടുത്ത വർഷത്തെ വരവുകളുടെയും ചെലവിന്റെയും ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം അവസാനിക്കുന്നതിനുമുമ്പ് അംഗീകാരത്തിനായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട വർഷം ആരംഭിക്കുന്നതിന് മുമ്പായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ അന്തിമമായി കൗൺസിൽ പാസാക്കേണ്ടതും പകർപ്പുകൾ സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്.

മുൻവർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും പ്രവണതയുടെ അടിസ്ഥാനത്തിലല്ല തദ്ദേശസ്ഥാപനങ്ങൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരുന്നതെന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. അതിനാൽ, ബഡ്ജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നു. മുൻവർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും പ്രവണതയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയിച്ചിരുന്നുവെങ്കിൽ ബഡ്ജറ്റ് തുകകൾ കൂടുതൽ യാഥാർത്ഥ്യം പുലർത്തുന്നതാകുമായിരുന്നു.

പരിശോധന നടത്തിയ നാല് യു.എൽ.ബി.-കളിലെ അയഥാർത്ഥ ബഡ്ജറ്റ് തയ്യാറാക്കലിന്റെ വിശദമായ ഉദാഹരണങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.

അയഥാർത്ഥ ബഡ്ജറ്റിന്റെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക

യു.എൽ.ബി.യുടെ പേര്	വർഷം	വരവുകൾ (രൂപ ലക്ഷത്തിൽ)			ചെലവ് (രൂപ ലക്ഷത്തിൽ)		
		ബഡ്ജറ്റ്	യഥാർത്ഥ തുക	യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം	ബഡ്ജറ്റ്	യഥാർത്ഥ തുക	യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	2015-16	3882.11	755.69	19.47	3951.27	820.89	20.78
	2016-17	9239.04	2132.47	23.08	8733.22	1835.20	21.01
	2017-18	10748.54	3487.55	32.45	10665.85	3118.81	29.24
	2018-19	30819.41	4234.26	13.74	29242.48	3692.87	12.63
	2019-20	20709.59	3562.65	17.20	19680.51	2668.07	13.56
കൽപ്പറ്റ മുനിസിപ്പാലിറ്റി	2015-16	12947.63	3081.15	23.80	12873.68	2379.92	18.49
	2016-17	16785.61	1896.43	11.30	16720.61	2713.70	16.23
	2017-18	19126.67	3498.14	18.29	19073.54	3293.88	17.27
	2018-19	4444.19	3353.67	75.46	4401.59	2887.23	65.60
	2019-20	9012.92	3622.75	40.20	8957.61	3567.42	39.83
തിരുവനന്തപുരം കോർപ്പറേഷൻ	2015-16	80568.96	25803.70	32.03	68620.91	26001.81	37.89
	2016-17	57454.09	39661.63	69.03	48626.69	27492.26	56.54
	2017-18	68994.75	41952.69	60.81	60049.23	28566.44	47.57
	2018-19	84304.17	58442.97	69.32	72873.87	54476.21	74.75
	2019-20	92205.35	55445.56	60.13	95867.91	39486.44	41.19
കൊച്ചി കോർപ്പറേഷൻ	2015-16	88154.17	42132.93	47.79	84188.00	32506.76	38.61
	2016-17	88355.99	41367.63	46.82	84095.02	30762.67	36.58
	2017-18	85416.69	54334.06	63.61	82229.92	43546.86	52.96
	2018-19	91747.57	65762.97	71.68	88898.97	50134.74	56.40
	2019-20	98756.95	57885.27	58.61	94518.59	52133.98	55.16

(ഉറവിടം: പരിശോധന നടത്തിയ യു.എൽ.ബികൾ നൽകിയ വിവരങ്ങൾ)

യഥാർത്ഥ വരവുകളുടെ ബഡ്ജറ്റ് തുകകളുമായുള്ള ശതമാനം 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 11.30-ഉം 75.46-ഉം, വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 13.74-ഉം 32.45-ഉം, തിരുവനന്തപുരം കോർപ്പറേഷനിൽ 32.03-ഉം 69.32-ഉം, കൊച്ചി കോർപ്പറേഷനിൽ 46.82-ഉം

71.68-നും ഇടയിലുമായിരുന്നു. മറുവശത്ത് ഈ കാലയളവിൽ, ചെലവ് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 12.63 മുതൽ 29.24 ശതമാനവും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 16.23 മുതൽ 65.60 ശതമാനവും, തിരുവനന്തപുരം കോർപ്പറേഷനിൽ 37.89 മുതൽ 74.75 ശതമാനവും, കൊച്ചി കോർപ്പറേഷനിൽ 36.58 മുതൽ 56.40 ശതമാനവും അധികമായി എസ്റ്റിമേറ്റ് ചെയ്തിരുന്നു. മേൽപ്പറഞ്ഞ പ്രവണതകൾ ഈ യു.എൽ.ബി.-കളുടെ ബഡ്ജറ്റിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഉൽകണ്ഠ ഉളവാക്കുന്നതും അതിനെ സാമ്പത്തിക നിയന്ത്രണത്തിനും ചെലവ് പരിപാലനത്തിനുമുള്ള ഉപകരണമായി വർത്തിക്കുവാനുള്ള അർഹത ഇല്ലാതാക്കുന്നതുമാണ്.

ഒരു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ രൂപപ്പെടുത്തുമ്പോൾ മുൻ സാമ്പത്തിക വർഷങ്ങളിലെ ചെലവിന്റെ പ്രവണത കണക്കിൽ എടുക്കേണ്ടതുണ്ട്. തുടർച്ചയായ മിച്ചം ഉണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനായി കാരണങ്ങൾ വിശകലനം ചെയ്ത ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ യഥാർത്ഥമാക്കേണ്ടതാണ്. ഓഡിറ്റ് പരിശോധന നടത്തിയ യു.എൽ.ബി.-കളിലെ അഞ്ചുവർഷക്കാലത്തെ ബഡ്ജറ്റ് തുകകളും യഥാർത്ഥ തുകകളും തമ്മിലുള്ള തുടർച്ചയായതും ഗണ്യമായതുമായ അന്തരം സൂചിപ്പിക്കുന്നത്, ആസൂത്രിതമായ ബഡ്ജറ്റ് രൂപീകരണത്തിന് യു.എൽ.ബി.-കൾ കുറഞ്ഞ പരിഗണനയേ നൽകിയിരുന്നുള്ളൂ എന്നതാണ്. വികേന്ദ്രീകരണത്തിന്റെ വെളിച്ചത്തിൽ മുനിസിപ്പാലിറ്റിയുടെ ബഡ്ജറ്റിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമില്ലാത്തതിനാൽ യു.എൽ.ബി.-കൾ അവയുടെ ബഡ്ജറ്റ് പ്രക്രിയകൾക്ക് മതിയായ ശ്രദ്ധ നൽകേണ്ടതാണ്. വികേന്ദ്രീകൃത ആസൂത്രണവും വികസനവും വിലയിരുത്തുവാനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും ബഡ്ജറ്റിനെ സാമ്പത്തിക നിയന്ത്രണത്തിനായുള്ള ഉപകരണമായി ഉപയോഗിക്കുന്നതിലുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരാജയത്തെക്കുറിച്ച് ചൂണ്ടിക്കാട്ടിയിരുന്നു (2009 മാർച്ച്).

സർക്കാരിന്റെ മറുപടി ലഭ്യമായിട്ടില്ല (2021 ഡിസംബർ).

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത): ഓഡിറ്റ് ഖണ്ഡിക 4.1, 4.1.1]

ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിത വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻവർഷങ്ങളിലെ ചെലവിന്റെ സ്വഭാവം മനസ്സിലാക്കി അടുത്ത വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കാത്തതുകൊണ്ടാണ് കാലാകാലങ്ങളിൽ ഇത്തരം അന്തരം ഉണ്ടാകുന്നതെന്നും ഇതുവരെ പിന്തുടർന്ന രീതി യഥാർത്ഥത്തിൽ ഒരു പ്രഹസനമായി മാറിയെന്നും നിശ്ചിത തീയതിക്കുള്ളിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനപ്പുറം കൃത്യമായ കണക്കുകളും മറ്റും ലഭ്യമല്ലെന്നും സംസ്ഥാന സർക്കാർ ബഡ്ജറ്റ് തയ്യാറാക്കുന്ന ഗൗരവത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബഡ്ജറ്റ് തയ്യാറാക്കാത്തത് കാരണമാണ് അന്തരം ഉണ്ടാകുന്നതെന്നും അഭിപ്രായപ്പെട്ടു. സർക്കാർ നൽകിയ മറുപടിയിൽ സൂചിപ്പിച്ച രീതിയിൽ ബഡ്ജറ്റ് തയ്യാറാക്കിയാൽ പ്രശ്നം പരിഹരിക്കാനാകുമോയെന്ന് സമിതി അന്വേഷിക്കുകയും ഭാവിയിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു.

2. ഓരോ വർഷവും ജനുവരി 15-ന് മുമ്പ് വരുംവർഷത്തെ വരവ് ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റുകൾ ഉൾപ്പെടുന്ന ബഡ്ജറ്റ് സെക്രട്ടറിമാർ തയ്യാറാക്കി ബന്ധപ്പെട്ട സ്ഥിരം സമിതിക്ക് സമർപ്പിക്കണമെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് അടുത്ത സാമ്പത്തിക വർഷത്തെ അടങ്കലും ചേർത്ത് വരവ് ചെലവ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നുമാണ് നിർദ്ദേശം നൽകിയിരിക്കുന്നതെന്നും എന്നാൽ ഇത് യഥാവിധി നടക്കാത്തതിനാൽ ബഡ്ജറ്റിലും യഥാർത്ഥ ചെലവുകളിലും വരുന്ന അന്തരം ഒഴിവാക്കാൻ സപ്ലിമെന്ററി ബഡ്ജറ്റ് തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നതെന്നും യഥാർത്ഥ തുകയും ബഡ്ജറ്റ് തുകയും തമ്മിൽ 20 ശതമാനം അന്തരമാണ് പൊതുവെ ഉണ്ടാകുന്നതെന്നും നിലവിൽ ഉപയോഗിച്ചുവരുന്ന IKM-ന്റെ സോഫ്റ്റ്വെയർ ഏകീകരിച്ച് 'K-Smart' എന്ന സോഫ്റ്റ്വെയർ ജനുവരി ആദ്യ ആഴ്ച ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ബഡ്ജറ്റ് മാന്വൽ ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് 'K-Smart' നിലവിൽ വരുന്നതോടെ

പരിഹാരമുണ്ടാകുമെന്നും നിലവിൽ ആയത് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

3. ഏത് ചെലവും ബഡ്ജറ്റിലൂടെ തന്നെ സാധൂകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയുള്ള സോഫ്റ്റ്വെയർ ആണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇത്തരം കാര്യങ്ങൾ നിർവഹിക്കുന്നതിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 'Sulekha, Saankhya' എന്നീ രണ്ട് സോഫ്റ്റ്വെയറുകൾ തമ്മിൽ നേരിട്ട് ഇന്റഗ്രേഷനില്ലാത്തത് പ്രധാന പ്രശ്നമാണെന്നും ഇതിനെ ഇന്റഗ്രേറ്റ് ചെയ്യുന്ന രീതിയിലാണ് K-Smart-ൽ ബഡ്ജറ്റ് മാന്വൽ കൊണ്ടുവരുന്നതെന്നും ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഇത്തരത്തിൽ ഒരു മൊഡ്യൂൾ ഇല്ലാത്തതും പെയ്മെന്റ് സോഫ്റ്റ്വെയറുമായി ബഡ്ജറ്റിന് ഇന്റഗ്രേഷൻ ഇല്ലാത്തതും ബുദ്ധിമുട്ടാണെന്ന വകുപ്പിന്റെ ആവശ്യം അനുസരിച്ചാണ് ഇത് തയ്യാറാക്കിയിരിക്കുന്നതെന്നും ഗ്രാമസഭ തലം മുതൽ ഇതിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്ന രീതിയിലാണ് ടി സോഫ്റ്റ്വെയർ തയ്യാറാക്കിയിരിക്കുന്നതെന്നും പദ്ധതിയും ബഡ്ജറ്റും ഇതിലേക്ക് ഇന്റഗ്രേറ്റ് ചെയ്യപ്പെടുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ കൂട്ടിച്ചേർത്തു.

4. സാമ്പത്തിക നിയന്ത്രണ സംവിധാനമായ ബഡ്ജറ്റിനെ യഥാവിധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിപ്പെടുത്തുന്നില്ല എന്ന് വിലയിരുത്തിയ സമിതി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ചു.

നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

5. സാമ്പത്തിക നിയന്ത്രണ സംവിധാനമായ ബഡ്ജറ്റിനെ യഥാവിധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ലെന്ന് വിലയിരുത്തിയ സമിതി, മുൻ വർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും സ്വഭാവം മനസ്സിലാക്കി അടുത്ത വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കാത്തതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ നിരക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ടാകുന്നതിന് ഇടയാക്കുന്നുവെന്ന് അഭിപ്രായപ്പെടുന്നു.

6. സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റ് തയ്യാറാക്കുന്ന അതേ ഗൗരവത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബഡ്ജറ്റ് തയ്യാറാക്കണമെന്നും ബജറ്റും യഥാർത്ഥ

ചെലവുകളും തമ്മിൽ അന്തരം ഉണ്ടാകുന്നത് ഒഴിവാക്കാൻ, കൃത്യമായ കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. കെ-സ്മാർട്ട് നിലവിൽ വരുന്നതോടെ ബജറ്റ് മാനുവൽ ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി, അയഥാർത്ഥമായ രീതിയിലുള്ള ബഡ്ജറ്റ് തയ്യാറാക്കൽ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നഗരതദ്ദേശസ്ഥാപനങ്ങളുടെ ചെലവ്

യു.എൽ.ബി.-കളുടെ ചെലവ് അഞ്ചുവിഭാഗങ്ങൾ ആയി തരം തിരിക്കാവുന്നതാണ്. പദ്ധതി ചെലവുകൾ, പ്രവർത്തനവും പരിപാലനവും, പൊതു ചെലവുകൾ, മാനവശേഷി ചെലവുകൾ, പലിശയും ധനകാര്യ ചെലവുകളും. സംസ്ഥാനത്തെ 93 യു.എൽ.ബി.-കളും, പരിശോധന നടത്തിയ 21 യു.എൽ.ബി.-കളും 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ വരുത്തിയ ചെലവിന്റെ വിശദവിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തെ യു.എൽ.ബി.-കൾ വരുത്തിയ ചെലവ്

(₹ കോടിയിൽ)

വർഷം	മാനവശേഷി ചെലവ്	പൊതു ചെലവുകൾ	പ്രവർത്തനവും പരിപാലനവും	പലിശയും ധനകാര്യ ചെലവുകളും	പദ്ധതി ചെലവുകൾ. ധനസഹായത്തിൽ നിന്നുള്ള ചെലവുകൾ	ആകെ ചെലവ്
2015-16	107.45 (9.68%)	39.93 (3.60%)	118.13 (10.64%)	9.12 (0.82%)	835.44 (75.26%)	1110.07
2016-17	145.77 (13.02%)	44.84 (4.01%)	125.34 (11.20%)	6.98 (0.62%)	796.66 (71.16%)	1119.59
2017-18	201.76 (11.05%)	60.54 (3.32%)	140.31 (7.68%)	13.84 (0.76%)	1409.39 (77.19%)	1825.84
2018-19	212.27 (8.51%)	64.95 (2.60%)	249.70 (10.01%)	10.39 (0.42%)	1958.42 (78.47%)	2495.73

2019-20	197.76 (8.75%)	44.23 (1.96%)	207.83 (9.20%)	13.68 (0.61%)	1796.07 (79.49%)	2259.57
ആകെ	**865.01 (9.82%)**	**254.49 (2.89%)**	**841.31 (9.55%)**	**54.01 (0.61%)**	**6795.98 (77.13%)**	**8810.80**

(ഉറവിടം: ഐകെഎം നൽകിയ വിവരങ്ങൾ)

തെരഞ്ഞെടുത്ത യു.എൽ.ബി.-കൾ വരുത്തിയ ചെലവ്

(₹ കോടിയിൽ)

വർഷം	മാനവശേഷി ചെലവ്	പൊതു ചെലവുകൾ	പ്രവർത്തനവും പരിപാലനവും	പലിശയും ധനകാര്യ ചെലവുകളും	പദ്ധതി ചെലവുകൾ. ധനസഹായത്തിൽ നിന്നുള്ള ചെലവുകൾ	ആകെ ചെലവ്
2015-16	43.54 (9.79%)	13.63 (3.07%)	58.81 (13.23%)	5.53 (1.24%)	323.09 (72.67%)	444.60
2016-17	52.41 (12.10%)	12.35 (2.85%)	56.63 (13.07%)	2.57 (0.59%)	309.17 (71.38%)	433.13
2017-18	74.60 (12.08%)	20.62 (3.34%)	60.79 (9.85%)	2.95 (0.48%)	458.47 (74.25%)	617.43
2018-19	71.66 (7.62%)	30.93 (3.29%)	127.83 (13.60%)	3.89 (0.41%)	705.76 (75.08%)	940.07
2019-20	64.47 (8.42%)	13.23 (1.73%)	74.95 (9.79%)	2.65 (0.35%)	610.59 (79.72%)	765.89
ആകെ	**306.68 (9.58%)**	**90.76 (2.84%)**	**379.01 (11.84%)**	**17.59 (0.55%)**	**2407.08 (75.19%)**	**3201.12**

സംസ്ഥാനത്തെ യു.എൽ.ബി.കളുടെ ചെലവിന്റെ ഭൂരിഭാഗവും, ആകെ ചെലവിന്റെ 71.16 ശതമാനം മുതൽ 79.49 ശതമാനം വരെ പദ്ധതി ചെലവുകൾ, ഗ്രാന്റുകളിൽ നിന്നുള്ള ചെലവുകൾ എന്നിവയായിരുന്നു. ഇത് യു.എൽ.ബി.കൾ പദ്ധതി നടപ്പാക്കലിനാണ് മുന്തിയ പരിഗണന നൽകിയിരുന്നത് എന്നതിന്റെ പ്രതിഫലനമാണ്. നിയമപരമായ നാഗരിക ചുമതലകളായ ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കശാപ്പുശാലകൾ സ്ഥാപിക്കൽ, ശ്മശാന പരിപാലനം, പൊതു ശൗചാലയങ്ങൾ സൗകര്യപ്പെടുത്തൽ മുതലായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ വേഗത ഉറപ്പാക്കുന്നതിനായി പ്രവർത്തനവും പരിപാലനവും (ഒ.&എം.) ചെലവുകൾക്കും ഫണ്ടുകളുടെ മതിയായ വിഹിതം അനുവദിക്കേണ്ടതുണ്ട്.

നാഗരിക ചുമതലകളോടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദാസീനത സംസ്ഥാനത്തെ പൊതുജനാരോഗ്യം, ശുചീകരണം, പരിസ്ഥിതി എന്നിവ സംബന്ധിച്ച ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു എന്ന് അഞ്ചാം എസ്.എഫ്.സി. നിരീക്ഷിച്ചിരുന്നു. അതിനാൽ ഈ ചുമതലകൾക്ക് മുന്തിയ പരിഗണന നൽകണമെന്നും ഇക്കാര്യത്തിനായി ആവശ്യമുള്ള ഫണ്ടുകൾ നൽകണമെന്നുമായിരുന്നു കമ്മീഷന്റെ സമീപനം.

നഗരതദ്ദേശസ്ഥാപനങ്ങളുടെ ധനകാര്യ ഡേറ്റാവിശകലനം

യു.എൽ.ബി.കളിൽ സാമ്പത്തിക സ്വയംഭരണം സ്ഥാപിക്കുന്നതിനായി ഇനിപ്പറയുന്ന അനുപാതങ്ങൾ ഓഡിറ്റ് പരിഗണിച്ചു

- തദ്ദേശ സാമ്പത്തിക സ്വയംഭരണം: ഇത് യു.എൽ.ബി.കളുടെ ആകെ വരുമാനവുമായി തനതുവരുമാനത്തിന്റെ വിഹിതമാണ്.
- സാമ്പത്തിക കൈമാറ്റത്തിൽ തദ്ദേശ ആശ്രയത്വം: ഇത് യു.എൽ.ബി.കളുടെ ആകെ വരുമാനവുമായി കേന്ദ്ര ധനകാര്യ കമ്മീഷന്റെയും (സി.എഫ്.സി.) സംസ്ഥാന ധനകാര്യ കമ്മീഷന്റെയും (എസ്.എഫ്.സി.) ധനസഹായത്തിന്റെ വിഹിതമാണ്.

തദ്ദേശസാമ്പത്തിക സ്വയംഭരണവും സാമ്പത്തിക കൈമാറ്റത്തോടുള്ള തദ്ദേശ ആശ്രയത്വവും തമ്മിൽ വിപരീത രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിക്കുകയാണെങ്കിൽ സാമ്പത്തിക കൈമാറ്റവുമായുള്ള ആശ്രയത്വം കുറയുന്നു. 2019-20-ലെ ഡേറ്റാ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ, തെരഞ്ഞെടുത്ത 21 യു.എൽ.ബി.കളിൽ നിന്ന് ഒരു യു.എൽ.ബി.യിൽ[1] മാത്രമേ തനതു വരുമാനവും ആകെ വരുമാനവുമായുള്ള അനുപാതം 40 ശതമാനത്തിൽ കൂടുതൽ ആയിരുന്നുള്ളൂ എന്ന് നിരീക്ഷിച്ചു. രണ്ട് യു.എൽ.ബി.കളിൽ അനുപാതം 30-40 ശതമാന പരിധിയിൽ ആയിരുന്നു. തദ്ദേശ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കായി യു.എൽ.ബി.കൾ വരുമാന സാദ്ധ്യതയുള്ള സ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്ന അടിയന്തര ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

1 ആലുവ മുനിസിപ്പാലിറ്റി

പരിശോധന നടത്തിയ 21 യു.എൽ.ബി.കളിൽ 2019-20-ലെ സാമ്പത്തിക സ്വയംഭരണത്തിന്റെ പ്രവണത (അയഥാർത്ഥ ബഡ്ജറ്റിന്റെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടികയിൽ) വിവരിച്ചിരിക്കുന്നു.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 4.1.2, 4.1.3]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

9. നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ്, നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യ ഡേറ്റാ വിശകലനം എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫണ്ടുകളുടെ വിനിയോഗത്തിന്റെ വ്യാപ്തി

2015-16 മുതൽ 2019-20 വരെയുള്ള ആകെ വരുമാനവും ആകെ ചെലവുമായുള്ള താരതമ്യം കാണിക്കുന്നത് സംസ്ഥാനത്തെ 93 യു.എൽ.ബി.കളുടെ ചെലവ് ആകെ വരുമാനത്തിന്റെ 35.78 മുതൽ 57.67 ശതമാനവും, തെരഞ്ഞെടുത്ത യു.എൽ.ബി.കളുടെ ചെലവ് 32.71 ശതമാനം മുതൽ 53.54 ശതമാനം വരെയുമായിരുന്നു എന്നാണ്. ഇത് താഴെ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തെ യു.എൽ.ബി.കളുടെ ഫണ്ടിന്റെ വിനിയോഗത്തിന്റെ വ്യാപ്തി

(₹ കോടിയിൽ)

വർഷം	വരവുകൾ	ചെലവ്	വരവുകളിൽ നിന്നും ചെലവിന്റെ ശതമാനം
2015-16	2169.86	1110.07	51.16
2016-17	3129.30	1119.59	35.78
2017-18	3166.06	1825.84	57.67
2018-19	4447.56	2495.73	56.11
2019-20	4210.47	2259.57	53.67
ആകെ	17123.25	8810.80	**51.46**

പരിശോധന നടത്തിയ യു.എൽ.ബി.കളുടെ ഫണ്ടുകളുടെ വിനിയോഗത്തിന്റെ വ്യാപ്തി

(₹ കോടിയിൽ)

വർഷം	വരവുകൾ	ചെലവ്	വരവുകളിൽ നിന്നും ചെലവിന്റെ ശതമാനം
2015-16	1002.57	444.60	44.35
2016-17	1324.25	433.13	32.71
2017-18	1264.02	617.43	48.85
2018-19	1755.74	940.07	53.54
2019-20	1759.69	765.89	43.52
ആകെ	7106.27	3201.12	**45.05**

(ഉറവിടം: ഐകെഎം നൽകിയ വിവരങ്ങൾ)

സംസ്ഥാനത്തെ യു.എൽ.ബി.കളും ഓഡിറ്റ് പരിശോധന നടത്തിയ യു.എൽ.ബി.കളും 2015-2020 വരെയുള്ള അഞ്ചു വർഷക്കാലയളവിൽ വരുത്തിയ ചെലവിന്റെ ശരാശരി ശതമാനം യഥാക്രമം 51.46-ഉം 45.05-ഉം ആയിരുന്നു. വർദ്ധിച്ച ചെലവ് സമൂഹത്തിലെ എല്ലാ ദുർബ്ബല വിഭാഗങ്ങളെയും സാമൂഹ്യസുരക്ഷാ വലയത്തിനുകീഴിൽ കൊണ്ടുവരാനും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ

ഗുണമേന്മയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുവാനുമുള്ള യു.എൽ.ബി.കളുടെ ശക്തമായ ഇടപെടലിനെയാണ് പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ യു.എൽ.ബി.കൾക്ക് ഓഡിറ്റ് കാലയളവിൽ (2015-2020) ചെലവിനത്തിൽ പ്രശംസനീയമായ പ്രവണതകൾ വരുത്താൻ സാധിച്ചില്ല എന്ന് ശ്രദ്ധിക്കപ്പെട്ടു ഇത് മൂൻഗണനാ മേഖലകളിൽ കൈവരിക്കേണ്ട മെച്ചപ്പെട്ട നേട്ടങ്ങൾക്ക് തടസ്സമാകും.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 4.1.4]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10. മൂൻഗണനാ മേഖല ഗൗരവമായി പരിഗണിക്കാതെയാണ് സംസ്ഥാനത്തെ യു.എൽ.ബി.-കളുടെ ഫണ്ട് വിനിയോഗം നടത്തിയിരിക്കുന്നതെന്നും തെരഞ്ഞെടുത്ത യു.എൽ.ബി.-കളുടെ 2015 മുതൽ 2020 വരെയുള്ള കാലയളവിലെ ചെലവ് ആകെ വരുമാനത്തിന്റെ 60%-ൽ താഴെയാണെന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടു.

11. ജനുവരി മാസം ആദ്യവാരത്തോടെയാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതെന്നും ധനകാര്യ കമ്മിറ്റിയിലേക്ക് വന്ന് മാർച്ച് മാസം ആദ്യവാരം ബഡ്ജറ്റ് പാസാക്കുമെന്നും ബഡ്ജറ്റ് പാസായിട്ടില്ലെങ്കിൽ ഏപ്രിൽ 1-ാം തീയതിക്കുശേഷം ഒരു സാമ്പത്തിക ഇടപാടും നടത്താൻ പാടില്ലെന്നാണ് മുനിസിപ്പാലിറ്റീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ഇതുവരെയുള്ള കണക്കുകൾ പ്രകാരം സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ രണ്ടോ മൂന്നോ മാസങ്ങളിലാണ് മുനിസിപ്പാലിറ്റികളിൽ ഏറ്റവും കൂടുതൽ വരവുണ്ടാകുന്നതെന്നും ഏറ്റവും കൂടുതൽ വരുമാനം വസ്തു നികുതിയിനത്തിലാണെങ്കിലും വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയായിട്ടുണ്ടെന്നും മാർച്ച് മാസത്തോടുകൂടി അദാലത്ത് നടത്തി കൂടുതൽ തുക വരവിനത്തിൽ ശേഖരിക്കുന്നുണ്ടെന്നും എത്ര ഫണ്ട് കൃത്യമായി വരുമെന്നത് സംബന്ധിച്ച ധാരണ ഇല്ലാതെയാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്നും മൂൻകാലങ്ങളിലെ

വരവും ചെലവും അടിസ്ഥാനമായി കണക്കിലെടുക്കുന്നുണ്ടെങ്കിലും വിവിധ മേഖലകളിൽ നിന്നും ലഭിക്കേണ്ട തുക മുൻകൂട്ടി അറിയുന്നതിന് സാധിക്കാറില്ലെന്നും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും ധനകാര്യ കമ്മീഷന്റെ ഭാഗമായ ഹെൽത്ത് ഗ്രാന്റും ലഭിക്കാനുണ്ടെന്നും മാർച്ച് മാസത്തോടു കൂടിയായിരിക്കാം പ്ലാൻ ഫണ്ടിന്റെ ഒരു ഗഡു നൽകുന്നതെന്നും അങ്ങനെ പല മേഖലകളിൽ നിന്നുള്ള വരുമാനം മുൻകൂട്ടി കണക്കുകൂട്ടിയാലും, ലഭിക്കാത്തതോ കുറയുന്നതോ ആയ സാഹചര്യം ഉണ്ടാകുന്നുണ്ടെന്നും അത് ബഡ്ജറ്റിംഗ് പ്രക്രിയയെ സാരമായി ബാധിക്കുന്നുണ്ടെന്നും മുൻ കാലങ്ങളിൽ കുറേ പോരായ്മകൾ തിരുത്താൻ ശ്രമിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും സോഫ്റ്റ്വെയറിന്റെ സഹായത്തോടെ വലിയ രീതിയിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതി മുൻപാകെ വിശദമാക്കി.

12. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ ലഭിക്കുമെന്ന് കണക്കാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സംസ്ഥാനത്തെ യു.എൽ.ബി.-കളുടെ ഫണ്ട് വിനിയോഗത്തിന്റെ വ്യാപ്തി 60 ശതമാനത്തിൽ താഴെയും എ.ജി. പരിശോധന നടത്തിയ യു.എൽ.ബി.-കളുടെ ഫണ്ട് വിനിയോഗത്തിന്റെ വ്യാപ്തി ഏതാണ്ട് 32% മുതൽ 45% വരെയുമാണെന്നാണ് രേഖകൾ പ്രകാരം ബോധ്യമായതെന്നും ഫണ്ട് വരാനുണ്ടാകുന്ന കാലതാമസം മാത്രമല്ല ചെലവ് വളരെ കുറയാൻ കാരണമെന്ന് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

13. ഒരു വർഷം മാർച്ചിലാണ് ഫണ്ട് ലഭിക്കുന്നതെങ്കിലും ടി ഫണ്ട് അടുത്ത വർഷവും ഉണ്ടാകുമെന്ന് കണക്കാക്കിയാണ് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടിയിരുന്നതെന്നും എല്ലാവർഷവും എഴുതികൊണ്ടാണ് ഇത്തരം വ്യത്യാസം വരുന്നതെന്ന് പരിശോധിക്കേണ്ടതാണെന്നും എ.ജി. ഓഫീസ് സീനിയർ ഓഡിറ്റ് ഓഫീസർ, സമിതിയിൽ ആവശ്യപ്പെട്ടു.

14. അർഹമായ ഫണ്ട് ലഭിക്കാത്ത സാഹചര്യം കൂടി റിപ്പോർട്ടിന്റെ ചില ഖണ്ഡികകളിൽ എ.ജി. പരാമർശിക്കുന്നുണ്ടെന്നും മാർച്ച് 31-ന് മുമ്പായി ലഭിക്കുമെന്ന്

കണക്കുകൂട്ടിയ തുക ലഭിക്കാത്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെന്നും മാർച്ച് 31 വരെ നിർവഹിക്കുന്ന ചില പദ്ധതികളുടെ ബിൽ അതേ സാമ്പത്തിക വർഷം മാറാൻ കഴിഞ്ഞെന്ന് വരില്ലെന്നും ട്രഷറി നിയന്ത്രണവും സാമ്പത്തികമായ മറ്റ് നിയന്ത്രണങ്ങളുമൊക്കെ കാരണമാകാമെന്നും പ്രസ്തുത തുക പൂർണ്ണമായും പിന്നീട് ലഭിക്കണമെന്ന് നിർബന്ധമില്ലെന്നും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് നോക്കിയാൽ കോടികളുടെ കുടിശ്ശിക ലഭിക്കാനുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്നും കേന്ദ്രം നിർദ്ദേശിക്കുന്ന പല നിബന്ധനകളും പാലിക്കാൻ പലപ്പോഴും കഴിയണമെന്നില്ലെന്നും വലിയൊരു തുക മാർച്ച് 31-ന് മുമ്പ് ലഭിക്കുമെന്ന് കണക്കാക്കി ബഡ്ജറ്റ് തയ്യാറാക്കിയാലും പ്രസ്തുത ഫണ്ട് നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടെന്നും കുറച്ച് കാലമായി വസ്തു നികുതി പരിഷ്കരണം നടക്കാത്ത അവസ്ഥയായിരുന്നെന്നും 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും ഓരോ വർഷവും അഞ്ച് ശതമാനം വീതം നികുതി വർദ്ധനവ് വരുത്തി വസ്തുനികുതി സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടെന്നും പുതിയ കെട്ടിടങ്ങളുടെ കാര്യത്തിൽ സർക്കാർ വിശദമായ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും അതിൽ മേഖല തിരിച്ച് കെട്ടിടത്തിന്റെ പഴക്കം, നിർമ്മാണരീതി, ടൈൽസ്, സീലിംഗ് തുടങ്ങി കുറേ വിഭാഗങ്ങൾ പരിഗണിച്ചിരുന്നുവെന്നും അവ പുനർനിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത പ്രക്രിയയുടെ അന്തിമ ഘട്ടത്തിലാണെന്നും പ്രാഥമികമായി കണക്കെടുത്തപ്പോൾ മുൻവർഷം നികുതി വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും നടപ്പുവർഷം കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

15. കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നും കേന്ദ്ര ഫണ്ട് ലഭിക്കാനുള്ളപ്പോഴും വരവിനകത്തുനിന്നുണ്ടായ ചെലവിന്റെ അന്തരം വളരെ വലുതാണെന്നും കേന്ദ്ര ഫണ്ട് ലഭിക്കാത്തതുകൊണ്ടല്ല അനുവദിക്കപ്പെട്ട തുക പൂർണ്ണമായും ചെലവഴിക്കുന്നില്ലെന്നുള്ളതാണ് പ്രശ്നമെന്നും വിലയിരുത്തിയ സമിതി അന്തരം കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് ആരാഞ്ഞു.

16. ഏറ്റെടുത്ത പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രാദേശികവും നിയമപരവുമായ തടസ്സങ്ങൾമൂലം നടപ്പിലാക്കാനും കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച തുകകൾ ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതി സ്വാഭാവികമായി വരുന്നതാണെന്നും ബഡ്ജറ്റിലെ കണക്ക് പലപ്പോഴും പെരുപ്പിച്ച് വയ്ക്കുന്നതാണെന്നും മുനിസിപ്പാലിറ്റി നിയമപ്രകാരം 5 ശതമാനം വർദ്ധനവ് നിർബന്ധമായും കാണിക്കണമെന്ന് പരാമർശിച്ചിട്ടുണ്ടെന്നും മുനിസിപ്പാലിറ്റിക്ക് കമ്മി ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിക്കാത്തതിനാൽ സ്വാഭാവികമായും മിച്ച ബഡ്ജറ്റാണ് അവതരിപ്പിക്കുന്നതെന്നും പദ്ധതികൾക്കായി നീക്കിവച്ച തുകകൾ പല കാരണങ്ങൾ കൊണ്ട് സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും ഇതിനൊരു മാറ്റമുണ്ടാക്കാനായി വകുപ്പുകളുടെ കൂട്ടായ ശ്രമം നടത്തുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ നടപ്പുവർഷത്തെ പദ്ധതി അടങ്കൽ 7500 കോടി രൂപയാണെന്നും നിലവിലെ കണക്കനുസരിച്ച് 25 ശതമാനത്തോളം ഫണ്ട് മാത്രമെ ചെലവഴിക്കപ്പെട്ടിട്ടുള്ളെന്നും അതിന് പല കാരണങ്ങളുണ്ടെന്നും പദ്ധതി ഭേദഗതി വരുത്താൻ സർക്കാർ അനുമതി കൊടുക്കുകയും നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ മാറ്റി പുതിയ പദ്ധതികൾ കൊണ്ടുവരികയും ചെയ്യുന്നുണ്ടെന്നും മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പുതിയ പദ്ധതികൾ ആവശ്യത്തിന് ഏറ്റെടുക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടെന്നും പദ്ധതി നിർവഹണത്തിന് തടസ്സങ്ങൾ നേരിടുകയും കാലതാമസം ഉണ്ടാകുകയും ചെയ്യുന്നുണ്ടെങ്കിലും കുറേ മാറ്റങ്ങൾ സമീപകാലത്ത് ഉണ്ടായിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ അഡീഷണൽ ഡയറക്ടറും ടി വിഷയത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മേൽനോട്ടവും നിയന്ത്രണവും ഉണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും മറുപടി നല്കി.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾ 90 ശതമാനത്തിന് മുകളിൽ ഫണ്ട് ചെലവഴിക്കുമ്പോൾ നഗര തദ്ദേശ സ്ഥാപനങ്ങൾ 73-75 ശതമാനം ഫണ്ട് മാത്രമാണ് കാലാകാലങ്ങളായി ചെലവഴിക്കുന്നത് എന്നും ഇക്കാര്യം കൂടുതൽ ശ്രദ്ധിക്കാമെന്നും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ് സമിതിക്ക് ഉറപ്പ് നൽക്. പദ്ധതി നിർവഹണത്തിൽ ഫണ്ട് ചെലവഴിക്കുന്നതിൽ നിലവിൽ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും 73-75% നിരക്കിലാണ് പദ്ധതി ചെലവെന്നും കുറച്കൂടി ശ്രദ്ധിച്ചാൽ പദ്ധതി നിർവഹണത്തിൽ ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളുടെ അതേ നിരക്കിൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്കും ചെലവഴിക്കാൻ സാധിക്കുന്നതാണെന്നും സി.സി.യിലും കോ-ഓർഡിനേഷൻ കമ്മിറ്റിയിലും നല്ല രീതിയിൽ ഇത് സംബന്ധിച്ച് അവലോകനം നടക്കുന്നുണ്ടെന്നും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ് വ്യക്തമാക്ക്.

18. പ്ലാനിംഗ് ബോർഡ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ നഗരസഭകൾക്ക് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന്, പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഗ്രാമീണ, നഗര സ്ഥാപനങ്ങൾക്ക് പൊതുമാനദണ്ഡമാണ് നൽകിയിട്ടുള്ളതെന്നും 13-ാം പദ്ധതികാലത്ത് ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായെന്നും 14-ാം പദ്ധതികാലത്ത് നഗരവൽക്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിന് ഇളവുകളോടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചതിനാൽ സാങ്കേതികമായി നടപ്പിലാക്കാൻ കഴിയാത്ത വിഷയമൊന്നുമില്ലെന്നും വളരെ ഗൗരവമായി നഗരകാര്യ വിഷയങ്ങൾ പരിഹരിച്ച് പോകണമെന്ന് തന്നെയാണ് പ്ലാനിംഗ് ബോർഡ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് വ്യക്തമാക്കി.

19. എല്ലാ മാസവും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജോയിന്റ് ഡയറക്ടർ, സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് നല്ല രീതിയിൽ അവലോകന യോഗം നടത്തുന്നുണ്ടെന്നും ഖര/ദ്രവ മാലിന്യ പ്ലാന്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ശക്തമായ പ്രതിഷേധം പലഭാഗത്തുനിന്നും വരുന്നതുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നും ഏറ്റെടുത്ത പല പദ്ധതികളും നടപ്പിലാക്കുന്നതിന്

ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വരുന്നുണ്ടെന്നും ടി വിഷയവും എല്ലാ മാസവും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും കേ:-ഓർഡിനേറ്റേഴ്സിനെ ചുമതലപ്പെടുത്തി ജില്ലാതലത്തിലും അവലോകനം നടത്തുന്നുണ്ടെന്നും ഇപ്രകാരം മാത്രമെ മാറ്റം വരുത്താൻ സാധിക്കുകയുള്ളുവെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ വിശദമാക്കുകയും ഇക്കാര്യം വകുപ്പ് വിശദമായി വിശകലനം ചെയ്യണമെന്ന് സി.&എ.ജി. ഓഫീസ് സീനിയർ ഓഡിറ്റ് ഓഫീസർ നിർദ്ദേശിക്കുകയും ചെയ്തു.

20. നഗരവത്കരണത്തിന് കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ടെന്നും അതിന്റെ നോഡൽ പോയിന്റ് നഗരകാര്യ ഡയറക്ടറാണെന്നും പദ്ധതിയുടെ അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടത് ജോയിന്റ് പ്ലാനിംഗ് കമ്മിറ്റികളാണെന്നും പ്രസ്തുത കമ്മിറ്റികളെ നിലനിർത്തി മുന്നോട്ട് പോയില്ലെങ്കിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കുറയുമെന്നും ചെലവിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് നൽകുന്നതെന്നും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ് ബോധിപ്പിച്ചു.

21. പ്രസ്തുത വിഷയം വകുപ്പ് ചർച്ച ചെയ്തതാണെന്നും മലപ്പുറം ഉൾപ്പെടെയുള്ള ആറ് കോർപ്പറേഷനുകളുടെ നഗരവത്കരണവുമായി ബന്ധപ്പെട്ട ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച് പരിശോധന നടത്തിയപ്പോൾ 40% മാത്രമാണ് ചെലവഴിച്ചതായി കാണുന്നതെന്നും അവലോകനം എല്ലാമാസവും ഇക്കാര്യത്തിൽ നടത്തുന്നുണ്ടെന്നും ഇക്കാര്യത്തിൽ മാറ്റം ഉണ്ടായിട്ടുണ്ടാകുമെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

22. പ്രാദേശികവും നിയമപരവുമായ തടസ്സങ്ങൾ കാരണം പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനോ ഫണ്ടുകൾ യഥാവിധി ചെലവഴിക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി, സർക്കാർ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുമെന്ന് വിലയിരുത്തി.

23. ആരോഗ്യം, വിദ്യാഭ്യാസം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ ഫണ്ടുകൾ യഥാവിധി വിനിയോഗിക്കാൻ സാധ്യമായാൽ മാത്രമേ ഗുണമേന്മയുള്ള

സേവനങ്ങൾ ജനങ്ങൾക്ക് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുകയുള്ളുവെന്ന് ചൂണ്ടിക്കാണിച്ച സമിതി, സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെയും, ദീർഘവീക്ഷണത്തോടെയും യഥാവിധി ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ബഡ്ജറ്റ് മാന്വൽ തയ്യാറാക്കാത്തത്

യു.എൽ.ബി.കളിൽ ബഡ്ജറ്റ് തയ്യാറാക്കുന്ന നടപടിക്രമങ്ങൾ കെ.എം. ആക്ട്, 1994-ലെ 285 മുതൽ 293 വരെയുള്ള വകുപ്പുകൾ നിഷ്കർഷിക്കുന്നു. വരവുകളുടെയും ചെലവുകളുടെയും എസ്റ്റിമേറ്റിനെ സംബന്ധിച്ച കാര്യങ്ങളിൽ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരത്തെക്കുറിച്ച് കെ.എം. ആക്ടിലെ 565-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പങ്കാളിത്ത ആസൂത്രണത്തിനും, ബഡ്ജറ്റ് പ്രക്രിയയ്ക്കും പര്യാപ്തമായ വ്യവസ്ഥകളോടെ ബഡ്ജറ്റ് ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കണമെന്നും ചട്ടങ്ങൾ സുതാര്യതയെക്കുറിച്ചുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണമെന്നും, ബഡ്ജറ്റിന്റെ സത്യസന്ധതയും പവിത്രതയും, പ്രത്യേകിച്ച് വരവുകൾ മുൻകൂട്ടി കാണുന്നതും ചെലവുകൾ കണക്കാക്കുന്നതുമായി ബന്ധപ്പെട്ടത് ഉറപ്പുവരുത്തണമെന്നും നാലാം എസ്.എഫ്.സി. ശിപാർശ ചെയ്തിരുന്നു (2011 മാർച്ച്). മതിയായ ഉദാഹരണങ്ങളോടെ ലളിതമായ രീതിയിൽ വിശദമായ വിവരങ്ങളോടെ ബഡ്ജറ്റ് ചട്ടങ്ങൾ വിപുലീകരിക്കുകയും ബഡ്ജറ്റ് മാന്വൽ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതുമാണ്. ഇതിൽ പുനർവിനിയോഗത്തിനും വിനിയോഗ നിയന്ത്രണത്തെ സഹായിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദീകരിക്കണം. നടപടി റിപ്പോർട്ടിൽ (2011-12) സർക്കാർ മുകളിൽപ്പറഞ്ഞ ശിപാർശകൾ അംഗീകരിക്കുകയും ആവശ്യമായ നടപടികൾ എടുക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തെങ്കിലും സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾക്കായി ഇതുവരെയും ബഡ്ജറ്റ് മാന്വൽ തയ്യാറാക്കിയിട്ടില്ല. ബഡ്ജറ്റ് മാന്വൽ തയ്യാറാക്കാത്തത് സാമ്പത്തിക മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ നിഷ്കർഷയില്ലായ്മയ്ക്കും യഥാർത്ഥമല്ലാത്ത വരവുകളും ചെലവുകളും തദ്ദേശസ്ഥാപനങ്ങൾ കണക്കാക്കുന്നതിനും വഴിയൊരുക്കും. മുകളിൽ പറഞ്ഞ ശിപാർശകൾ

നടപ്പാക്കുകയാണെങ്കിൽ യു.എൽ.ബി.-കൾക്ക് സാമ്പത്തിക അക്കൗണ്ടിംഗ് ഏകീകരിക്കുവാനും തദ്ദേശഭരണത്തിന് വിശ്വസനീയമായ ഒരു സാമ്പത്തിക റിപ്പോർട്ടിംഗ് സമ്പ്രദായം സാദ്ധ്യമാക്കുവാനും കഴിയും.

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 4.1.5]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. പ്രസ്തുത പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് ബഡ്ജറ്റ് മാന്വൽ തയ്യാറാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

25. ബഡ്ജറ്റ് മാന്വൽ തയ്യാറാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

യു.എൽ.ബി.-കളുടെ വരവുകൾ

യു.എൽ.ബി.കൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നത് അവർക്ക് ആവശ്യമായ ധനവിഭവങ്ങൾ ലഭ്യമാകുമ്പോൾ മാത്രമാണ്. ധനവിഭവങ്ങൾ ലഭ്യമാകുന്നത് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നടപ്പിലാക്കിയ ധനകൈമാറ്റങ്ങളിലൂടെയും, സംസ്ഥാന കേന്ദ്ര ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളുടെ അനുവർത്തനത്തിലൂടെയും, ചെലവിന്റെ ആവശ്യമനുസരിച്ച് തനതുവരുമാന സ്രോതസ്സുകളെ കൂടുതലായി പ്രാപിക്കുന്നതിലൂടെയും ആണ്. യു.എൽ.ബി.കളുടെ വരവുകൾ വരുന്ന വഴികൾ വിശകലനം ചെയ്യാൻ ഓഡിറ്റ് ശ്രമിക്കുകയുണ്ടായി. അവ താഴെ അവതരിപ്പിച്ചിരിക്കുന്നു.

യു.എൽ.ബി.കളുടെ വരവുകളുടെ സ്രോതസ്സ്

യു.എൽ.ബി.കളുടെ പ്രധാന വരുമാനസ്രോതസ്സുകൾ എസ്.എഫ്.സി. ശിപാർശകൾ പ്രകാരം കൈമാറ്റം ചെയ്യുന്ന ധനസഹായങ്ങളും, നികുതി, നികുതിയേതര വരുമാനങ്ങളും മറ്റ് വരുമാനങ്ങളും[2] ഉൾക്കൊള്ളുന്ന തനതുവരുമാനവും ആകുന്നു. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യു.എൽ.ബി.കളുടെ വരവുകളുടെ വിശദവിവരങ്ങൾ പട്ടികയിൽ കാണിച്ചിരിക്കുന്നു.

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ യു.എൽ.ബി.കളുടെ വരവുകളുടെ വിശദവിവരം

(₹ കോടിയിൽ)

വർഷം	ധനകാര്യകമ്മീഷൻ ധനസഹായം		തനതു വരുമാനം	മറ്റ് വരവുകൾ	ആകെ വരവുകൾ	ആകെ വരവുമായി തനതുവരുമാനത്തിന്റെ ശതമാനം
	വികസന ഫണ്ട്	പരിപാലനവും പൊതുആവശ്യ ഫണ്ടും				
2015-16	1000.77	595.81	791.73	582.44	2970.75	26.65
2016-17	1439.05	719.93	938.37	2289.63	5386.97	17.42
2017-18	1688.28	784.65	1008.54	1716.33	5197.80	19.40
2018-19	1850.56	935.55	1149.05	2538.87	6474. 03	17.75
2019-20	1837.16	870.55	1080.08	1595.27	5383.06	20.06

(ഉറവിടം: എസ്.എഫ്.സി സെല്ലിൽ നിന്ന് ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വിവരങ്ങൾ, ഐ.കെ.എം ലഭ്യമാക്കിയ തനതു വരുമാനത്തിന്റെ സംഖ്യ, എജി (എ & ഇ) ഓഫീസിലെ വി.എൽ.സി സെല്ലിൽ നിന്നും മറ്റ് ഓഫീസുകളിൽ നിന്നും ലഭിച്ച മറ്റു വരുമാനത്തിന്റെ സംഖ്യകൾ)

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ യു.എൽ.ബി.കളിലെ ആകെ വരുമാനവുമായി തനതുവരുമാനത്തിന്റെ വിഹിതം 17.42 മുതൽ 26.65 ശതമാനം വരെ ആയിരുന്നു. ഇത് സൂചിപ്പിക്കുന്നത് യു.എൽ.ബി.കളുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര ആവശ്യത്തെയാണ്.

2 കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള ഫണ്ടുകൾ

[കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 4.2, 4.2.1]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. തനതുവരുമാനം വർദ്ധിപ്പിക്കാൻ യു.എൽ.ബി.-കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും അഞ്ച് ശതമാനം വീതം വസ്തുനികുതി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പുതിയ കെട്ടിടങ്ങൾക്ക് പരിഷ്കരിച്ച നികുതി ചുമത്തിയതിൽ വലിയ അന്തരമുണ്ടെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

27. കെട്ടിട നിർമ്മാണത്തിലെ അപാകത കാരണം കെട്ടിട നമ്പർ നൽകാത്ത വിഷയത്തിൽ അദാലത്ത് നടത്തിയതിന് ശേഷവും പരിഹരിക്കാത്ത കേസുകൾ നിലവിലുണ്ടോയെന്ന് സമിതി അംഗം ആരാഞ്ഞതിന്, വളരെയേറെ പരാതികൾ അദാലത്തുകളിൽ വരുന്നുണ്ടെന്നും പരിഹരിക്കാൻ കഴിയുന്ന കേസ്സുകളിൽ നമ്പർ കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു.

28. ബിൽഡിംഗ് പ്ലാനിൽ കാണിച്ച പ്രകാരം പാർക്കിംഗിന് സ്ഥലം വിടാത്ത കേസുകളിൽ പിഴ ഈടാക്കിക്കൊണ്ട് കെട്ടിട നമ്പർ അനുവദിക്കാനുള്ള വ്യവസ്ഥ നിലവിലുണ്ടോയെന്ന് സമിതി അംഗം ആരാഞ്ഞതിന്, നിശ്ചിത കാലത്തിന് മുമ്പ് നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾ ഫീസ് ഈടാക്കി ക്രമവത്കരിക്കാനുള്ള സർക്കാർ ഉത്തരവ് പ്രകാരം ധാരാളം അപേക്ഷകൾ ലഭിക്കുകയും അവയിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് കുറച്ച് അപേക്ഷകളിൽ കൂടി നടപടി സ്വീകരിക്കാനുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ

ഡയറക്ടർ സമിതിയെ അറിയിക്കുകയും ആയത് പരിശോധിക്കാമെന്ന് സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തു.

29. അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം തുടർന്നും പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ സാധിക്കുമോയെന്നും ഉത്തരവിൽ പ്രത്യേക കാലാവധി പരാമർശിച്ചിട്ടുണ്ടോയെന്നും സമിതി അംഗം ചോദിച്ചതിന് 2019 നവംബർ 17 വരെയാണ് നിലവിലെ കാലാവധിയെന്നും പുതിയ ചട്ടങ്ങൾ തയ്യാറാക്കി നിയമ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മറുപടി നൽകി. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിരവധി ഭേദഗതികൾ വന്നിട്ടുള്ളതിനാൽ 2019 നവംബർ 17 വരെയുള്ള നിർമ്മാണങ്ങൾ ക്രമവത്കരിക്കാൻ പ്രസ്തുത ചട്ട പ്രകാരം സാധിക്കുമെന്നും അതിനുശേഷം സർക്കാർ വിശദമായി പരിശോധിച്ച് കാലാകാലങ്ങളിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ കൂട്ടിച്ചേർത്തു.

30. പാർക്കിംഗ് സ്ഥലം വിടാതെയുള്ള നിർമ്മിതിയുടെ വിഷയത്തിൽ ഫീസ് വാങ്ങി ക്രമവത്കരിക്കാൻ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ വ്യവസ്ഥയുണ്ടെങ്കിലും 3 മീറ്റർ സെറ്റ് ബാക്ക് ക്രമവത്കരിക്കാൻ സാധിക്കില്ലെന്നും ഗ്രാമപ്രദേശങ്ങളിലെ ചെറിയ വീട്, കട തുടങ്ങിയവ മൂന്ന് മീറ്റർ സെറ്റ് ബാക്ക് പ്രശ്നം കാരണം ക്രമവത്കരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും അത്തരം സന്ദർഭങ്ങളിൽ റോഡ് നിർമ്മാണത്തിന് നഷ്ടപരിഹാരം സർക്കാരിൽ നിന്ന് ആവശ്യപ്പെടാതെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് സമ്മതമാണെന്ന സത്യവാങ്മൂലം എഴുതി വാങ്ങിച്ചുകൊണ്ട് ക്രമവത്കരിച്ച് നൽകാമെന്ന വ്യവസ്ഥ കൂടി ഉത്തരവിന്റെ ഭാഗമായി പുറപ്പെടുവിക്കണമെന്ന നിർദ്ദേശമുണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ ക്രമവത്കരിച്ചില്ലെങ്കിൽ ലൈസൻസ് നൽകാൻ സാധിക്കില്ലെന്നും അതുവഴിയുള്ള വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമാകുമെന്നും ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ വിശദമാക്കി.

31. 5 സെന്റ് കൈവശമുള്ള വ്യക്തിയിൽ നിന്നും 3 സെന്റ് സ്ഥലം റോഡിനുവേണ്ടി ഏറ്റെടുത്തിട്ടുണ്ടെങ്കിൽ മേൽ സൂചിപ്പിച്ച ഉപാധിയോടുകൂടി ക്രമവത്കരിക്കാനുള്ള നടപടി

സ്വീകരിക്കുവാൻ സാധിക്കുമോയെന്നുള്ള സമിതി അംഗത്തിന്റെ തുടർ ചോദ്യത്തിന്, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വികസനാവശ്യങ്ങൾക്കുവേണ്ടി സ്ഥലം വിട്ടുകൊടുക്കുകയാണെങ്കിൽ അതിനാനുപാതികമായി നഷ്ടപരിഹാരം ലഭിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

32. കഴക്കൂട്ടം ഹൈവേ റോഡിനായി സ്ഥലം ഏറ്റെടുത്തതിന്റെ ഭാഗമായി സ്ഥലം നഷ്ടപ്പെട്ട ആളുകളിൽ നിന്ന് ധാരാളം അപേക്ഷകൾ ലഭിച്ചിരുന്നെങ്കിലും കുറച്ച് അപേക്ഷകൾക്ക് മാത്രമെ പരിഹാരമുണ്ടായുള്ളൂ എന്നും സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള വരുമാന നഷ്ടത്തിന് പുറമേ അവിടുത്തെ സാധാരണ ജനങ്ങളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാവുക കൂടിയാണ് ഉണ്ടായതെന്നും വരുമാന വർദ്ധനവിൽ പ്രധാനപ്പെട്ട ഘടകവും ഉപജീവനത്തിന്റെ മാർഗ്ഗവുമായിട്ടുള്ള ഇത്തരം വിഷയങ്ങളിൽ പൊതുമാനദണ്ഡം സൃഷ്ടിക്കുന്നതിന് ചട്ടങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടതിന് ഇക്കാര്യം പരിശോധിക്കാമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

നിഗമനങ്ങൾ/ശിപാർശകൾ

33. തനതുവരുമാനം വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നഗര തദ്ദേശസ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക കൈമാറ്റങ്ങൾ

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സാമ്പത്തിക കൈമാറ്റങ്ങളിലൂടെ ഗണ്യമായ അളവിൽ ഫണ്ടുകൾ യു.എൽ.ബി.-കൾക്ക് ലഭ്യമാക്കുന്നുണ്ട്. ധനകാര്യ കമ്മീഷൻ ധനസഹായങ്ങൾ[3], കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം, യു.എൽ.ബി.-കൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള പദ്ധതികൾക്കും/ചുമതലകൾക്കും

3. കേന്ദ്ര ധനകാര്യ കമ്മീഷൻ ധനസഹായം, വികസനഫണ്ട്, പരിപാലന ഫണ്ടും പൊതു ആവശ്യഫണ്ടും ഉൾപ്പെടെ

ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മൊത്തം ധനസഹായങ്ങൾ[4] എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യു.എൽ.ബി.-കളുടെ വരവുകളുടെ മുഖ്യമായ പങ്ക് (73.35 മുതൽ 82.58 ശതമാനം വരെ) സർക്കാരിൽ നിന്നുള്ള സാമ്പത്തിക കൈമാറ്റങ്ങൾ ആയിരുന്നു.

എ. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ധനസഹായം

യു.എൽ.ബി.-കളുടെ സാമ്പത്തിക വിഭവങ്ങളുടെ മുഖ്യപങ്ക് എസ്.എഫ്.സി. ശിപാർശ ചെയ്ത ധനസഹായങ്ങൾ ആണ്. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം നൽകേണ്ട ഫണ്ടുകളും യഥാർത്ഥത്തിൽ യു.എൽ.ബി.-കൾക്ക് നൽകിയ ഫണ്ടുകളുടെയും വിശദവിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

2015-16 മുതൽ 2019-20 വരെ എസ്.എഫ്.സി.ക്ക് കീഴിൽ നൽകേണ്ടതും നൽകിയതും ആയ ധനസഹായത്തിന്റെ വിശദവിവരങ്ങൾ

(₹ കോടിയിൽ)

വർഷം	സംസ്ഥാന സർക്കാർ അംഗീകരിച്ച എസ്.എഫ്.സി. വകയിരുത്തൽ	ബഡ്ജറ്റ് അനുബന്ധം IV-ലെ യഥാർത്ഥ വകയിരുത്തൽ	കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിൽ നിന്ന് യഥാർത്ഥത്തിൽ നൽകിയത്	കുറവ് (-)/ അധികം (+) നൽകിയത്	കുറവ് (-)/ അധികം (+) നൽകിയതിന്റെ ശതമാനം
2015-16 (4-ാം എസ്.എഫ്.സി.)	1438.07	1438.07	1939.04	(+)500.97	(+)34.84
2016-17 (5-ാം എസ്.എഫ്.സി.)	2250.33	2250.33	2222.50	(-)27.83	(-)1.24
2017-18	2306.16	2306.16	2473.00	(+)166.84	(+)7.23
2018-19	2554.85	2554.85	2786.13	(+)231.28	(+)9.05
2019-20	2827.72	2827.72	2707.71	(-)120.01	(-)4.24

(ഉറവിടം: എസ്.എഫ്.സി സെൽ നൽകിയ വിവരങ്ങൾ)

4. വകുപ്പുകളുടെ ബന്ധപ്പെട്ട നിർവ്വഹണം, മേജർ-സബ്മേജർ ശീർഷകങ്ങൾക്ക് കീഴിൽ പ്രത്യേക ഉപശീർഷകങ്ങൾക്ക് കീഴിൽ 191 മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം, 192 മുനിസിപ്പാലിറ്റികൾക്കും/ മുനിസിപ്പൽ കൗൺസിലുകൾക്കും ഉള്ള ധനസഹായം എന്ന മൈനർ ശിർഷകത്തിന് മുന്നിൽ കാണിച്ചിരിക്കുന്നത്.

എസ്.എഫ്.സി.ക്ക് കീഴിൽ യു.എൽ.ബി.-കൾക്ക് നൽകിയ ഫണ്ടുകൾ 2016-17-ലും 2019-20-ലും നിർബന്ധിതമായ കൈമാറ്റം ചെയ്യപ്പെടേണ്ടതിനേക്കാൾ യഥാക്രമം 1.24 ശതമാനവും 4.24 ശതമാനവും കുറവായിരുന്നു. എന്നാൽ, ബാക്കിയുള്ള മൂന്ന് വർഷവും ഫണ്ട് വിതരണത്തിൽ 7.23 ശതമാനം (2017-18) മുതൽ 34.84 ശതമാനം (2015-16) വരെ വ്യത്യാസത്തിൽ അധികം നൽകിയിരുന്നു എന്ന് വ്യക്തമാണ്. തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാന ധനകാര്യകമ്മീഷൻ മുഖാന്തിരമുള്ള ധനസഹായത്തിന്റെ മുഖ്യ പങ്കാണ് ഇത് സൂചിപ്പിക്കുന്നത്.

ബി. കേന്ദ്ര ധനകാര്യകമ്മീഷൻ ധനസഹായം

അതാത് എസ്.എഫ്.സി.കളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളുടെ വിഭവങ്ങൾക്ക് അനുബന്ധമായി സംസ്ഥാന സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര ധനകാര്യകമ്മീഷൻ (സി.എഫ്.സി) ശിപാർശ ചെയ്യണമെന്ന് ഭരണഘടനയുടെ അനുഛേദം 280(3)(സി) അനുശാസിക്കുന്നു. യു.എൽ.ബി.-കൾക്ക് ബേസിക് ഗ്രാന്റുകളും പെർഫോമൻസ് ഗ്രാന്റുകളും നൽകണമെന്ന് 14-ാം സി.എഫ്.സി. ശിപാർശ ചെയ്തിരുന്നു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ യു.എൽ.ബി.-കൾക്ക് ലഭിച്ച 14-ാം സി.എഫ്.സി. ധനസഹായങ്ങളുടെ വിശദവിവരം ചുവടെ കൊടുത്തിരിക്കുന്നു.

2015-20 കാലയളവിൽ സംസ്ഥാനത്തെ യു.എൽ.ബി.-കൾക്ക് ലഭിച്ച 14-ാം സി.എഫ്.സി. ധനസഹായങ്ങളുടെ വിശദവിവരം

(₹ കോടിയിൽ)

വർഷം	ജനറൽ ബേസിക് ഗ്രാന്റുകൾ			പെർഫോമൻസ് ഗ്രാന്റുകൾ		
	കേന്ദ്ര സർക്കാർ വകയിരുത്തിയത്	കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയത്	സംസ്ഥാനം യു.എൽ.ബി.-കൾക്ക് നൽകിയത്	കേന്ദ്ര സർക്കാർ വകയിരുത്തിയത്	കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയത്	സംസ്ഥാനം യു.എൽ.ബി.-കൾക്ക് നൽകിയത്
2015-16	351.66	351.66	316.49	0.00	0.00	0.00
2016-17	486.94	486.94	510.84	143.71	143.71	143.71

2017-18	562.61	562.61	562.61	162.63	162.63	193.82
2018-19	650.84	650.84	650.84	184.69	0.00	184.69
2019-20	879.42	879.42	879.42	241.83	0.00	0.00
ആകെ	2931.47	2931.47	2920.20	732.86	306.34	522.22

(i) പതിനാലാം ധനകാര്യകമ്മീഷൻ 2015-20 കാലയളവിലേക്ക് ആകെ വകയിരുത്തലായി ₹2931.47 കോടി ബേസിക് ഗ്രാന്റുകൾക്ക്[5] കീഴിലും ₹732.86 കോടി പെർഫോമൻസ് ഗ്രാന്റുകൾക്ക്[6] കീഴിലും ശിപാർശ ചെയ്തിരുന്നു. ഈ കാലയളവിലേക്ക് അനുവദിച്ച ബേസിക് ഗ്രാന്റിൽ ₹2920.20 കോടി സംസ്ഥാന സർക്കാർ യു.എൽ.ബി.-കൾക്ക് നൽകി. കേന്ദ്ര സർക്കാർ നൽകിയ ₹306.34 കോടിയുടെ പെർഫോമൻസ് ഗ്രാന്റിനെതിരെ സംസ്ഥാന സർക്കാർ ₹522.22 കോടി യു.എൽ.ബി.-കൾക്ക് നൽകി. ഇത് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച തുകയെക്കാൾ കൂടുതലായിരുന്നു[7]. 14-ാം കേന്ദ്ര ധനകാര്യകമ്മീഷന്റെ പെർഫോമൻസ് ഗ്രാന്റ് സ്കീം അനുസരിച്ച് ഒരു യു.എൽ.ബി.ക്ക് മൂന്ന് മാനദണ്ഡങ്ങളിൽ നിന്നായി 60-ഓ അതിൽ കൂടുതലോ മാർക്ക് ലഭിച്ചാൽ, അതായത്, വാർഷിക കണക്കുകളുടെ ഓഡിറ്റ് (വെയിറ്റേജ് 10), തനത് വരുമാന സ്രോതസ്സുകളുടെ വർദ്ധനവ് (വെയിറ്റേജ് 40), സേവനതല അളവുകോലുകൾ പ്രസിദ്ധപ്പെടുത്തുന്നത് (വെയിറ്റേജ് 50), അത് പെർഫോമൻസ് ഗ്രാന്റിന് അർഹത നേടും.

പെർഫോമൻസ് ഗ്രാന്റിന് അർഹരായ യു.എൽ.ബി.-കളുടെ പട്ടിക, 2016-17-ലെയും 2017-18-ലെയും വിനിയോഗ സാക്ഷ്യപത്രങ്ങളോടൊപ്പം കേരളസർക്കാർ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന് (എം.ഒ.എച്ച്.യു.എ) അയച്ചുകൊടുത്തു (2018 നവംബർ). 2018-19-നും 2019-20-നുമുള്ള പെർഫോമൻസ്

---

5. ജലവിതരണം, മലവിസർജ്ജന സംസ്കരണം ഉൾപ്പെടെയുള്ള ശുചീകരണം, സീവറേജും, ഖരമാലിന്യ സംസ്കരണവും മഴവെള്ളം ഒഴുക്കിവിടൽ, സമൂഹ ആസ്തികളുടെ പരിപാലനം, റോഡുകൾ, നടപ്പാതകൾ, തെരുവ് വിളക്ക് എന്നിവയുടെ പരിപാലനവും, ശ്മശാനവും ശവസംസ്കാര സ്ഥലങ്ങളും എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന പൗര സേവനങ്ങളുടെ നിലമെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ബേസിക് ഗ്രാന്റുകൾ.

6. പെർഫോമൻസ് ഗ്രാന്റുകൾ നൽകുന്നത് ഈ പറയുന്ന കാര്യങ്ങൾ നിറവേറ്റുവാനാകുന്നു (1) ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളിലൂടെ തദ്ദേശസ്ഥാപനങ്ങളുടെ വരവുകളുടെയും ചിലവുകളുടെയും വിശ്വസനീയമായ ഡേറ്റ ലഭ്യമാക്കുക (2) തനത് വരവുകൾ മെച്ചപ്പെടുത്തുക

7. പുതിയ മുനിസിപ്പാലിറ്റികളുടെ രൂപീകരണവും തൽഫലമായി അപ്ഗ്രേഡ് ചെയ്ത പഞ്ചായത്തുകളുടെ ഫണ്ടുകളുടെ കൈമാറ്റവും മൂലം

ഗ്രാന്റുകൾ കേരളത്തിന് നൽകാൻ ശിപാർശ ചെയ്യപ്പെട്ടെങ്കിലും[8], ഇത് കേന്ദ്രസർക്കാർ ധനമന്ത്രാലയത്തിന്റെ അനുമതി കാത്തിരിക്കുകയാണ്. കേരള സർക്കാർ ഈ ഫണ്ടുകൾ താമസം കൂടാതെ നൽകുവാൻ അഭ്യർത്ഥിച്ചുവെങ്കിലും (2020 ഒക്ടോബർ), അനുകൂലമായ നടപടികളൊന്നും ഇതുവരെ എടുത്തുകണ്ടില്ല. ഈ അഭ്യർത്ഥനയ്ക്കുള്ള പ്രതികരണമായി എം.ഒ.എച്ച്.യു.എ.-യിൽ നിന്ന് 2022 ഫെബ്രുവരി വരെയും മറുപടിയൊന്നും ലഭിച്ചില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) വ്യക്തമാക്കി.

ഈ സഹായധനത്തിന്റെ അന്തർലീനമായ ഉദ്ദേശ്യം തന്നെ തീരുമാനം എടുക്കലിന് ആവശ്യമായ ആധികാരിക വിവരങ്ങൾ എല്ലാ തല്പരകക്ഷികൾക്കും ലഭ്യമാക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളുടെ വരവുകളെയും ചെലവിനെയും കുറിച്ചുള്ള ഡേറ്റ സമാഹരിക്കുന്നതിന് വേണ്ട നടപടി താഴെത്തട്ടിൽ തന്നെ ആരംഭിക്കുക എന്നതായിരുന്നതിനാൽ, ഈ സഹായധനം ലഭിക്കാത്തത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചേക്കാം.

(ii) സംസ്ഥാന സർക്കാർ 2014-15-ൽ ആ വർഷത്തെ പതിമൂന്നാം എഫ്.സി. സഹായധനം ആയ ₹166.39 കോടി, കേന്ദ്രസർക്കാരിൽ നിന്നും ഫണ്ടുകൾ ആ വർഷമോ അടുത്ത വർഷമോ ലഭിക്കും എന്ന പ്രതീക്ഷയോടെ, മുൻകൂറായി നൽകുകയുണ്ടായി. എന്നാൽ, പതിമൂന്നാം എഫ്.സി.യുടെ കാലാവധി 2014-15-ഓടെ കഴിഞ്ഞതിനാൽ, 2014-15 വർഷത്തെ രണ്ടാം ഗഡു കേന്ദ്രസർക്കാർ നൽകിയില്ല. തദ്ദേശസ്ഥാപനങ്ങൾക്ക് അർഹമായ സഹായധനത്തിൽ നിന്ന് ഉറവിടത്തിൽ കുറവുകൾ ഒന്നും വരുത്തരുത് എന്ന് പതിനാലാം കേന്ദ്രധനകാര്യകമ്മീഷൻ മാർഗ്ഗരേഖകളിലെ ഖണ്ഡിക 17 നിഷ്കർഷിക്കുന്നു. ഇതിന് വിരുദ്ധമായി, പതിമൂന്നാം ധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട് 2014-15-ൽ അധികമായി നൽകിയ ₹166.39 കോടി വികസനസഹായധനത്തിൽ നിന്നും 2015-16-ൽ സംസ്ഥാന സർക്കാർ തട്ടിക്കിഴിച്ചു (2016 മാർച്ച്). ഇതിൽ ₹20.44 കോടി തെരഞ്ഞെടുത്ത 21 യു.എൽ.ബി.-കളുമായി ബന്ധപ്പെട്ടതാണ്. ഈ തുക ഫലപ്രാപ്തിയുള്ള പദ്ധതി

8 കേരളത്തിലെ യു.എൽ.ബി.-കൾക്ക് 2018-19 നും 2019-20-നുമുള്ള പെർഫോമൻസ് ഗ്രാന്റുകൾ ശിപാർശ ചെയ്യപ്പെട്ടിട്ടുണ്ടെന്നും അത് ധനമന്ത്രാലയത്തിന്റെ അനുമതി കാത്തു നിൽക്കുകയാണെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് (NIUA) 2020 മാർച്ച് 17 ന് അയച്ച ഇ-മെയിലിലൂടെ കേരള സർക്കാരിനെ അറിയിച്ചു

നടപ്പാക്കലിന് വിനിയോഗിക്കുവാൻ ഈ യു.എൽ.ബി.-കളുടെ കൈവശം ഉണ്ടായിരിക്കുമായിരുന്നു. ഇതിനെക്കുറിച്ചുള്ള സർക്കാരിന്റെ മറുപടി ലഭിച്ചിട്ടില്ല (2021 ഡിസംബർ).

തദ്ദേശസ്ഥാപനങ്ങൾ ഫണ്ടുകൾ പിൻവലിക്കുന്നതിനുള്ള സമ്പ്രദായത്തിന്റെ മാറ്റം

2006 ഏപ്രിൽ 12 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗത്തിനായുള്ള ഫണ്ടുകൾ കണ്ടിൻജന്റ് ബില്ലുകൾ മുഖാന്തരം സഞ്ചിതനിധിയിൽ നിന്നും പിൻവലിക്കുന്ന രീതിയാണ് പിൻതുടർന്ന് വന്നിരുന്നത്. ഈ സമ്പ്രദായത്തിൽ, യു.എൽ.ബി.-കൾക്ക് വകയിരുത്തിയ ഫണ്ടുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനം വിനിയോഗിക്കാതെ കിടക്കുകയാണെങ്കിൽ പാഴാകും. എല്ലാ സാമ്പത്തിക വർഷത്തിലെയും മാർച്ച് 31-ന് ഫണ്ടുകൾ പാഴാക്കുന്നത് ഒഴിവാക്കാനും ട്രഷറി നിയന്ത്രണങ്ങളും ധനകാര്യവകുപ്പിൽ നിന്നുള്ള വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് പോലുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാനും ഒരു സമ്പ്രദായം കൊണ്ടുവന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്വയംഭരണം നൽകാൻ മൂന്നാം എസ്.എഫ്.സി. ശിപാർശ ചെയ്തു (2005 നവംബർ). സർക്കാർ ശിപാർശകൾ അംഗീകരിക്കുകയും 2006-07 മുതൽ പുതിയ സമ്പ്രദായം കൊണ്ടുവരുകയും ചെയ്തു. ഇതിൻ പ്രകാരം ഓരോ യു.എൽ.ബി.ക്കും കൈമാറ്റം ചെയ്യുന്ന സഹായധനം വികസന ഫണ്ട്, പരിപാലന ഫണ്ട്, പൊതുഉദ്ദേശ്യ ഫണ്ട് എന്നിവയ്ക്കായി മൂന്ന് പബ്ലിക് അക്കൗണ്ടുകളിലായി[10] ട്രഷറിയിൽ നിക്ഷേപിക്കേണ്ടതാണ്.

ഈ സമ്പ്രദായം 2015 മാർച്ചിൽ നിർത്തലാക്കുകയും[11], കണ്ടിൻജന്റ് ബില്ലുകൾ മുഖാന്തിരം സഞ്ചിതനിധിയിൽ നിന്നും പിൻവലിക്കുന്ന സമ്പ്രദായം സർക്കാർ തിരിച്ച് കൊണ്ടുവരികയും ചെയ്തു. ഇതിന് കീഴിൽ ഒരു സാമ്പത്തിക വർഷത്തെ വകയിരുത്തൽ മൂന്ന് ഗഡുക്കളായി എല്ലാവർഷവും മാർച്ച്, ജൂലൈ, നവംബർ 25-നോ അതിന് മുമ്പായോ ധനകാര്യവകുപ്പ് നൽകുന്നതാണ്. എല്ലാ വർഷവും മാർച്ച് അവസാനം

9 3604, 3054 എന്നീ മുഖ്യ ശീർഷകങ്ങളിൽ

10 8448 എന്ന മുഖ്യശീർഷകം

11 2015 മാർച്ച് 21 ലെ ജി.ഒ.(പി) നം. 119/2015/ധന. ഉം, 2015 സെപ്റ്റംബർ 19-ലെ ജി.ഒ.(പി) നം. 419/2015/ധന (കെ.എൽ.ജി.എസ്.ഡി.പി., സി.എഫ്.സി. സഹായം)-ഉം പ്രകാരം

ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾ[12] പ്രകാരം ട്രഷറി കൃവിലോട്ട് മാറ്റേണ്ടതാണ്. കൃവിലെ ബില്ലുകൾ അടുത്ത സാമ്പത്തിക വർഷം പാസ്സാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം.) നൽകിയ വിവരങ്ങൾ പ്രകാരം, മാർച്ചിന് വളരെ മുമ്പേ അതായത്, മുൻവർഷത്തെ ജൂൺ മാസത്തിൽ തന്നെ ഹാജരാക്കിയ ബില്ലുകൾപോലും ട്രഷറി കൃവിൽ നിലനിർത്തിയിരുന്നു. തൽഫലമായി തെരഞ്ഞെടുത്ത യു.എൽ.ബി.-കൾക്ക് 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ എസ്.എഫ്.സി. സഹായധനത്തിൽ നിന്നും ₹447.74 കോടി വിനിയോഗിക്കാൻ കഴിഞ്ഞില്ല.

ഇതിന് പുറമേ, എല്ലാ വർഷവും മാർച്ച് 31-ന് പിൻവലിക്കാതെ കിടക്കുന്ന വകയിരുത്തലുകൾ ട്രഷറി ഡയറക്ടർ നൽകുന്ന മൊത്തം കണക്കുകളുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷൻ/ സപ്ലിമെൻറി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ, മുൻവർഷം കൃവിൽ നിലനിർത്തിയിരുന്ന ബില്ലുകൾ പാസ്സാക്കാൻ അനുവദിച്ച് കൊണ്ടുള്ള അഡീഷണൽ ഓതറൈസേഷനുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ സൂക്ഷ്മപരിശോധന നടത്തിയതിൽ വെളിപ്പെട്ടത്, യു.എൽ.ബി.-കൾക്ക് നടപ്പുവർഷത്തെ വകയിരുത്തലിൽ നിന്നാണ് തുക അനുവദിച്ചിരുന്നത് എന്നാണ്. അങ്ങനെ, ഒരു പ്രത്യേക വർഷം കൈമാറ്റം ചെയ്ത തുക വർഷാവസാനം വിനിയോഗിക്കാതെ കിടന്നിരുന്നത് അടുത്ത വർഷം വിനിയോഗിക്കുവാനായി യു.എൽ.ബി.-കൾക്ക് ലഭ്യമാക്കിയിരുന്നില്ല.

ട്രഷറി നിയന്ത്രണങ്ങളും ഫണ്ടുകൾ പാഴാക്കുന്നതും ഒഴിവാക്കാനായി എസ്.എഫ്.സി. ശിപാർശ ചെയ്തതും, സർക്കാർ അംഗീകരിച്ചതും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചതുമായ സംവിധാനത്തിൽ നിന്ന് നേരത്തെ നിലവിലുണ്ടായിരുന്ന സംവിധാനത്തിലേക്കുള്ള തിരിച്ചുപോക്ക് ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗത്തിലെ പ്രതീക്ഷിത തടസ്സങ്ങൾ വിലയിരുത്താതെ

12 2018 മാർച്ച്, 2019 മാർച്ച്, 2020 മാർച്ച്

നടപ്പാക്കിയത്, തെരഞ്ഞെടുത്ത യു.എൽ.ബി.-കളിൽ ₹447.74 കോടി വിനിയോഗിക്കാതിരിക്കുന്നതിന് ഇടയാക്കി.

കൃ ബിൽ സമ്പ്രദായം നടപ്പാക്കിയത് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും അവരുടെ വാർഷിക ചെലവ് ഉയർത്തുവാൻ പ്രേരിപ്പിക്കുവാനും യഥാർത്ഥ ചെലവും ബഡ്ജറ്റ് വകയിരുത്തലുമായുള്ള അന്തരം പരിഹരിക്കാനുമായിരുന്നു എന്നാണ് മറുപടിയായി തദ്ദേശസ്വയംഭരണ വകുപ്പ് എ.സി.എസ്. പറഞ്ഞത് (2021 നവംബർ). ഇത് ബഡ്ജറ്റിലൂടെ അധികാരപ്പെടുത്തിയ തുകകൾ വിനിയോഗിക്കാൻ കഴിയാതെയിരിക്കുക മൂലം പാഴാകുന്നതിന് അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം പരിഹാരമുണ്ടാക്കും എന്നും വ്യക്തമാക്കി.

എന്തുകൊണ്ടാണ് അടുത്ത വർഷത്തെ വകയിരുത്തലിന് ഉപരിയായിട്ടല്ലാതെ, അടുത്തവർഷത്തേക്ക് വകയിരുത്തിയ തുകകളിൽ നിന്ന് അഡീഷണൽ ഓതറൈസേഷൻ നടത്തിയത് എന്നതിന് മറുപടിയിൽ വിശദീകരണം ഇല്ലായിരുന്നു. എന്നുമാത്രമല്ല, ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശ മറികടക്കുന്നതിനും മാറ്റിമറിക്കുന്നതിനുമുള്ള ഉപകരണമായി സർക്കാർ ഉത്തരവുകളെ അഭയം പ്രാപിക്കുന്നത് വികേന്ദ്രീകരണത്തിന്റെ ഉദ്ദേശ്യത്തിന് തന്നെ വിരുദ്ധമാണ്.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 4.2.2, 4.2.3]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

35. സർക്കാരിന്റെ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

തനതുഫണ്ട്/പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്ന് പെൻഷൻ നൽകൽ

1996-ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മരണാനന്തര-പെൻഷൻ - ആനുകൂല്യങ്ങൾ) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരം ഓരോ യു.എൽ.ബി.യും അവരുടെ ഓരോ ജീവനക്കാരന്റെയും മൊത്ത പ്രതിമാസ വേതനത്തിന്റെ 15 ശതമാനത്തിന് തുല്യമായ തുക, എല്ലാ മാസവും നഗരകാര്യ ഡയറക്ടർ (ഡി.യു.എ.) നിയന്ത്രിക്കുന്ന കേന്ദ്രപെൻഷൻ ഫണ്ടിലേക്ക് (സി.പി.എഫ്) നൽകേണ്ടതാണ്. അങ്ങനെ നൽകുന്ന തുക ജീവനക്കാർക്ക് മരണാനന്തര പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ബി.) നൽകാൻ ഉപകരിക്കേണ്ടതും, അതുവഴി പിന്നീട് ഡി.സി.ആർ.ബി. നൽകുവാനുള്ള ഏതെങ്കിലും ബാധ്യതയിൽ നിന്ന് യു.എൽ.ബി.-കൾ ഒഴിവാകുകയും ചെയ്യുന്നതാണ്. ഈ സമ്പ്രദായത്തിന്റെ പ്രധാന ഗുണം എന്തെന്നാൽ ഒരു ജീവനക്കാരന് കൊടുക്കേണ്ട ഡി.സി.ആർ.ബി. ബാധ്യത ഓരോ യു.എൽ.ബി.-യിലും ഉള്ള അയാളുടെ സേവനദൈർഘ്യത്തിന് ആനുപാതികമായി യു.എൽ.ബി.-കൾ തമ്മിൽ പങ്കുവയ്ക്കാൻ കഴിയുമെന്നുള്ളതാണ്.

ഡി.യു.എ.യുടെ അഭ്യർത്ഥന പ്രകാരം, യു.എൽ.ബി.കൾക്ക് പെൻഷൻ വകയിരുത്തുന്നതിനായി 2016-ന് മുമ്പ് സി.പി.എഫ്. അക്കൗണ്ടിലേക്ക് തുകകൾ സർക്കാർ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുവാനായി അധിക ഫണ്ടുകൾ നൽകുകയില്ല എന്ന വ്യവസ്ഥയോടെ ഇക്കാര്യത്തിനായി പൊതു ഉദ്ദേശ്യഫണ്ട് ഉപയോഗിക്കുവാൻ യു.എൽ.ബി.-കൾക്ക് സർക്കാർ 2016 മാർച്ചിൽ അനുവാദം നൽകി. ഡി.യു.എ.യാണ് സി.പി.എഫ്. സൂക്ഷിക്കുന്നതെങ്കിലും, യു.എൽ.ബി.-കൾ പെൻഷൻ വിഹിതം യഥാസമയം ശേഖരിക്കുകയും ഡി.യു.എ.-യ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നുണ്ടോ എന്ന് മേൽനിരീക്ഷിക്കുവാൻ യാതൊരു

സംവിധാനവും ഇല്ലായിരുന്നു എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. തൽഫലമായി, യു.എൽ.ബി.-യിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ വിതരണം സി.പി.എഫിൽ നിന്ന് ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. തെരഞ്ഞെടുത്ത 21 യു.എൽ.ബി.-കളിൽ 14[13] എണ്ണം നൽകിയ വിവരം ചൂണ്ടിക്കാണിക്കുന്നത് ഓഡിറ്റ് കാലയളവിൽ ഡി.സി.ആർ.ബി.-ക്ക് വേണ്ട ഫണ്ടുകൾ യു.എൽ.ബി.-കൾ തനതുഫണ്ട്/ പൊതു ഉദ്ദേശ്യഫണ്ടിൽ നിന്നാണ് നൽകിയിരുന്നത് എന്നാണ്. സംസ്ഥാനത്തൊട്ടാകെ, 2020 മാർച്ചോടെ, 75 യു.എൽ.ബി.-കൾക്ക് ₹542.81 കോടി സി.പി.എഫിൽ നിന്നും കൊടുക്കേണ്ടതായി അവശേഷിച്ചിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

സി.പി.എഫിൽ ആവശ്യമായ തുകയില്ലാതിരുന്നതിനാൽ മുനിസിപ്പാലിറ്റികളുടെ പൊതുഉദ്ദേശ്യ ഫണ്ടിൽ നിന്നും പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുവാൻ സർക്കാർ അനുമതി നൽകി എന്ന് നഗരകാര്യ ഡയറക്ടർ ഓഡിറ്റിന് മറുപടി നൽകി (2021 ആഗസ്റ്റ്). യു.എൽ.ബി.യിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അന്നു മുതൽ പൊതുഉദ്ദേശ്യ ഫണ്ടിൽ നിന്നാണ് ജീവനക്കാർക്ക് അനുവദിച്ചുവരുന്നത്. ഈ പ്രശ്നത്തിന് മറ്റേതെങ്കിലും ദീർഘകാല പരിഹാരം ഇല്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പൊതുഉദ്ദേശ്യ ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകുന്നത്, ഒരു മെച്ചപ്പെട്ട സാഹചര്യം അല്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് യു.എൽ.ബി.-കളുടെ പക്കലുള്ള ഫണ്ടുകൾ വികസന സൗകര്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ള വ്യാപ്തി പരിമിതപ്പെടുത്തുകയും, അവയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു.

സി.പി.എഫിന് ആവശ്യമായ ഫണ്ടുകൾ നൽകിയിരുന്നില്ല എന്നുള്ള ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നതിനൊടൊപ്പം എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) തദ്ദേശസ്വയംഭരണ വകുപ്പ് എ.സി.എസ്. പറഞ്ഞത്, യു.എൽ.ബി.-കൾ തങ്ങളുടെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ

13 ആലുവ, ഇരിങ്ങാലക്കുട, ചെർപ്പുളശ്ശേരി, കല്പറ്റ, മട്ടന്നൂർ, കോഴിക്കോട് കോർപ്പറേഷൻ, തിരുവനന്തപുരം കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, കായംകുളം, തിരുവല്ല, പത്തനംതിട്ട, നീലേശ്വരം, പാനൂർ, ഒറ്റപ്പാലം

ഏറ്റെടുക്കണമെന്നും അതിനുവേണ്ടി വിഭവങ്ങൾ ഉൽപാദിപ്പിക്കേണ്ടതും അവ സംരക്ഷിക്കേണ്ടതുമാണ് എന്നുമായിരുന്നു.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 4.2.4]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. നഗരസഭയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്നുണ്ടെന്നും സ്ഥിരം ജീവനക്കാരുടെ ശമ്പളത്തിന്റെ 15% കേന്ദ്ര പെൻഷൻ ഫണ്ടിലൊടുക്കിയതിനുശേഷം ജീവനക്കാർ വിരമിക്കുമ്പോൾ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടിയാണ് 1991-ൽ കേന്ദ്ര പെൻഷൻ ഫണ്ട് രൂപീകരിച്ചതെന്നും നിലവിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 15% വച്ച് കേന്ദ്ര പെൻഷൻ ഫണ്ടിൽ 2,84,29,882/- രൂപയാണ് ഒരു മാസം ലഭിക്കുന്നതെന്നും. ഏകദേശം 6144 പെൻഷൻകാരാണുള്ളതെന്നും ഇവർക്ക് പെൻഷൻ നൽകാൻ 14,03,97,755/- രൂപ വേണ്ടി വരുമെന്നും ഇക്കാര്യത്തിലുള്ള അന്തരം നികത്തേണ്ടതുണ്ടെന്നും 2016-ൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നും നഗരസഭകൾക്ക് പെൻഷൻ നൽകാമെന്നും അതിന് അധികഫണ്ട് അനുവദിക്കുമെന്നും പറഞ്ഞിരുന്നെന്നും പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നത് കൂടാതെ തനത് ഫണ്ടിൽ നിന്ന് കൂടി നഗരസഭകൾ പെൻഷൻ നൽകുന്നുണ്ടെന്നും ഒരു വർഷം ഏകദേശം 134 കോടി രൂപയുടെ അന്തരം വരുന്നുണ്ടെന്നും അതിനുപുറമെ വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങളുമുണ്ടെന്നും ഇങ്ങനെയൊരു അന്തരമുള്ളതുകൊണ്ട് നഗരസഭകൾക്ക് കൃത്യമായ വിഹിതം അനുവദിക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും 2010 മുതൽ തുടങ്ങിയ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഏകദേശം 310 കോടിയോളം രൂപ ബഡ്ജറ്റിലൂടെ സഹായിച്ചിട്ടുണ്ടെന്നും തനത് ഫണ്ടിൽ നിന്നും

ചെലവാക്കിയ 400 കോടി രൂപ നഗരസഭകൾക്ക് തിരികെ നൽകാനുണ്ടെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് നഗരകാര്യ വകുപ്പ് ഡയറക്ടർ വിശദീകരിച്ചു

37. വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി നൽകുന്ന തുക പെൻഷൻ ആനുകൂല്യങ്ങൾക്ക് വേണ്ടി ചെലവാക്കുന്ന പ്രവണത ശരിയല്ലെന്നും തനത് വരുമാനത്തിൽ നിന്നും 400 കോടി രൂപ നൽകിയതിന്റെ അന്തരം സ്വാഭാവികമായും നികത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുകയും പൊതു ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഫണ്ടിൽ നിന്ന് പെൻഷൻ നൽകുക വഴി വികസന പ്രവർത്തനത്തിന് പകരം പെൻഷൻ നൽകുന്ന ഏജൻസിയായി യു.എൽ.ബി.-കൾ മാറിയിരിക്കുകയാണെന്ന് നിരീക്ഷിക്കുകയും ചെയ്തു. കേന്ദ്രപെൻഷൻ ഫണ്ടിൽ ആവശ്യമായ തുക ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ / പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പുനഃപരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

38. നഗരകാര്യ ഡയറക്ടർ നിയന്ത്രിക്കുന്ന കേന്ദ്ര പെൻഷൻ ഫണ്ടിൽ ആവശ്യമായ തുക ഇല്ലാതിരുന്ന സാഹചര്യത്തിലാണ് നഗരസഭയുടെ തനത് ഫണ്ടിൽ/ പൊതുഉദ്ദേശ്യ ഫണ്ടിൽ നിന്ന് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതെന്ന് മനസ്സിലാക്കിയ സമിതി, വികസന പ്രവർത്തനങ്ങൾക്കുള്ള നഗരസഭയുടെ തനത് ഫണ്ട്/ പൊതുഉദ്ദേശ്യ ഫണ്ട് പെൻഷൻ ആനുകൂല്യങ്ങൾക്ക് വേണ്ടി ചെലവാക്കുന്ന പ്രവണത ശരിയല്ലെന്ന് വിലയിരുത്തുന്നു.

39. 1996-ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മരണാനന്തര-പെൻഷൻ ആനുകൂല്യങ്ങൾ) ചട്ടങ്ങൾ പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും അവരുടെ ജീവനക്കാരുടെ മൊത്തം പ്രതിമാസ വേതനത്തിന്റെ 15%-ന് തുല്യമായ തുക, നഗരകാര്യ ഡയറക്ടർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

40. കേന്ദ്ര പെൻഷൻ ഫണ്ടിൽ ആവശ്യമായ തുക ഇല്ലാതിരുന്ന സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ / പൊതുഉദ്ദേശ്യ ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകേണ്ടതാണെന്ന നിർദ്ദേശം സർക്കാർ പുന:പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

യു.എൽ.ബി.-കളുടെ തനത് വരവുകൾ

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ചെയ്തത് കേരളത്തിലെ യു.എൽ.ബി.-കളുടെ തനതു നികുതി നികുതിയേതര വരുമാനങ്ങൾ അവരുടെ ആകെ വരവിന്റെ 30.30 ശതമാനം മാത്രമായിരുന്നു എന്നും ഇത് സൂചിപ്പിക്കുന്നത് യു.എൽ.ബി.-കൾ വലിയൊരു അളവ് വരെ ധനവിഭവങ്ങൾക്കായി സർക്കാരിനെ ആശ്രയിക്കുന്നു എന്നുമായിരുന്നു. കൊച്ചി കോർപ്പറേഷനിലെ നികുതി നികുതിയേതര വരുമാനം, 2019-20-ൽ സംസ്ഥാനത്തെ മൊത്തം തത്തുല്യ കണക്കുകളായ ₹50323.14 കോടിയും ₹12265.22 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ യഥാക്രമം ₹108.92 കോടിയും ₹23.95 കോടിയും മാത്രമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു

തെരഞ്ഞെടുത്ത യു.എൽ.ബി.-കളിൽ തനതുവരുമാനം വസൂലാക്കുന്നതിലെ ബുദ്ധിമുട്ടുകൾ / ന്യൂനതകൾ താഴെ വിശദീകരിക്കുന്നു.

വസ്തു നികുതി

വസ്തു നികുതിയിന്മേലുള്ള സർക്കാർ നിയന്ത്രണത്തിലൂടെ സാമ്പത്തിക സ്വയംഭരണത്തിനെ ക്ഷയിപ്പിക്കൽ

മുനിസിപ്പാലിറ്റിക്കകത്തുള്ള എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റിയുടെ കൗൺസിൽ വസ്തു നികുതി ചുമത്തേണ്ടതാണ്. കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തിന്റെ (എ.ആർ.വി.) അടിസ്ഥാനത്തിൽ നികുതി ചുമത്തിയിരുന്ന രീതിയിൽ നിന്നും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്ന മാറ്റം 2009 ഒക്ടോബർ 07 മുതൽ കെ.എം. നിയമത്തിലെ 233-ാം വകുപ്പിലെ ഭേദഗതിയിലൂടെ

കൊണ്ടുവന്നു. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നത്, പുതിയ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14 മുതലും നിലവിലെ കെട്ടിടങ്ങൾക്ക് (എ.ആർ.വി.-യുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2011 ഏപ്രിൽ 01 മുതലും ബാധകമാക്കേണ്ടതാണ്. കെട്ടിടങ്ങളെ പത്ത് വിഭാഗങ്ങൾ ആയി തിരിച്ച് ഓരോ വിഭാഗത്തിനും കുറഞ്ഞതും കൂടിയതും ആയ നിരക്കുകളും നിശ്ചയിച്ചിരുന്നു. നിലവിലെ കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന രീതി നിലവിൽ വരുന്ന തീയതി, ആദ്യം 2013 ഏപ്രിൽ 01 (2013 മാർച്ചിൽ) വരെയും പിന്നീട് 2016 ഏപ്രിൽ 01 (2019 മാർച്ചിൽ) വരെയും സർക്കാർ നീട്ടി. തൽഫലമായി നിലവിലെ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14-ൽ നിലവിലുണ്ടായിരുന്ന നിർണ്ണയ രീതിയും നിരക്കും തുടർന്നു. പുതുക്കിയ നിർണ്ണയരീതിയും നിരക്കുകളും നിലവിൽ വരുന്ന തീയതി നിരന്തരമായി നീട്ടിയത് യു.എൽ.ബി.-കൾക്ക് കിട്ടാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാനം നിഷേധിക്കുന്നതിലേക്ക് നയിച്ചു.

തെരഞ്ഞെടുത്ത 21 യു.എൽ.ബി.-കൾ നൽകിയ വിവരമനുസരിച്ച് 14 യു.എൽ.ബി.-കൾ 2011 ജനുവരി 14-ൽ നിലനിന്നിരുന്ന കെട്ടിടങ്ങൾക്ക്, വസ്തു നികുതി എ.ആർ.വി.-യുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും ചുമത്തിവരുന്നത് (2021) എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. സംസ്ഥാനത്തൊട്ടാകെ പുതുക്കിയ വസ്തു നികുതിക്കായി കെട്ടിടങ്ങളെ നിർണ്ണയിക്കുന്നത്, 93 യു.എൽ.ബി.-കളിൽ 45 എണ്ണത്തിൽ പൂർത്തിയാക്കിയിരുന്നില്ല. നികുതി കണക്കാക്കുന്നതിന്റെ അടിസ്ഥാനം തറവിസ്തീർണ്ണം ആയി മാറ്റിക്കൊണ്ടുള്ള നിയമ ഭേദഗതി 2009 ഒക്ടോബർ 07 മുതൽ പ്രാബല്യത്തിൽ വന്നെങ്കിലും, ചട്ടങ്ങൾ രൂപീകരിക്കാൻ (2011) സർക്കാർ സമയം എടുത്തതും പിന്നീട് സമയദീർഘിപ്പിക്കൽ അനുവദിച്ചതും കാരണം നിയമസഭാ സാമാജികരുടെ ഉദ്ദേശ്യത്തിന് ദീർഘകാലമായി പ്രാബല്യം നൽകുവാൻ സാധിച്ചില്ല എന്ന് ഓഡിറ്റ്

നിരീക്ഷിച്ചു. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ നിസ്സംഗത യു.എൽ.ബി.-കളുടെ കൈകളിലെ ഫലപ്രദമായ സാമ്പത്തിക സ്വയംഭരണത്തെ ക്ഷയിപ്പിക്കും.

പാർപ്പിട കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള വാർഷിക വസ്തു നികുതിയിലെ വർദ്ധനവ് 2011 ജനുവരി 14-ന് മുമ്പ് നിർണ്ണയിച്ചവ എ.ആർ.വി. അടിസ്ഥാനത്തിൽ ചുമത്തിയിരുന്ന നികുതിയുടെ 60 ശതമാനം ആയി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ, മേൽപ്പറഞ്ഞ ഉത്തരവ് രണ്ട് വർഷത്തിൽ കൂടുതൽ മരവിപ്പിച്ച് വയ്ക്കുകയും പരിഷ്കരിച്ച ഉത്തരവ് 2013 മാർച്ചിൽ പുറപ്പെടുവിപ്പിക്കുകയും ചെയ്തു. നിർണ്ണയിച്ച വാർഷിക വസ്തു നികുതി വർദ്ധനവ് പാർപ്പിട കെട്ടിടങ്ങൾക്ക് 25 ശതമാനം മുതൽ 60 ശതമാനത്തിനുമിടയ്ക്കും, വാണിജ്യ കെട്ടിടങ്ങൾക്ക് 25 ശതമാനം മുതൽ 150 ശതമാനത്തിനുമിടയ്ക്കും ആയിരിക്കണം. തറവിസ്തീർണ്ണം 2000 ചതുരശ്ര അടി വരെയുള്ള നിലവിലെ പാർപ്പിട കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് തുടരുവാനും തറവിസ്തീർണ്ണം 2000 ചതുരശ്ര അടിക്ക് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങൾക്ക് വാർഷിക നികുതിയിലെ വർദ്ധനവ് നികുതിയുടെ 25 ശതമാനം ആയി പരിമിതപ്പെടുത്തിയും സർക്കാർ വ്യവസ്ഥ ചെയ്തു (2015 ഏപ്രിൽ). അതുപോലെ വാണിജ്യ/വ്യവസായ ഉപയോഗത്തിനായുള്ള കെട്ടിടങ്ങളുടെ വാർഷിക നികുതി വർദ്ധന 2011 ജനുവരി 14-ന് മുമ്പ് എ.ആർ.വി. അടിസ്ഥാനത്തിൽ നിശ്ചയിച്ചിരുന്നത്, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുകയാണെങ്കിൽ 100 ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്. മുകളിലെ ഉത്തരവ് പ്രകാരം തറവിസ്തീർണ്ണം 660 ചതുരശ്രഅടി വരെയുള്ള താമസത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും 2015-16 മുതൽ വസ്തു നികുതി ഒഴിവാക്കി.

2011-ലെ കേരള മുനിസിപ്പൽ ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ച വസ്തു നികുതി വർദ്ധനവ് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മാറ്റം വരുത്തിയ സർക്കാരിന്റെ മേൽപ്പറഞ്ഞ നടപടി അഭിലഷണീയമല്ലെന്നും നിയമത്തിന് മുന്നിൽ നിലനിൽക്കില്ലെന്നും അഞ്ചാം എസ്.എഫ്.സി. നിരീക്ഷിച്ചു. കൂടാതെ, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ

2013-ൽ ഭേദഗതി ചെയ്തത്, 2015 ഏപ്രിൽ 27-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തശേഷം, പ്രാബല്യത്തിൽ കൊണ്ടുവരണമെന്നും എസ്.എഫ്.സി. ശിപാർശ ചെയ്തു. എസ്.എഫ്.സി. ശിപാർശയുടെ നടപടി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ (2018 ഫെബ്രുവരി) ഇതിനെക്കുറിച്ച് സർക്കാർ പരാമർശമൊന്നും നടത്തിയില്ല.

കെ.എം. നിയമത്തിലെ 233-ാം വകുപ്പ് പ്രകാരം, സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തു നികുതി നിരക്കുകൾക്കും കൗൺസിൽ തീരുമാനിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്കും അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം, അഞ്ച് വർഷക്കാലാവധി തീരുന്നതിനുമുമ്പ്, സർക്കാരും യു.എൽ.ബി.-കളും അടുത്ത അഞ്ച് വർഷക്കാലം പ്രാബല്യം ഉണ്ടാകത്തക്ക വിധം അടിസ്ഥാന വസ്തു നികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും പരിഷ്കരിക്കേണ്ടതാണ്. പുതിയ നികുതിദായകർക്ക് തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള നികുതി നിരക്കുകൾ 2011 ജനുവരി 14 മുതൽ നിലവിൽ വന്നിട്ടും, അഞ്ചുവർഷത്തിന് ശേഷം 2016-ൽ നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതായിരുന്നെങ്കിലും, പത്ത് വർഷക്കാലം കഴിഞ്ഞിട്ടും (2021 മാർച്ച്) നിരക്ക് പരിഷ്കരണം നടന്നിട്ടില്ല എന്ന് ശ്രദ്ധിക്കപ്പെട്ടു. അടിസ്ഥാന വസ്തു നികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ പരിഷ്കരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടത് കാരണം, യു.എൽ.ബി.-കൾക്ക് വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കാൻ കഴിഞ്ഞിരുന്നില്ല.

തെരഞ്ഞെടുത്ത ഒരു യു.എൽ.ബി.-യിലും വസ്തു നികുതി ചുമത്തുന്നതിനായി കെട്ടിടങ്ങളെ കണ്ടെത്തുവാനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്.) മാപ്പിംഗ് നടപ്പാക്കിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.ഐ.എസ്സുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും ഏറ്റെടുക്കരുതെന്നും ഇക്കാര്യത്തിനായി ഒരു ചെലവും വരുത്തരുതെന്നും സർക്കാർ നിർദ്ദേശിച്ചു (2013 ഡിസംബർ). തൽഫലമായി, യു.എൽ.ബി.-കളിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി ഒരു ജി.ഐ.എസ്. സംവിധാനവും സംസ്ഥാനം

വികസിപ്പിച്ചിരുന്നില്ല, ഇത് യു.എൽ.ബി.-കൾക്ക് നികുതി വരുമാനം പരമാവധി വസൂലാക്കുന്നതിന് വേണ്ട മികച്ചതും കാലാനുസൃതവുമായ ഡേറ്റാബേസ് നിഷേധിക്കാൻ ഇടയാക്കി (2021) മാർച്ച്). സർക്കാരിന്റെ മേൽപ്പറഞ്ഞ നടപടി, മുനിസിപ്പാലിറ്റികൾക്ക് വസ്തുനികുതിയുടെ അടിത്തറ മെച്ചപ്പെടുത്താൻ സാദ്ധ്യമായിരുന്ന മാർഗ്ഗങ്ങളിൽ ഒന്നിനെ തടസ്സപ്പെടുത്തി. വസ്തു നികുതി ചുമത്തുന്നതിനായി കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് ജി.ഐ.എസ്. ഉപയോഗിക്കുവാനുള്ള കഴിവ് അടുത്തകാലത്ത് മാത്രമാണ് വികസിപ്പിച്ചതെന്നും, രാജ്യത്തുടനീളം അത് പ്രാരംഭഘട്ടത്തിലാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് എ.സി.എസ്. അറിയിച്ചു (2021 നവംബർ). സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേരള സർക്കാർ പരീക്ഷണങ്ങൾ നടത്തുകയാണ്.

തനത് വരുമാന ശേഖരണം ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ ഊർജ്ജിതമായി നടക്കുകയാണെന്ന് സർക്കാർ മറുപടി പറഞ്ഞു (2021 ഡിസംബർ).

വസ്തു നികുതി ബോർഡ്

1980-ൽ രൂപീകരിച്ച പശ്ചിമ ബംഗാൾ മൂല്യനിർണ്ണയ ബോർഡിന്റെ മാതൃകയിൽ വസ്തുനികുതി ബോർഡ് രൂപീകരിക്കണമെന്ന് 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് ഒരു ചെയർപേഴ്സണും മൂന്ന് അംഗങ്ങളുമായി ഒരു വസ്തുനികുതി ബോർഡ് രൂപീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (2011 ഫെബ്രുവരി). നികുതി ചുമത്തേണ്ടുന്ന എല്ലാ വസ്തുക്കൾക്കും മേൽ വസ്തുനികുതി ചുമത്തി പിരിക്കുന്നത് ഉറപ്പാക്കുക, മൂല്യ നിർണ്ണയത്തിനുള്ള വൈദഗ്ധ്യം പങ്കു വയ്ക്കുക, ഇതുമായി ബന്ധപ്പെട്ട പരിശീലനം യു.എൽ.ബി.-കളിലെ ജീവനക്കാർക്ക് ഏർപ്പാടാക്കുക എന്നീ നടപടികൾ ബോർഡ് എടുക്കേണ്ടതാണ്. യു.എൽ.ബി.-കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ വസ്തുക്കളുടെയും കണക്കെടുത്ത് വസ്തുനികുതി നിശ്ചയിക്കുന്നതിന് സ്വതന്ത്രവും സുതാര്യവുമായ നടപടി ക്രമം ഏർപ്പെടുത്താനും വസ്തുക്കളുടെ നികുതി നിർണ്ണയത്തിനും, വില നിർണ്ണയത്തിനും അനുയോജ്യമായ അടിസ്ഥാനത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും അവ കാലാനുസൃതമായി പരിഷ്കരിക്കാൻ മുനിസിപ്പാലിറ്റികളെയും, മുനിസിപ്പൽ കോർപ്പറേഷനുകളെയും ബോർഡ് സഹായിക്കേണ്ടതുമാണ്.

എന്നാൽ സംസ്ഥാനത്ത് ബോർഡ് രൂപീകരിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഓഡിറ്റിനെ അറിയിച്ചു. വസ്തുനികുതി ബോർഡ് സ്ഥാപിക്കുന്നത് വസ്തു നികുതിയുടെ മെച്ചപ്പെട്ട പിരിവിനും സമയോചിതമായ പരിഷ്കരണത്തിനുമുള്ള ഒരു ചുവടുവയ്പ് ആയിരിക്കും.

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) : ഓഡിറ്റ് ഖണ്ഡിക 4.2.5, 4.2.5.1]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് എല്ലാ യു.എൽ.ബി.-കളിലും വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

42. സർക്കാർ ഉത്തരവിറക്കിയപ്പോൾ ഓരോ കെട്ടിടത്തിനും നികുതി നിശ്ചയിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നെന്നും ഏറ്റവും കുറഞ്ഞ നിരക്കും പരമാവധി നിരക്കും നിശ്ചയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫ്ലക്സിബിലിറ്റി നൽകിയിരുന്നെന്നും പല തദ്ദേശസ്ഥാപനങ്ങളും അടിസ്ഥാനപരമായ നികുതി പരിധി കൂടാതിരിക്കാൻ വ്യത്യസ്ത നികുതി തന്നെ തുടരാൻ തീരുമാനിക്കുകയും അത് വലിയ രീതിയിൽ പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യുവെന്നും പ്രസ്തുത സമീപനം ശരിയല്ലെന്നും പുതിയ നിരക്കിനനുസരിച്ച് മാറ്റം വരുത്തണമെന്നും ബന്ധപ്പെട്ട സെക്രട്ടറിമാരോട് സർക്കാർ ആവശ്യപ്പെട്ടിരുന്നെന്നും ക്രമേണ പലരും പുതിയ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുണ്ടെന്നും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വ്യത്യസ്തമായ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി പല സ്ഥലങ്ങളിലും സർക്കാർ ഉദ്ദേശിച്ചത് പോലെയുള്ള രീതിയിലേക്ക് കാര്യങ്ങൾ മാറിയിട്ടില്ലെന്നും അടുത്തകാലത്ത് വളരെ കർശനമായ നിലപാട് സർക്കാർ സ്വീകരിച്ചതുകൊണ്ട് പുതിയ രീതിയിലേക്ക് ക്രമേണ മാറുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ വിശദീകരിച്ചു.

43. ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വസ്തു നികുതി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 01.04.2023-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് സമിതി ചൂണ്ടിക്കാട്ടിയതിന്, നിലവിലുള്ള കെട്ടിടങ്ങൾക്കും പുതുതായി വരുന്ന കെട്ടിടങ്ങൾക്കുമുള്ള വസ്തു നികുതി സംബന്ധിച്ച ഉത്തരവാണതെന്നും നിലവിലുള്ള കെട്ടിടങ്ങൾക്ക് അഞ്ച് ശതമാനം വച്ച് ഓരോ വർഷവും വസ്തു നികുതി വർദ്ധനവും പുതിയ കെട്ടിടങ്ങൾക്ക് നേരത്തെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലെ വർദ്ധനവും ആണ് പ്രസ്തുത ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഉത്തരവ് നടപ്പിലാക്കാത്ത പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

44. യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വസ്തുനികുതി നിർണ്ണയത്തിൽ നൽകിയ ഫ്ലക്സിബിലിറ്റി വസ്തുനികുതി മിനിമം നിരക്കിൽ നിർത്തിയത് കൊണ്ട് തനത് വരുമാനം കുറയാൻ കാരണമായെന്നും ഓരോ സ്ഥലത്തും ഓരോ നിരക്കിൽ വസ്തുനികുതി എന്ന വിചിത്രമായ പ്രവണത പിൻതുടർന്നത് ശരിയല്ലെന്നും സമിതി വിലയിരുത്തുകയും ഇത് ഒഴിവാക്കാൻ നടപടി ആവശ്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

45. കുറേ വർഷങ്ങൾക്ക് ശേഷം കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള ഫീസ് സർക്കാർ മികച്ച രീതിയിൽ വർദ്ധിപ്പിച്ചെങ്കിലും സംസ്ഥാനത്തെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശികമായ കാരണങ്ങൾ കൊണ്ട് നടപ്പിലാക്കില്ലെന്ന തീരുമാനമാണ് എടുത്തിട്ടുള്ളതെന്നാണ് അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലെന്നും ഇത്തരത്തിലെ ഫീസ് വർദ്ധനവിലൂടെ വരുമാന വർദ്ധനവിന്റെ അവസരം വരുന്ന സമയത്ത് പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനരോഷം ഭയന്നുകൊണ്ടും മറ്റും വർദ്ധനവിൽ നിന്ന് പിന്മാറുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു

46. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ തീരുമാനമെടുക്കാൻ കഴിയുമോയെന്ന് സമിതി സംശയം പ്രകടിപ്പിച്ചതിന് ഫ്ലക്സിബിലിറ്റി മാറ്റം വരുത്താൻ

മാത്രമേ സാധിക്കുകയുള്ളുവെന്നും സർക്കാർ ഉത്തരവ് ലംഘിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

47. വരുമാന വർദ്ധനവിന് വേണ്ടി മറ്റ് സ്രോതസ്സുകൾ ഒന്നും സൃഷ്ടിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നികുതി/ഫീസ് വർദ്ധനവ് കർശനമായി നടപ്പിലാക്കേണ്ടതുണ്ടെന്നും കുറച്ച് പഞ്ചായത്തുകൾ നികുതി/ഫീസ് വർദ്ധനവ് നടപ്പിലാക്കുകയും ചിലർ നടപ്പിലാക്കില്ല എന്നുള്ള സമീപനം സ്വീകരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ലെന്നും ഇതിന് മാറ്റമുണ്ടാക്കുന്നതിനായി വകുപ്പ് കർശന നിലപാട് എടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടതിന് വകുപ്പിന്റെ ഭാഗത്ത് നിന്നും കർശന നിലപാട് എടുത്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

48. സർക്കാർ കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാണിക്കുന്ന വിട്ടുവീഴ്ച തനത് വരുമാനത്തെ കുറയ്ക്കുന്നെന്ന അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കർശനമായ നിലപാട് നികുതി/ ഫീസ് വർദ്ധനവ് നടപ്പാക്കുന്ന കാര്യത്തിൽ സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

49. വസ്തുനികുതി ബോർഡ് ഇതുവരെയും രൂപീകരിച്ചിട്ടില്ലെന്നും നയപരമായ കുറച്ച് വിഷയങ്ങളുള്ളതിനാൽ പ്രിൻസിപ്പൽ സെക്രട്ടറിയുമായി അതിന്റെ കരടിന്മേൽ ചർച്ച ചെയ്ത് പുനഃപരിശോധന നടത്തേണ്ടതായിട്ടുണ്ടെന്നും ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമിതി മുൻപാകെ ഉടൻതന്നെ ലഭ്യമാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

50. 13-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് നിർദ്ദേശിച്ച വസ്തു നികുതി ബോർഡ് രൂപീകരണത്തെ സംബന്ധിച്ച് നിലവിലും ആലോചിക്കുന്നതേയുള്ളൂ എന്ന് പറയുന്നത് ശരിയായ നിലപാടല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച 2011-ലെ സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്ന് ആരായുകയും ചെയ്തു. പ്രസ്തുത ഉത്തരവ് നിലവിലുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

51. വസ്തു നികുതി ചുമത്തലും അത് പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് യു.എൽ.ബി.-കളിലെ ജീവനക്കാർക്ക് സാങ്കേതികജ്ഞാനവും പരിശീലനവും നൽകുന്നതിനും അതനുസരിച്ചുള്ള വരുമാന വർദ്ധനവും ഉദ്ദേശിച്ചുള്ള വസ്തു നികുതി ബോർഡ് എന്ന ആശയം വളരെ മികച്ചതാണെന്ന് സമിതി അഭിപ്രായപ്പെട്ടു

നിഗമനങ്ങൾ/ശിപാർശകൾ

52. തദ്ദേശസ്ഥാപനങ്ങൾക്ക് വസ്തു നികുതി നിർണ്ണയത്തിൽ സർക്കാർ നൽകിയ ഫ്ലക്സിബിലിറ്റി കാരണം വസ്തു നികുതിയിലൂടെ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തനത് വരുമാനം കുറയാൻ കാരണമായെന്ന് സമിതി വിലയിരുത്തി.

53. അടിസ്ഥാനപരമായ നികുതി കൂടാതിരിക്കാൻ പല തദ്ദേശ സ്ഥാപനങ്ങളും പലനിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നത് ശരിയായ സമീപനമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 22.03.2023-ലെ സ.ഉ.(കൈ) നം.77/2023 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ പുനർനിർണ്ണയിച്ച വസ്തു നികുതി നിരക്ക് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

54. സർക്കാർ കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബാധ്യസ്ഥമായതിനാൽ, വസ്തു നികുതി നിരക്ക് പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട ഉത്തരവുകൾ അടിയന്തരമായി നടപ്പിലാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

55. വസ്തുനികുതി ചുമത്തലും അത് പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സാങ്കേതികജ്ഞാനവും പരിശീലനവും നൽകുന്നതിനും അതിനനുസരിച്ചുള്ള വരുമാന വർദ്ധനവും ഉദ്ദേശിച്ചുള്ള വസ്തു നികുതി ബോർഡ് എന്ന ആശയം വളരെ മികച്ചതാണെന്ന് സമിതി വിലയിരുത്തുന്നു.

56. വസ്തുനികുതി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച നയപരമായ വിഷയങ്ങളിൽ പുനഃപരിശോധന ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, വസ്തുനികുതി ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട തുടർനടപടികൾ പൂർത്തീകരിച്ച് വസ്തുനികുതി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തൊഴിൽ നികുതി

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും വ്യാപാരികളുടെയും, വ്യവസായികളുടെയും ജീവനക്കാരുടെയും അസംഘടിതമേഖലയിലെ തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും ശരിയായ ഡേറ്റാബേസ് തയ്യാറാക്കുകയും തൊഴിൽനികുതി ചുമത്തുകയും വേണം എന്ന് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ഈ ഡേറ്റാബേസ് സമയാസമയങ്ങളിൽ പുതുക്കേണ്ടതുമാണ്. ഡി ആൻഡ് ഒ ലൈസൻസിന്[14] കീഴിൽ ലൈസൻസ് നൽകിയിട്ടുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങൾക്കും/സംരംഭങ്ങൾക്കും ജീവനക്കാർക്കും തൊഴിൽനികുതി ചുമത്തേണ്ടതാണ്. ഇതിനുപുറമെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകളെ തൊഴിൽ നികുതി വലയത്തിനുള്ളിൽ കൊണ്ടുവരുന്നതിനായി വാർഡ് മെമ്പർമാർ/കൗൺസിലർമാരുടെ സഹായത്തോടെ ഒരു സർവ്വേ നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ ശിപാർശ സർക്കാർ അംഗീകരിച്ചിരുന്നെങ്കിലും അത് നടപ്പാക്കിയില്ല. ശിപാർശ നടപ്പാക്കാതിരുന്നത് കാരണം യു.എൽ.ബി.-കളിലെ തൊഴിൽ നികുതിദായകരുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചില്ല.

കെ.എം. നിയമത്തിലെ 447-ാം വകുപ്പ് പ്രകാരം, നിർദ്ദിഷ്ട നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ തൊഴിലുകൾക്കും ലൈസൻസ് നൽകേണ്ടതാണ്.

14. അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കുള്ള ലൈസൻസ്

വ്യാപാരികളുടെ ഒരു പട്ടിക സൂക്ഷിക്കുന്ന യു.എൽ.ബി.-യിലെ ആരോഗ്യ വിഭാഗം ആണ് യു.എൽ.ബി. പ്രദേശത്തെ എല്ലാത്തരം വ്യാപാരങ്ങളുടെയും /സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിനുള്ള ലൈസൻസ് നൽകുന്നത്. യു.എൽ.ബി.-യിലെ റവന്യൂ സെക്ഷൻ അതിന്റെ അധികാര പരിധിയിൽ ഉള്ള വ്യാപാരികൾ/കടകൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള തൊഴിൽ നികുതി ചുമത്തുന്നതും പിരിക്കുന്നതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. യു.എൽ.ബി.-യിലെ റവന്യൂ വിഭാഗത്തിലെ തൊഴിൽ നികുതിക്കുള്ള വ്യാപാരികളുടെ പട്ടികയുടെയും, യു.എൽ.ബി.-യിലെ ആരോഗ്യ വിഭാഗത്തിലെ ഡി ആന്റ് ഓ ലൈസൻസിനുള്ള വ്യാപാരികളുടെ പട്ടികയുടെയും ഒരു സാംപിൾ പരിശോധന നടത്തിയപ്പോൾ, ആരോഗ്യ വിഭാഗം ലൈസൻസ് നല്കിയ എല്ലാ കച്ചവടക്കാരിൽനിന്നും തൊഴിൽ നികുതി ചുമത്തുകയും പിരിക്കുകയും ചെയ്യുന്നില്ല എന്നാണ് വെളിപ്പെട്ടത്. ആരോഗ്യ വിഭാഗത്തിൽ സൂക്ഷിച്ചിരുന്ന വ്യാപാരികളുടെ പട്ടിക റവന്യൂ വിഭാഗവുമായി പങ്കുവച്ചിരുന്നില്ല. ഇത് ലൈസൻസ് നൽകിയ എല്ലാ ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നത് ഉറപ്പാക്കാൻ യു.എൽ.ബി.-യിലെ വിഭാഗങ്ങൾ തമ്മിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

തനതു വരുമാനം പിരിക്കുന്നത് ശക്തിപ്പെടുത്താനുള്ള നടപടികൾ തുടങ്ങുന്നതാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ).

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) : ഓഡിറ്റ് ഖണ്ഡിക 4.2.5, 4.2.5.2]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. എല്ലാ യു.എൽ.ബി.-കളും അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കുള്ള ലൈസൻസ് ഓൺലൈൻ മുഖാന്തരമാണോയെന്നും റവന്യൂ വിഭാഗത്തിന് എത്തുകൊണ്ടാണ് പരിശോധിച്ച് തൊഴിൽ നികുതി പിരിക്കുന്നത് ഉറപ്പാക്കാൻ കഴിയാത്തതെന്നും തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് നിലവിലുണ്ടോയെന്നും സമിതി

ആരാഞ്ഞതിന്, ഓൺലൈനായി തന്നെയാണ് ലൈസൻസ് അനുവദിക്കുന്നതെന്നും അസംഘടിത മേഖലയിലെ ചില വിഷയങ്ങൾ ഒഴിച്ചാൽ തൊഴിൽ നികുതി 100%-വും പിരിക്കുന്നുണ്ടെന്നും നഗരകാര്യ വകുപ്പ് ഡയറക്ടറും തൊഴിലാളികളുടെ ഡേറ്റാ ബാങ്ക് പരിഷ്കരിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറും സമിതിയെ അറിയിച്ചു. കെ.സ്മാർട്ട് വരുമ്പോൾ ഡേറ്റാ ബാങ്ക് പൂർത്തിയാകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി കൂട്ടിച്ചേർത്തു. ഡാറ്റാ ബാങ്ക് അപ്ഡേറ്റ് ചെയ്യാനുള്ള നടപടി എത്രയും വേഗം ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

58. കെ-സ്മാർട്ടിൽ പ്രൊഫഷണൽ ടാക്സ് എന്ന പേരിൽ ഒരു പ്രത്യേക മൊഡ്യൂൾ വരുന്നതിനാൽ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലോഗിൻ ചെയ്ത് തൊഴിൽ നികുതി അടയ്ക്കാനും അതുപയോഗിച്ച് ഓരോ വർഷവും ഡിമാന്റ് തുടർന്നുകൊണ്ട് പോകാനും തൊഴിൽ നികുതി അടയ്ക്കാത്ത കേസുകളിൽ അവർക്ക് റിട്ടേൺ ഫയൽ ചെയ്യാനും അതിനനുസരിച്ച് പണം അടയ്ക്കാനും സാധിക്കുമെന്ന് ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ വിശദീകരിച്ചു.

59. വിവിധ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ തൊഴിൽ നികുതി പിരിവും സോഫ്റ്റ്വെയറിലൂടെ സാധ്യമാകുമോയെന്ന് സമിതി ആരാഞ്ഞതിന്, 60 ദിവസം ഒരു ലോക്കൽ ബോഡിയുടെ പരിധിയിൽ ജോലി ചെയ്താൽ അവർ പ്രസ്തുത ലോക്കൽ ബോഡിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരാണെന്ന് ഇൻഫർമേഷൻ കേരളമിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ മറുപടി നൽകി. പല അഭിഭാഷകരും ഹൈക്കോടതിയിലും ജില്ലാ കോടതിയിലും പ്രാക്ടീസ് ചെയ്യുന്നതിനാൽ സ്ഥിരമായി 60 ദിവസം ഒരു തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ ജോലി ചെയ്യാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് എവിടെയെങ്കിലും ഒരു തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ അവരെ രജിസ്റ്റർ ചെയ്ത് തൊഴിൽ നികുതി ഈടാക്കാനുള്ള തീരുമാനമെടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

60. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്ത് നികുതി അടയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്ന് സമിതി അംഗം ആവശ്യപ്പെട്ടതിന് ഒരു സ്ഥാപനത്തിലോ അല്ലെങ്കിൽ ആ സ്ഥാപനത്തിന്റെ

കീഴിലോ അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെങ്കിൽ സ്ഥാപന ഉടമ ജോലി ചെയ്യുന്നയാളുകളുടെ പേരുൾപ്പെടുന്ന ലിസ്റ്റും അവരുടെ വരുമാനത്തിന്റെ ഏകദേശ കണക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകണമെന്നാണ് നിയമമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധന നടത്തി വിശദവിവരം ശേഖരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

61. ഒരു മാനദണ്ഡവുമില്ലാതെ അതിഥി തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നത് മൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുകയാണെന്ന് സമിതി വിലയിരുത്തുകയും അതിഥി തൊഴിലാളികൾ കൂടുതലുള്ള പെരുമ്പാവൂരും പായിപ്പാടും ആലുവയിലും ഒരു റാൻഡം പരിശോധന നടത്തുന്നത് നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

62. സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ തൊഴിൽ നികുതി കൊടുക്കണമെന്നാണ് നിയമമെങ്കിലും പലപ്പോഴും നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളതെന്നും അത് എങ്ങനെ പരിഹരിക്കാമെന്നും സമിതി അംഗം ആരാഞ്ഞതിന് തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് നേരിട്ട് പരിശോധന നടത്തുന്നതിലെ വീഴ്ച കൊണ്ടാണ് തൊഴിൽ നികുതി ചുമത്താൻ കഴിയാത്തതെന്ന് ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ മറുപടി പറഞ്ഞു.

63. തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നും സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം കണക്കാക്കുന്നതിനായി നേരിട്ട് പരിശോധന നടത്തുന്നതിന് നടപടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

64. വിവിധ തൊഴിൽ മേഖലയിലേക്ക് എത്തുന്ന അതിഥി തൊഴിലാളികൾ ഒരു തൊഴിലിടത്തിൽ നിന്നും മറ്റൊരു തൊഴിലിടത്തിലേക്ക് മാറി പോകുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും ഇപ്രകാരം പോകുന്ന അതിഥി തൊഴിലാളികളെ സംബന്ധിച്ച് ഗൗരവമായ പഠനം നടത്തണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു.

65. എത്ര അതിഥിത്തൊഴിലാളികൾ സംസ്ഥാനത്തുണ്ടായിരുന്നുവെന്നും അതിലെത്രപേരെ തിരിച്ചയച്ചുവെന്നുമുള്ള കൃത്യമായ കണക്ക് കോവിഡിന്റെ സമയത്ത് തദ്ദേശ സ്ഥാപനങ്ങൾ എടുത്തിരുന്നെന്നും എന്നാൽ നിലവിൽ അതിഥി തൊഴിലാളികളെ സംബന്ധിച്ച ഡേറ്റാ ബാങ്ക് തദ്ദേശ സ്ഥാപനങ്ങളുടെയോ തൊഴിൽ വകുപ്പിന്റേയോ പക്കലില്ലായെന്നും ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചു.

66. പോലീസ് സ്റ്റേഷനിൽ അതിഥിത്തൊഴിലാളികൾ ആധാർ കാർഡ് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ഉണ്ടെങ്കിലും ആരും രജിസ്റ്റർ ചെയ്യുന്നില്ലെന്നും ഒരു വീട്ടിൽ വാടകയ്ക്ക് താമസിക്കുന്നതിന് കണക്കുപ്രകാരം 10 പേർക്കേ അനുവാദമുള്ളൂ എങ്കിലും 50 പേർക്ക് ഒരു മുറിയെന്ന രീതിയിൽ വേണ്ടത്ര സൗകര്യവും ശുചിത്വവുമില്ലാതെയാണ് പെരുമ്പാവൂർ പോലുള്ള സ്ഥലങ്ങളിൽ മുറികൾ നൽകുന്നതെന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായിട്ടുണ്ടെന്നും യഥാർത്ഥ കണക്കുകളൊന്നും പുറത്ത് വരുന്നില്ലെന്നും ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ കൂട്ടിച്ചേർത്തു.

67. മുനിസിപ്പൽ ആക്ടിലെ 444-ാം വകുപ്പ് പ്രകാരം വ്യാപാരികളും സ്ഥാപനങ്ങൾ നടത്തുന്നവരും കൃത്യമായി തൊഴിലാളികളുടെ പേരുകൾ സൂക്ഷിക്കണമെന്ന നിയമം നിർബന്ധമാക്കാത്തതാണ് പ്രശ്നമാണെന്നും തൊഴിൽനികുതി ഒടുക്കേണ്ട എല്ലാ വിഭാഗങ്ങളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങൾ/ശിപാർശകൾ

68. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും, തദ്ദേശസ്ഥാപനങ്ങൾ അവരുടെ പ്രദേശങ്ങളിലെ എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യവസായികളുടെയും, വ്യാപാരികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, ജീവനക്കാരുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും ഡേറ്റാബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടത് ആവശ്യമാണെന്ന്

സമിതി വിലിയിരുത്തുന്നു. ആയതിനാൽ തൊഴിൽ നികുതി ഒടുക്കേണ്ട എല്ലാ വിഭാഗത്തിലുള്ളവരെയും നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതിന് കൃത്യമായ ഡേറ്റാബേങ്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

69. ഡേറ്റാബേങ്ക് കൃത്യമായി തയ്യാറാക്കുന്നതുപോലെ കാലാകാലങ്ങളിൽ ആയത് പുതുക്കി സൂക്ഷിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

70. പ്രൊഫഷണലുകൾ 60 ദിവസം വരെ ഒരു ലോക്കൽ ബോഡിയുടെ പരിധിയിൽ ജോലി ചെയ്താൽ അവർ ആ ലോക്കൽ ബോഡിയിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്ഥിരമായി 60 ദിവസം ഒരു തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ ജോലി ചെയ്യാത്ത സാഹചര്യമാണ് പ്രൊഫഷണലുകൾക്ക് ഉള്ളതെങ്കിൽ അത്തരക്കാരെ ഏതെങ്കിലും ഒരു തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. ഒരു സ്ഥാപനത്തിലോ അല്ലെങ്കിൽ ആ സ്ഥാപനത്തിന്റെ കീഴിലോ അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുവെങ്കിൽ സ്ഥാപന ഉടമ ജോലി ചെയ്യുന്നയാളുകളുടെ പേരുൾപ്പെടുന്ന ലിസ്റ്റും അവരുടെ വരുമാനത്തിന്റെ ഏകദേശം കണക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകണമെന്നതാണ് നിയമമെങ്കിലും, ആയത് ശരിയായ രീതിയിൽ നടപ്പാക്കാത്തതിനാൽ അതിഥി തൊഴിലാളികളിൽ നിന്നുള്ള ലഭിക്കേണ്ട തൊഴിൽ നികുതി നഷ്ടമാകുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വിവിധ തൊഴിൽ മേഖലയിലേയ്ക്ക് എത്തുന്ന അതിഥി തൊഴിലാളികളുടെ കൃത്യമായ ഡാറ്റാബാങ്ക് തയ്യാറാക്കി അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പരസ്യ നികുതി

ഭരണഘടനയുടെ സംസ്ഥാന ലിസ്റ്റിൽ[15] ഉൾപ്പെട്ടിരുന്ന പരസ്യ നികുതി, ചരക്കു സേവന നികുതി (ജി.എസ്.റ്റി) നിലവിൽ വന്നപ്പോൾ ഉപസംഹരിക്കപ്പെട്ടു (2017 ജൂലൈ). അതിനെ തുടർന്ന്, 2017-ലെ കേരള ചരക്കുകളും, സേവനങ്ങളും, നിയമത്തിലൂടെ കെ.എം. നിയമത്തിലെ 271-ാം[16] വകുപ്പ് ഒഴിവാക്കി. അങ്ങനെ മുനിസിപ്പാലിറ്റികൾക്കും/കോർപ്പറേഷനുകൾക്കും പ്രധാനപ്പെട്ട ഒരു വരുമാനസ്രോതസ്സ് നഷ്ടമായി. പരസ്യങ്ങളിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം പങ്കുവെയ്ക്കുകയോ, വീതിച്ചു കൊടുക്കുകയോ ചെയ്ത് ഈ നഷ്ടം പരിഹരിച്ചിട്ടില്ല. 272-ാം വകുപ്പു പ്രകാരം, ഒരു പരസ്യം പരസ്യ നികുതിയ്ക്ക് വിധേയമാണെങ്കിൽ ഏത് കാലയളവിലേയ്ക്കാണ് നികുതി ഒടുക്കേണ്ടത് എന്നത് സംബന്ധിച്ച് യു.എൽ.ബി. സെക്രട്ടറി അനുമതി നൽകേണ്ടതാണ്. ഈ അനുമതി സംബന്ധിച്ച പ്രത്യേക ഫീസൊന്നും ഈടാക്കാൻ പാടുള്ളതല്ല. കെ.എം. നിയമത്തിലെ 567(32)-ാം[17] വകുപ്പ് പൊതുനിരത്തുകളിലും പാർക്കുകളിലും ഉള്ള പരസ്യങ്ങളെ നിരോധിക്കാനും നിയന്ത്രിക്കാനും ഉള്ള ബൈലാ ഉണ്ടാക്കുവാൻ കൗൺസിലിനെ അധികാരപ്പെടുത്തുന്നു. തെരഞ്ഞെടുത്ത യു.എൽ.ബി.-കളിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയും, തിരുവനന്തപുരം കോർപ്പറേഷനും പരസ്യ നികുതി നിർത്തിയതിനെ തുടർന്ന് അവരുടെ അധികാര പരിധിയിൽ വരുന്ന പരസ്യങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിരുന്നു. എന്നാൽ അത്തരം ഫീസ് ചുമത്തുന്നത് അനുവദനീയമാണോ എന്ന് സർക്കാരിൽ നിന്ന് വിശദീകരണം ഇല്ലാത്തതിനാൽ മറ്റു മുനിസിപ്പാലിറ്റികളിലൊന്നും അത്തരം ഫീസ് പിരിക്കുന്നില്ലായിരുന്നു.

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) : ഓഡിറ്റ് ഖണ്ഡിക 4.2.5, 4.2.5.3]

---

15. 7-ാം ഷെഡ്യൂളിലെ 2-ാം ലിസ്റ്റിലെ 55-ാം ഇനം

16. മുനിസിപ്പൽ പ്രദേശത്ത് ഏതെങ്കിലും പരസ്യം ഉയർത്തുകയോ, പ്രദർശിപ്പിക്കുകയോ ബലമായി ഉറപ്പിച്ചു വയ്ക്കുകയോ, നിലനിർത്തുകയോ ചെയ്യുന്ന എല്ലാ വ്യക്തികളും സർക്കാർ അനുമതിയോടെ കൗൺസിൽ പ്രമേയത്തിലൂടെ നിർണ്ണയിക്കുന്ന നികുതി ഒടുക്കേണ്ടതാണ്.

17. ബൈലോ നിർമ്മിക്കുവാനുള്ള കൗൺസിലിന്റെ അധികാരം

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. പൊതു നിരത്തുകളിലെ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനായി യു.എൽ.ബി.-കൾ ഈടാക്കുന്ന പരസ്യ നികുതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള ചർച്ചയിൽ തിരുവനന്തപുരം നഗരസഭ 24 മുതൽ 48 ശതമാനം വരെ പരസ്യ നികുതി ഈടാക്കുന്നുണ്ടെന്നും പരസ്യ നികുതി പിരിക്കുന്നതിനുള്ള ചുമതല പുറമെ നിന്നുള്ള ഏജൻസിക്കാണ് നൽകിയിരിക്കുന്നതെന്നും നഗരസഭയെ പ്രതിനിധീകരിച്ച് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

73. സംസ്ഥാനത്ത് ഏതാനും വിദേശ മലയാളികളുടെ കൂട്ടായ്മയിൽ ആരംഭിച്ച 'മുരള്യാ' എന്ന പാൽകമ്പനിയുടെ വണ്ടി, ലൈസൻസും മറ്റ് അനുമതികളും ഉണ്ടായിട്ടും പിടിച്ചെടുത്ത ശേഷം അതിൽ പതിച്ചിരുന്ന പരസ്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നീക്കം ചെയ്തെന്ന് സമിതി അംഗം ചൂണ്ടിക്കാട്ടുകയും പരസ്യ നികുതി ഈടാക്കുന്ന കാര്യത്തിൽ അഭിപ്രായ സമന്വയം സൃഷ്ടിക്കുന്നതിന് പ്രാദേശിക ഭരണകൂടം മുൻകൈ എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

74. തിരുവനന്തപുരം കോർപ്പറേഷൻ പരസ്യം നൽകാറുള്ളത് ഒറ്റ ഏജൻസിക്ക് ആണെങ്കിൽ അതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാൻ സമിതി ആവശ്യപ്പെട്ടു. ബൈലോ അനുസരിച്ച് ലേലം ചെയ്താണ് പരസ്യം നൽകുന്നതെന്നും പരസ്യമായി നടത്തുന്ന ലേലത്തിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്നവർക്കാണ് ലേലം ഉറപ്പിക്കുന്നതെന്നും കോർപ്പറേഷന്റെ പരിധിയിൽ വരുന്ന മുഴുവൻ പ്രദേശത്തിനായി ഒരു വർഷത്തേക്ക് നടത്തുന്ന ഒറ്റ ലേലത്തിൽ സാമ്പത്തിക വർഷം സ്ഥാപിക്കുന്ന മുഴുവൻ പരസ്യ ബോർഡുകളും ഉൾപ്പെടുമെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

75. യു.എൽ.ബി.-കൾ പരസ്യ നികുതി ഈടാക്കുന്ന വിഷയം എ.ജി. പരിശോധിക്കേണ്ടതാണെന്നും നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബൈലോ പ്രകാരം തിരുവനന്തപുരം കോർപ്പറേഷൻ പരസ്യ നികുതി ഈടാക്കുന്നത് പോലെ മറ്റ് യു.എൽ.ബി.-കളും പരസ്യ നികുതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണെന്നും സമിതി അംഗം ആവശ്യപ്പെട്ടു.

76. കോർപ്പറേഷന്റെ അധികാര പരിധിയിൽ വരുന്ന പരസ്യങ്ങൾക്ക് ലൈസൻസ് ഫീസ് ആണോ നികുതിയാണോ പിരിക്കുന്നതെന്ന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ് ആരാഞ്ഞതിന് നികുതി തന്നെയാണ് പിരിക്കുന്നതെന്ന് തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഒരു നിശ്ചിത സമയത്തേക്കുള്ള പരസ്യ നികുതി പിരിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ ലേല നടപടികൾ ആരംഭിക്കുമെന്നും മുൻ പരിചയമുള്ളവർ ഉൾപ്പെടെ ലേലത്തിൽ പങ്കെടുത്തേക്കാമെന്നും കൂടുതൽ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയുടെ ക്വട്ടേഷൻ/ടെണ്ടർ/ലേലം കോർപ്പറേഷൻ അംഗീകരിക്കുകയും ബൈലോ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരസ്യ നികുതി പിരിക്കാൻ ലേലം കൊണ്ടയാൾക്ക് അനുമതി നൽകുകയും ചെയ്യുന്ന രീതിയാണ് കോർപ്പറേഷൻ അവലംബിക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു.

77. പരസ്യ ബോർഡുകൾ വയ്ക്കാൻ അനുമതിയുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്നും അതിന് പ്രത്യേക നിയമം എന്തെങ്കിലും ഉണ്ടോയെന്നും സമിതി ആരാഞ്ഞതിന് ബോർഡുകൾ വയ്ക്കുന്നതിന് അനുവദനീയമായ സ്ഥലങ്ങളുണ്ടെന്നും റെയിൽവേയുടെ ബോർഡുകൾ ഒന്നും മറയാൻ പാടില്ലെന്നും പൊതുജനങ്ങൾക്ക് തടസ്സം വരുന്ന രീതി ഉണ്ടാകരുതെന്നും ട്രാഫിക് തടസ്സം ഉണ്ടാകരുതെന്നുമുള്ള ബൈലോയിലെ വ്യവസ്ഥകൾ ലംഘിച്ചാൽ കോർപ്പറേഷന് ബോർഡുകൾ നീക്കം ചെയ്യാൻ സാധിക്കുമെന്നും അതിനുവരുന്ന നഷ്ടം ലേലമെടുത്ത കക്ഷി ബന്ധപ്പെട്ട കക്ഷിക്ക് നഷ്ടപരിഹാരമായി നൽകണമെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

78. മറ്റ് ലോക്കൽ ബോഡികളും നഗര സ്ഥാപനങ്ങളും തിരുവനന്തപുരം കോർപ്പറേഷൻ പിന്തുടരുന്നത് പോലെ ഏജൻസി വഴി പരസ്യ നികുതി പിരിക്കാനായി നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് സി.&എ.ജി. ഓഫീസ് സീനിയർ ഓഡിറ്റ് ഓഫീസർ ചോദിച്ചതിന് ചെറിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം ഏജൻസികളെ ലഭിക്കണമെന്നില്ലെന്നും പകരം അവർ സ്വന്തമായി പരസ്യ നികുതി പിരിക്കുന്നുണ്ടെന്നും അതിൽ വരുന്ന പ്രശ്നം മുൻ വർഷം രണ്ട് ലക്ഷം രൂപ ലഭിച്ച സ്ഥാനത്ത് നടപ്പുവർഷം ഒന്നര ലക്ഷം രൂപയാണ് ലഭിക്കുന്നതെങ്കിൽ ഓഡിറ്റ്

വീക്ഷണത്തിൽ അതൊരു ബാധ്യതയായി നിൽക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

79. ഓഡിറ്റ് നടന്ന സമയത്ത് നെടുമങ്ങാട് മുനിസിപ്പാലിറ്റിയും തിരുവനന്തപുരം കോർപ്പറേഷനും മാത്രമാണ് പരസ്യ നികുതി പിരിച്ചിരുന്നതെന്നും അതുപോലെ മറ്റുള്ളവരും പിരിക്കുന്നുണ്ടോയെന്നാണ് ആരാഞ്ഞതെന്നും സി.&എ.ജി. ഓഫീസ് സീനിയർ ഓഡിറ്റ് ഓഫീസർ അറിയിച്ചു.

80. ജി.എസ്.റ്റി. വന്നപ്പോൾ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന വിനോദ നികുതി, പ്രദർശന നികുതി തുടങ്ങിയവ ഇല്ലാതായെന്നും പരസ്യ നികുതി ജി.എസ്.റ്റി.യുടെ പരിധിയിൽ വരാത്തതിനാൽ പിരിക്കുന്നതിൽ തടസ്സമില്ലായെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. വിനോദ നികുതിയും പ്രദർശന നികുതിയും ജി.എസ്.റ്റി.യുടെ പരിധിയിലാക്കുകയും പരസ്യ നികുതി മാത്രം പ്രത്യേകം പിരിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കിയ സമിതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പരസ്യ നികുതി പിരിക്കുന്നുണ്ടോയെന്ന് അന്വേഷണം നടത്താൻ നിർദ്ദേശം നൽകി.

81. കൊച്ചിൻ കോർപ്പറേഷനിൽ കൃത്യമായി പരസ്യ നികുതി പിരിക്കുന്നുണ്ടെന്നും ആ ഇനത്തിൽ നല്ല വരുമാനം ലഭിക്കുന്നുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷനിൽ നടപ്പാക്കിയ രീതിയിൽ തന്നെയാണ് നികുതി പിരിവെന്നും വലിയ ഹോർഡിംഗ്സുകളാണെങ്കിൽ കോർപ്പറേഷൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് കോർപ്പറേഷന്റെ അനുമതിയോടെ മാത്രമേ വയ്ക്കാൻ അനുവാദം നൽകാറുള്ളൂവെന്നും വൈദ്യുത പോസ്റ്റാണെങ്കിൽ റോഡിന്റെ വശത്ത് തടസ്സം വരാത്ത രീതിയിൽ ബോർഡ് വയ്ക്കണമെന്ന് നിർദ്ദേശം നൽകുമെന്നും കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ ഉദ്യോഗസ്ഥൻ വിശദമാക്കി.

82. കൊച്ചി മെട്രോ പരസ്യ ബോർഡ് വയ്ക്കുമ്പോൾ കോർപ്പറേഷന് ആദായം ലഭിക്കാറുണ്ടോയെന്ന് സമിതി അംഗം ആരാഞ്ഞതിന് ലഭിക്കുന്നില്ലെന്നും അത് സംബന്ധിച്ച കേസ് നടന്നുകൊണ്ടിരിക്കുകയാണെന്നും വസ്തു നികുതിയെ സംബന്ധിച്ച പ്രശ്നം നിലനിൽക്കുകയാണെന്നും കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി

കണക്കാക്കാനായി റെയിൽവേ ആക്ട് ആണ് ചൂണ്ടിക്കാണിക്കുന്നതെന്നും റെയിൽവേ ആക്ട് പ്രകാരം കോർപ്പറേഷന് അധികാരമില്ലെന്നാണ് പറയുന്നതെന്നും കൊച്ചിൻ കോർപ്പറേഷൻ ഉദ്യോഗസ്ഥൻ മറുപടി നൽകി.

83. ദേശീയ പാതയിൽ നിന്നും കൊച്ചിൻ കോർപ്പറേഷനിൽ നിന്നും വിട്ടുനൽകിയ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോയുടെ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്നത് സംബന്ധിച്ചും വസ്തു നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ചും കൊച്ചി മെട്രോ പരസ്യ ബോർഡ് വയ്ക്കുമ്പോൾ കോർപ്പറേഷനിൽ ഒടുക്കേണ്ട പരസ്യ നികുതി സംബന്ധിച്ചും കൂടുതൽ അന്വേഷണം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു

നിഗമനങ്ങൾ/ശിപാർശകൾ

84. തിരുവനന്തപുരം കോർപ്പറേഷൻ പരസ്യനികുതി ഈടാക്കുന്നത് പോലെ മറ്റ് തദ്ദേശസ്ഥാപനങ്ങൾ പരസ്യ നികുതി ഈടാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ മാനദണ്ഡം എന്താണ്; എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

85. വിനോദ നികുതിയും പ്രദർശന നികുതിയും ജി.എസ്.റ്റി.യുടെ പരിധിയിലാക്കിയെങ്കിലും പരസ്യ നികുതി ജി.എസ്.റ്റി.യുടെ പരിധിയിൽ വരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും പരസ്യ നികുതി പിരിച്ച് തദ്ദേശസ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

86. പരസ്യനികുതി, വസ്തുനികുതി, കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നല്കുക, എന്നിവ സംബന്ധിച്ച് കൊച്ചി കോർപ്പറേഷനും കൊച്ചി മെട്രോയുമായി നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വിനോദ നികുതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്നതൊഴികെയുള്ള വിനോദ നികുതി[18] 2017 ജൂലൈ 01 മുതൽ ജി.എസ്.റ്റി.-യിൽ ഉപസംഹരിച്ചു[19]. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ വിനോദ നികുതി പിരിക്കുന്നത് 2017 ജൂലൈ മുതൽ നിർത്തലാക്കിക്കൊണ്ട് 2017 ജൂൺ 24-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനോദ നികുതി ചുമത്തുന്നത് 2019 ജൂൺ 10 മുതൽ വീണ്ടും അനുവദിക്കുകയുണ്ടായി. അങ്ങനെ, 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ യു.എൽ.ബി.-കൾക്ക് വരുമാനമായി വിനോദ നികുതി പിരിക്കുവാൻ സാധിച്ചിരുന്നില്ല. ഇക്കാലത്തിലുള്ള നഷ്ടം പരിഹരിക്കുന്നതിനായി, യു.എൽ.ബി.-കൾക്ക് നഷ്ടപരിഹാരമായി 2017-18 കാലയളവിലേയ്ക്കായി സർക്കാർ ₹83.72 കോടി അനുവദിച്ചു (2018 ഒക്ടോബർ). എന്നാൽ, 2018 ഏപ്രിൽ മുതൽ 2019 മെയ് വരെയുള്ള കാലയളവിലേക്ക് ഒരു നഷ്ടപരിഹാരവും നൽകാതിരുന്നത് യു.എൽ.ബി.-കൾക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നതിന് ഇടയാക്കി. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്വയംഭരണാധികാരത്തെ വെട്ടിക്കുറയ്ക്കുന്നതിന് ഇടയാക്കിയ തെറ്റായ ഒരു സർക്കാർ ഉത്തരവ് കാരണം, മുനിസിപ്പാലിറ്റികളുടെ തനതു വരുമാനം പ്രതികൂലമായി ബാധിക്കപ്പെട്ടു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ആറാം എസ്.എഫ്.സി. അതിന്റെ പ്രഥമ റിപ്പോർട്ടിൽ (2020 ഡിസംബർ) വിനോദ നികുതിയും പരസ്യ നികുതിയും പിരിക്കുന്നത് നിർത്തലാക്കിയ സർക്കാർ നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും ₹100 കോടിയോളം നഷ്ടമുണ്ടാക്കിയെന്ന് അംഗീകരിക്കവെ ശിപാർശ ചെയ്തത്, സർക്കാർ ജി.എസ്.റ്റി. പിരിക്കുന്നതിലൂടെ 2017-18 മുതൽ ഉള്ള ഈ സഞ്ചിതനഷ്ടം 2021 ഏപ്രിൽ 01 മുതൽ 04 അർദ്ധവാർഷിക ഗഡുക്കളായി നികത്തണമെന്നാണ്. ഇത് പാലിക്കപ്പെട്ടില്ലെന്ന് കണ്ടു (2021 നവംബർ).

---

18 1961 ലെ കേരള തദ്ദേശ അധികാരികളുടെ വിനോദ നികുതി നിയമത്തിലെ മൂന്നാം വകുപ്പ്.

19 2016 സെപ്റ്റംബർ 8-ാം തീയതിയിലെ 101-ാം ഭരണഘടനാ ഭേദഗതി നിയമം 2016 ലെ 17(B) വകുപ്പ് പ്രകാരം.

വിനോദ നികുതിയുടെയും പരസ്യ നികുതിയുടെയും സഞ്ചിതനഷ്ടം നികത്താനുള്ള ആറാം എസ്.എഫ്.സി.-യുടെ ശിപാർശ സർക്കാർ പരിഗണിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് എ.സി.എസ്. എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) ഉറപ്പു നൽകി.

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അധ്യായം II ആയി ചേർത്തിരിക്കുന്നു.

87. സർക്കാരിൽ നിന്നുള്ള മറുപടി അംഗീകരിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദേശിക്കുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

88. വിനോദ നികുതി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച്, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പ്രദർശന നികുതി

മുനിസിപ്പാലിറ്റി പ്രദേശത്ത് നടത്തുന്ന എല്ലാ പ്രദർശനങ്ങൾക്കും മുനിസിപ്പൽ കൗൺസിൽ പ്രമേയം വഴി തീരുമാനിക്കുന്ന പ്രകാരം പ്രദർശന നികുതി ചുമത്തേണ്ടതാണ് എന്ന് കെ.എം. നിയമം വിഭാവനം ചെയ്യുന്നു. എല്ലാ രണ്ടുവർഷം കഴിയുമ്പോഴും ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി കൗൺസിലിന് പ്രസ്തുത നികുതി ചുമത്താവുന്നതാണ്. ഇതു കൂടാതെ, വിനോദനികുതി ചുമത്താൻ പാടില്ലാത്ത ഒരു പ്രദർശനത്തിനും പ്രദർശന നികുതി ചുമത്താൻ പാടുള്ളതല്ല.

പ്രദർശന നികുതിയുടെ നിലവിലെ ഏറ്റവും കുറഞ്ഞ നിരക്കായ ₹5 മുതൽ ₹50 വരെയുള്ളത് 100 ശതമാനം കൂട്ടി വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് എസ്.എഫ്.സി. ശിപാർശ ചെയ്തിരുന്നു. സർക്കാർ ഈ ശിപാർശ അംഗീകരിച്ചെങ്കിലും, നടപ്പാക്കിയില്ല. 1999 മാർച്ച് 24-ന് നിശ്ചയിച്ച നികുതി നിരക്ക് ഇരുപത്തിയൊന്ന് വർഷ കാലയളവിനു

ശേഷവും പരിഷ്കരിച്ചില്ല. 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെ വിനോദ നികുതി നിർത്തലാക്കിയിരുന്നപ്പോൾ ഉള്ള കാലയളവിൽ പ്രദർശന നികുതിയും ചുമത്തിയിരുന്നില്ല എന്നും ഈയിനത്തിലുള്ള നഷ്ടം ഇപ്പോഴും നികത്തിയിട്ടില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത): ഓഡിറ്റ് ഖണ്ഡിക 4.2.5.5]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അധ്യായം II ആയി ചേർത്തിരിക്കുന്നു.

89. പ്രദർശന നികുതി ജി.എസ്.റ്റി.-യിൽ ഉൾപ്പെടുത്തിയപ്പോൾ ഉണ്ടായ നഷ്ടം നികത്താൻ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ജി.എസ്.റ്റി. വന്നതിനുശേഷം പ്രദർശന നികുതി ഈടാക്കുന്നില്ലെന്ന് കൽപ്പറ്റ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

90. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഉണ്ടായിരുന്ന വരുമാനം നഷ്ടമാകുമ്പോൾ ജി.എസ്.റ്റി. നിയമപ്രകാരം നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിട്ടും അത് നൽകുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെടുകയും പ്രദർശന നികുതിയിൽ അവർക്കുണ്ടായ നഷ്ടം നികത്തേണ്ടതായിട്ടുണ്ടെന്ന് വിലയിരുത്തുകയും ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

91. മുനിസിപ്പാലിറ്റി പ്രദേശത്ത് നടത്തുന്ന എല്ലാ പ്രദർശനങ്ങൾക്കും മുനിസിപ്പൽ കൗൺസിൽ പ്രമേയം വഴി തീരുമാനിക്കുന്ന പ്രദർശന നികുതി ചുമത്താമെന്നും, ആയത് എല്ലാ രണ്ടു വർഷവും കഴിയുമ്പോൾ ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി കൗൺസിലിന് പ്രദർശന നികുതി ചുമത്താമെന്നും, എന്നാൽ വിനോദ നികുതി ചുമത്താൻ പാടില്ലാത്ത ഒരു പ്രദർശനത്തിനും പ്രദർശന നികുതി ഈടാക്കാൻ പാടില്ലെന്നും, 1999 മാർച്ച് 24-ന് നിശ്ചയിച്ച പ്രദർശന നികുതി നാളിതുവരെ പരിഷ്കരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.

92. തദ്ദേശ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളിൽ ഒന്നായ പ്രദർശന നികുതി കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രദർശന നികുതി കാലോചിതമായി പരിഷ്കരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

93. 2017 ജൂലൈ 1 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ പ്രദർശന നികുതി ഈടാക്കിയിരുന്നില്ലെന്നും ഈ ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്തേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടി സർക്കാർ മറുപടിയിൽ നിന്ന് വ്യക്തമല്ലാത്തതിനാൽ 2017 ജൂലൈ 1 മുതൽ 2019 ജൂൺ 10 വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഉള്ള ലൈസൻസ്

അപകടകരവും, അസഹ്യവുമായ വ്യാപാരങ്ങൾ നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം മുനിസിപ്പൽ കൗൺസിൽ അനുവദിക്കുകയോ, അനുമതി നിഷേധിക്കുകയോ ചെയ്യേണ്ടതാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾ, മറ്റു വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ[20] നടപ്പാക്കുന്നതിനുള്ള സമയം 2011 ജനുവരി മുതൽ 2017 ജനുവരി[21] വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ച നിരവധി

20 2020 ഒക്ടോബർ 30 മുതൽ ഈ ലൈസൻസ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് എന്ന് പുനർനാമകരണം ചെയ്തു.

21 2020 ഒക്ടോബർ 30 ലെ നോട്ടിഫിക്കേഷൻ മുഖാന്തരം 2011-ലെ കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾ, മറ്റു വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്കുള്ള ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ലൈസൻസുകൾക്ക് പുതുക്കിയ നിരക്കുകൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഭേദഗതി ചെയ്തു.

സർക്കാർ ഉത്തരവുകളിലൂടെ[22] നിരന്തരം നീട്ടി വച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ചട്ടങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കുകൾ അനുസരിച്ച് ലൈസൻസ് ഫീ ചുമത്തുന്നത് തുടർന്നുകൊണ്ടിരിക്കുകയും തൽഫലമായി 2011 മുതൽ 2018 വരെയുള്ള കാലയളവിൽ യു.എൽ.ബി.-കൾക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാന സ്രോതസ്സ് നിഷേധിക്കപ്പെടുകയും ചെയ്തു.

നികുതി ചുമത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥയായ "ഷെഡ്യൂൾ III-ൽ പ്രതിപാദിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കുകൾ പ്രകാരം" എന്നതിന് പകരം "ഷെഡ്യൂൾ III-ൽ പ്രതിപാദിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം" എന്ന് ചേർത്ത് കൊണ്ട് സർക്കാർ 2020 ഒക്ടോബറിൽ യു.എൽ.ബി. കൗൺസിലുകളുടെ നികുതി ചുമത്തുവാനുള്ള അധികാരം കൂടുതൽ വെട്ടിക്കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചു എന്നും ഓഡിറ്റ് കണ്ടിരുന്നു.

ഓഡിറ്റിന്റെ നിരീക്ഷണം അംഗീകരിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പ് എ.സി.എസ്സ്. അംഗീകരിക്കുകയും ഡി.&ഒ. ലൈസൻസ് നൽകുന്നതിനുള്ള ലൈസൻസ് ഫീ നിരക്കുകൾ സംസ്ഥാന സർക്കാർ നിശ്ചയിച്ചതിന്റെ ഫലമായി യു.എൽ.ബി.-കളുടെ നികുതി ചുമത്തുവാനുള്ള അധികാരം വെട്ടിച്ചുരുക്കിയെന്നും കുറഞ്ഞ നിരക്കുകൾ കുറവായി തന്നെ തുടർന്നു എന്നും പ്രസ്താവിക്കുകയും ചെയ്തു (2021 നവംബർ).

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത): ഓഡിറ്റ് ഖണ്ഡിക 4.2.5.6]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അദ്ധ്യായം II ആയി ചേർത്തിരിക്കുന്നു.

94. ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു

22 2011 ജനുവരി 25 മുതൽ 2017 ജനുവരി 10 വരെ സർക്കാർ പുറപ്പെടുവിച്ച 12 ഉത്തരവുകൾ.

നിഗമനങ്ങൾ/ശിപാർശകൾ

95. അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഉള്ള ലൈസൻസ് ഫീ നിരക്കുകൾ സംസ്ഥാന സർക്കാർ നിശ്ചയിച്ചതിന്റെ ഫലമായി യു.എൽ.ബി.-കളുടെ നികുതി ചുമത്താനുള്ള അധികാരം വെട്ടിച്ചുരുക്കിയെന്ന സർക്കാർ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മറ്റു സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം

നികുതിയേതര സ്രോതസ്സുകളിൽ നിന്നും മതിയായ വരുമാനം ഉണ്ടാക്കുന്നതിൽ അപര്യാപ്തത ഉണ്ടായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു

വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാടക

കെ.എം. നിയമത്തിനു കീഴിൽ ഒരു മുനിസിപ്പാലിറ്റിയ്ക്ക് വാണിജ്യപരമോ മറ്റു ആവശ്യങ്ങൾക്കോ ഉള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയും, ലൈസൻസിന് പൊതു ജനങ്ങൾക്ക് വാടകയ്ക്ക് നൽകുകയും, കെട്ടിടത്തിന്റെ ഉപയോഗത്തിനും വ്യാപാരത്തിനും അത് നിശ്ചയിക്കുന്ന ഫീസ് ചാർജ്ജ് ചെയ്യാവുന്നതുമാണ്. എന്നാൽ തെരഞ്ഞെടുത്ത യു.എൽ.ബികളിൽ തനതു വരുമാനത്തിൽ ഈ വരുമാനസ്രോതസ്സിന്റെ പങ്ക് തൃപ്തികരമല്ലായിരുന്നു. തെരഞ്ഞെടുത്ത 21 യു.എൽ.ബി.-കളിലെ രേഖകൾ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത്, 2020 മാർച്ച് അവസാനത്തോടെ ₹4.11 കോടി വരുന്ന വാടക തുക കുടിശ്ശിക ഉണ്ടായിരുന്നു എന്നാണ്. യു.എൽ.ബി.-കൾ തന്നെ നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്നുള്ള അർഹമായ വാടക സത്വരമായി പിരിച്ചെടുക്കേണ്ട അടിയന്തര ആവശ്യകതയെയാണ് ഇത് അടിവരയിടുന്നത്.

കെട്ടിട പെർമിറ്റ് ഫീസ്

തദ്ദേശസ്ഥാപനങ്ങൾക്ക് പെർമിറ്റ് ഫീ പിരിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങളിലെ (കെ.എം.ബി.ആർ.) ഷെഡ്യൂൾ II, 2010 ജൂണിൽ പെർമിറ്റ് ഫീ വർദ്ധിപ്പിച്ചുകൊണ്ട് പരിഷ്കരിച്ചു. കെ.എം.ബി.ആർ. 1999 പിന്നീട് 2019 നവംബറിൽ വീണ്ടും പരിഷ്കരിച്ചു. എന്നാൽ, പെർമിറ്റ് ഫീയ്ക്കുള്ള നിരക്കുകളുടെ ഷെഡ്യൂൾ 2010-ൽ നിശ്ചയിച്ചത് അതേപോലെ തുടർന്നു.

പിഴകൾ

വില, നാശനഷ്ടം, പിഴകൾ, നഷ്ടപരിഹാരം, വേതനം, ഫീസ് (സ്കൂൾ ഫീസ് അല്ലാത്തത്), ചെലവുകൾ, വാടക, സംഭാവനകൾ, മുനിസിപ്പാലിറ്റിക്കു കിട്ടേണ്ട മറ്റു തുകകൾ എന്നിവയെക്കുറിച്ചാണ് കെ.എം. നിയമത്തിലെ 538-ാം വകുപ്പ് പ്രതിപാദിക്കുന്നത്. കെ.എം. നിയമത്തിലെ നാലാം ഷെഡ്യൂളിലും അഞ്ചാം ഷെഡ്യൂളിലും 1999 മാർച്ച് 24 മുതൽ ചുമത്തേണ്ട പിഴ വ്യവസ്ഥ ചെയ്തെങ്കിലും ചുമത്തേണ്ട പിഴയുടെ നിരക്കുകൾ 22 വർഷക്കാലം കഴിഞ്ഞിട്ടും പരിഷ്കരിച്ചിട്ടില്ല.

യു.എൽ.ബി.-കളുടെ തനതു വരുമാന സ്രോതസ്സുകൾ ശക്തിപ്പെടുത്തുവാൻ മുകളിൽ പറഞ്ഞ ഇനങ്ങളുടെ നിരക്കുകൾ അടിയന്തിരമായി സർക്കാർ പുനഃപരിശോധിച്ച് വർദ്ധിപ്പിക്കേണ്ടതുണ്ട്.

തനതു വരുമാന ശേഖരണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുമെന്ന് സർക്കാർ മറുപടി പറഞ്ഞു (2021 ഡിസംബർ).

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത): ഓഡിറ്റ് ഖണ്ഡിക 4.2.5.7]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. നികുതിയേതര സ്രോതസ്സുകളിൽ നിന്നും മതിയായ വരുമാനം ഉണ്ടാക്കുന്നതിലെ അപര്യാപ്തത സംബന്ധിച്ച ഓഡിറ്റ് പരാമർശം പരിഗണിക്കവെ യു.എൽ.ബി.-കളുടെ തനതു വരുമാന ശേഖരണം ശക്തിപ്പെടുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞു. 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങളിലെ ഷെഡ്യൂൾ II, പെർമിറ്റ് ഫീസ് വർദ്ധിപ്പിച്ചുകൊണ്ട് 2010-ലും 2019-ലും പരിഷ്കരിച്ചെങ്കിലും 2010-ലെ ഫീസ് തന്നെയാണ് നിലനിൽക്കുന്നതെന്ന് സി.&എ.ജി. ഓഫീസ് സീനിയർ ഓഡിറ്റ് ഓഫീസർ ചൂണ്ടിക്കാട്ടി.

97. പെർമിറ്റ് ഫീസ് വർദ്ധിപ്പിക്കുന്ന വിഷയം ധനകാര്യ കമ്മീഷന്റെ ശിപാർശയിലുണ്ടെന്നും പുതിയ നിരക്കനുസരിച്ച് ഫീസ് ഘടന പരിഷ്കരിക്കാനുള്ള ഭേദഗതി നിർദ്ദേശം തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ സമ്മതത്തോടുകൂടി

ക്യാബിനറ്റിലേക്ക് അയച്ചിട്ടുണ്ടെന്നും ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു. പെർമിറ്റ് ഫീസ് ഘടന പരിഷ്കരിക്കാനുള്ള ഭേദഗതി നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

98. പെർമിറ്റ് ഫീസ് ഘടന പരിഷ്കരിക്കാനുള്ള ഭേദഗതി നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിനെ ആശ്രയിക്കുന്നതിലെ അപര്യാപ്തത

യു.എൽ.ബി.-കളുടെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിക്കുവാനുള്ള ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഇൻഫർമേഷൻ കേരളാ മിഷനെയാണ് (ഐ.കെ.എം). ഐ.കെ.എമ്മിന്റെ സാങ്കേതിക സഹായ അടിസ്ഥാന സൗകര്യ നിർവ്വഹണ വിഭാഗം ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ച് യു.എൽ.ബി.-കൾക്ക് സഹായം നൽകുന്നു. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനങ്ങളിൽ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിന്റെ ഓപ്പറേഷനിൽ കൈത്താങ്ങായുള്ള പ്രവർത്തനവും ലോക്കൽ ഡേറ്റാബേസിലെ ഡേറ്റാ എൻട്രിയ്ക്ക് വേണ്ട സഹായവും ഉൾപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ സമ്പ്രദായം കംമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഐ.കെ.എം. വികസിപ്പിച്ച റവന്യൂ ആൻഡ് ലൈസൻസ് സിസ്റ്റം സോഫ്റ്റ്വെയർ ആണ് സഞ്ചയ. വസ്തു നികുതി, തൊഴിൽനികുതി, കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും വാടക, അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളുടെ ലൈസൻസ്, ഭക്ഷ്യവസ്തു മായം ചേർക്കൽ തടയൽ, പരസ്യ നികുതി മുതലായവ ഈ സോഫ്റ്റ്വെയർ കൈകാര്യം ചെയ്യുന്നു. വസ്തു നികുതി സ്വയം സാക്ഷ്യപ്പെടുത്തലിന്റെ ഇ-ഫയലിംഗ്, തൊഴിൽ നികുതി വിവരങ്ങളുടെ ഇ-ഫയലിംഗ്, ഇ-പെയ്മെന്റ് സമ്പ്രദായം, ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റുകൾ (ഡി.സി.ബി.) പുറപ്പെടുവിക്കുക മുതലായവയ്ക്കുള്ള സഹായവും സോഫ്റ്റ്വെയർ നൽകുന്നു.

സോഫ്റ്റ്വെയർ 2010-11-ൽ വികസിപ്പിക്കുകയും 2016-17-ൽ എല്ലാ യു.എൽ.ബി.-കളിലും പ്രവർത്തനസജ്ജമാക്കുകയും ചെയ്തു.

2019 മാർച്ചിലെ സർക്കാർ ഉത്തരവുപ്രകാരം, വസ്തു നികുതിയുടെ ഡേറ്റാ എൻട്രി സഞ്ചയ ഡേറ്റാബേസിൽ 2019 സെപ്റ്റംബറോടെ പൂർത്തിയാക്കണമായിരുന്നു. സംസ്ഥാനത്തെ 93 യു.എൽ.ബി.-കളിൽ 48 എണ്ണം മാത്രമെ ഇന്നുവരെ (2021 മാർച്ച്/ഏപ്രിൽ) അന്തിമമാക്കിയ ഡേറ്റാബേസ് ഉപയോഗിക്കുന്നുണ്ടായിരുന്നുള്ളൂ എന്ന് നഗരകാര്യ ഡയറക്ടർ ഓഡിറ്റിനോട് സ്ഥിരീകരിച്ചു. തെരഞ്ഞെടുക്കപ്പെട്ട യു.എൽ.ബി.-കളിൽ, ഏഴ് യു.എൽ.ബികൾ[23] മാത്രമേ വസ്തു നികുതി ഡേറ്റാബേസിൽ എൻട്രികൾ രേഖപ്പെടുത്തിയിരുന്നുള്ളൂ. നാല് യു.എൽ.ബി.-കളിൽ[24] മാത്രമേ ഡി ആന്റ് ഒ മോഡ്യൂൾ ഡേറ്റാബേസ് പ്രവർത്തനക്ഷമമാക്കിയിരുന്നുള്ളൂ. പൊതുജനങ്ങൾക്ക് നേരിട്ട് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ലൈസൻസുകളും പ്രിന്റ് ചെയ്യുന്നതിനുള്ള സൗകര്യം പരിശോധന നടത്തി യഥാക്രമം ഒൻപതും എട്ടും യു.എൽ.ബികളിൽ നൽകിയിരുന്നു. ഐ.കെ.എമ്മിന്റെ ഭരണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പോലെ ഹാൾബുക്കിംഗ്, ആംബുലൻസ്, വാഹനങ്ങൾ, ശ്മശാനം മുതലായ പണമടച്ചുള്ള സേവനങ്ങൾക്ക് വേണ്ട പ്രത്യേക മോഡ്യൂളുകൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു. വസ്തു നികുതിയ്ക്കും ഡി ആൻഡ് ഒ ലൈസൻസിനും ഒഴികെയുള്ള സൗകര്യങ്ങൾ തെരഞ്ഞെടുത്ത യു.എൽ.ബി.-കളിലെ സഞ്ചയ സോഫ്റ്റ്വെയറിൽ പ്രവർത്തനക്ഷമമല്ലായിരുന്നു. അങ്ങനെ, എല്ലാ യു.എൽ.ബി.-കളിലും ഐ.കെ.എമ്മിൽ നിന്ന് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടും, യു.എൽ.ബി.-കൾ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കുന്നതിൽ സോഫ്റ്റ്വെയറിന്റെ ഉപയോഗ വ്യാപ്തി, അത് സ്ഥാപിച്ച് പത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും, വസ്തു നികുതിയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

---

23 തിരുവനന്തപുരം കോർപ്പറേഷൻ, നെടുമങ്ങാട്, പത്തനംതിട്ട, തിരുവല്ല, കട്ടപ്പന, മട്ടന്നൂർ, നീലേശ്വരം മുനിസിപ്പാലിറ്റികൾ.

24 പൊന്നാനി, നെടുമങ്ങാട്, കട്ടപ്പന മുനിസിപ്പാലിറ്റികളും തിരുവനന്തപുരം കോർപ്പറേഷനും.

യു.എൽ.ബി.-കളിലെ നികുതി പിരിവിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താനുള്ള ഒരു വ്യക്തമായ ചുവടുവയ്പ്പ് എന്ന നിലയിൽ എല്ലാ മുനിസിപ്പാലിറ്റികളിലും ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പതിവായി നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെറിപ്പോർട്ട് നം.3 (74-ാം ഭരണഘടനാഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത):ഓഡിറ്റ് ഖണ്ഡിക 4.2.6]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ സമ്പ്രദായം കമ്പ്യൂട്ടർവത്കരിക്കുന്നതിന് ഐ.കെ.എം. വികസിപ്പിച്ച റവന്യൂ ആൻഡ് ലൈസൻസ് സിസ്റ്റം സോഫ്റ്റ്വെയറായ 'സഞ്ചയ'യെ ആശ്രയിക്കുന്നതിലെ അപര്യാപ്തത സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള ചർച്ചയിൽ നിലവിൽ 93 യു.എൽ.ബി.-കളിൽ 89 എണ്ണവും 'സഞ്ചയ' ഡേറ്റാബേസ് ഉപയോഗിക്കുന്നുണ്ടെന്നും രാമനാട്ടുകര, കൊടുവള്ളി, പന്തളം, ഹരിപ്പാട് എന്നീ നാല് ലോക്കൽ ബോഡികളാണ് 'സഞ്ചയ' സോഫ്റ്റ്വെയറിലേക്ക് മാറാനുള്ളതെന്നും അവ ഉടൻതന്നെ 'സഞ്ചയ'യിലേക്ക് പൂർണ്ണമായും മാറുമെന്നും ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഐ.കെ.എം. ന്റെ മറുപടി രേഖാമൂലം സമിതിയുടെ പരിഗണനയ്ക്ക് നല്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ ശിപാർശകൾ

100. ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിനെ ആശ്രയിക്കുന്നതിലെ അപര്യാപ്തത എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

മനുഷ്യവിഭവങ്ങൾ

യു.എൽ.ബി.-കളിലെ മനുഷ്യശേഷിയുടെ വ്യവസ്ഥാപനം

ചുമതലകളുടെയും ഫണ്ടുകളുടെയും കൈമാറ്റത്തിനോടൊപ്പം, സ്വയംഭരണത്തിനു പൂർണസജ്ജമായ യൂണിറ്റുകളായി യു.എൽ.ബികൾക്ക് ഫലപ്രദമായ പ്രവർത്തനം സുഗമമാക്കുന്നതിന് മതിയായ എണ്ണം ജീവനക്കാർ കൂടി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള ജീവനക്കാരുടെ ആവശ്യകത നിർണ്ണയിക്കുന്നതിന്റെയും യു.എൽ.ബികളിൽ ലഭ്യമായ മനുഷ്യശേഷിയുടെ പര്യാപ്തതയുടെയും ഓഡിറ്റ് നിരീക്ഷണങ്ങൾ ഇപ്രകാരമാണ്:

മനുഷ്യശേഷിയുടെ ആവശ്യകതയുടെ അപര്യാപ്തമായ നിർണ്ണയം

കെ.എം. നിയമത്തിലെ 222-ാം വകുപ്പ് പ്രകാരം, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കു വേണ്ടി ഒരു പൊതു മുനിസിപ്പൽ സർവീസ്, സർക്കാർ രൂപീകരിക്കേണ്ടതും മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ നിയമനവും സേവനവ്യവസ്ഥകളും നിയന്ത്രിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം, യു.എൽ.ബികളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും തരംതിരിവ്, നിയമനസമ്പ്രദായങ്ങൾ, സേവനവ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സംസ്ഥാന സർക്കാർ നിയന്ത്രിക്കുന്നു. കേരള മുനിസിപ്പൽ കോമൺ സർവീസ് (മിനിസ്റ്റീരിയൽ ആൻഡ് റവന്യൂ ബ്രാഞ്ച്) ക്വാളിഫിക്കേഷൻ ആൻഡ് മെത്തഡ് ഓഫ് അപ്പോയിന്റ്മെന്റ് റൂൾസ്, 2001, പൊതുജനാരോഗ്യ നിയമന ചട്ടങ്ങൾ, 1972, കേരള തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് സർവീസുകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ, 2007 എന്നിവ യു.എൽ.ബി.-കളിലെ ജീവനക്കാരുടെ നിയമനത്തെ നിയന്ത്രിക്കുന്നു. യു.എൽ.ബി.-കളിലെ വിവിധ വിഭാഗങ്ങൾ നിറവേറ്റുന്ന ചുമതലകൾ താഴെകൊടുത്തിരിക്കുന്നു:

യു.എൽ.ബി.-കളിലെ വിവിധ വിഭാഗങ്ങളെ ഏല്പിച്ചിരിക്കുന്ന ചുമതലകൾ

വിഭാഗങ്ങൾ/ സെക്ഷനുകൾ	ചുമതലകൾ
പൊതുഭരണം	കൗൺസിൽ, ജനറൽ എസ്റ്റാബ്ലിഷ്മെന്റ്, തപാൽ വിതരണവും അയയ്ക്കലും, ടൈപ്പിംഗ്, നിയമപരമായ കാര്യങ്ങൾ
റവന്യൂ	നികുതി നിർണ്ണയവും പിരിവും, മുനിസിപ്പാലിറ്റിയുടെ വസ്തുക്കളിന്മേലുള്ള ഫീസ് പിരിവ്, മുനിസിപ്പാലിറ്റി കെട്ടിടത്തിന്മേലുള്ള വാടക, സ്ഥിരതാമസ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ മാറ്റം എന്നിവ നൽകുന്നത്.
പൊതുജനാരോഗ്യവും ശുചിത്വവും	ശുചീകരണപ്രവൃത്തികളുടെ മേൽനോട്ടം, ജനന-മരണ-വിവാഹങ്ങളുടെ രജിസ്ട്രേഷൻ, ഫാക്ടറികൾ, വ്യാപാരങ്ങൾ, വ്യവസായ പ്രവൃത്തികൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസ് നൽകുന്നത്, ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, ടൂട്ടോറിയലുകളുടെ രജിസ്ട്രേഷൻ, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം, പൊതുജനാരോഗ്യ ബോധവൽക്കരണ പരിപാടികളുടെയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെയും മേൽനോട്ടം.
ധനകാര്യം/ അക്കൗണ്ട്സ്	എല്ലാ മുനിസിപ്പൽ ഫണ്ടുകളുടെയും അക്കൗണ്ടുകളുടെയും കൈകാര്യം ചെയ്യൽ, ബഡ്ജറ്റിന്റെയും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെയും തയ്യാറാക്കൽ, എല്ലാ വരവു ചെലവുകളും, സാമൂഹ്യസുരക്ഷാ പെൻഷൻ, റിക്കവറികൾ, മുൻകൂറുകൾ, വായ്പ, ജി.എസ്.ടി, ഓഡിറ്റ്
എൻജിനീയറിംഗ് ആൻഡ് ടൗൺ പ്ലാനിഗ്	എല്ലാ മുനിസിപ്പൽ പണികളും, ടൗൺ പ്ലാനിംഗ് പണികളും, ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികളും പൊതുമരാമത്തും, മുനിസിപ്പൽ വാഹനങ്ങളുടെ പരിപാലനം, ജലം-വൈദ്യുതി ചാർജ്ജുകൾ, ഭൂമി ഏറ്റെടുക്കൽ, എൻജിനീയറിംഗ് വിഭാഗത്തിന്റെ സ്ഥാപനം

വികസനം	വികേന്ദ്രീകൃതാസൂത്രണം, വാർഡ് സഭയും വികസന സെമിനാറും സംഘടിപ്പിക്കുന്നത്, പദ്ധതി അനുമതി മുതലായവയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും.
വിവിധം	കുടുംബശ്രീ, അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി.എസ്), ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) മുതലായവ
ക്ഷേമം	സാമൂഹ്യസുരക്ഷാ പെൻഷൻ, തൊഴിലില്ലായ്മ വേതനം

1. യു.എൽ.ബി.-കളിലെ അതിവേഗം വളരുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ജീവനക്കാരുടെ മതിയായ അംഗബലം അത്യാവശ്യമായിരുന്നു. യു.എൽ.ബി.-കൾ അവയുടെ പദവി ഉയർത്തുന്നതിനും പുതിയ തസ്തികകളുടെ സൃഷ്ടിയിലൂടെ സ്ഥാപനഘടന നവീകരിക്കുന്നതിനും, പ്രമേയങ്ങൾ പാസ്സാക്കി. 2014-ൽ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളെ I, II, III എന്നീ ഗ്രേഡുകളായി[25] തരംതിരിച്ചുവെങ്കിലും മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഇത്തരത്തിലുള്ള ഒരു വർഗ്ഗീകരണത്തിന് ശ്രമിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വർഗ്ഗീകരണ പ്രക്രിയയുടെ ഫലമായി, പുതുതായി രൂപീകരിച്ച 27 മുനിസിപ്പാലിറ്റികളിലും കണ്ണൂർ കോർപ്പറേഷനുകളിലും നിലവിലുള്ള മറ്റ് രണ്ട് കോർപ്പറേഷനുകളിലും[26] ഒഴികെ, നിലവിലുള്ള യു.എൽ.ബി.-കളിൽ പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന കൂടി ശ്രദ്ധയിൽപ്പെട്ടു. ഒരേ ഗ്രേഡിൽപ്പെടുന്ന മുനിസിപ്പാലിറ്റികൾക്കിടയിൽപ്പോലും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, സീനിയർ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് മുതലായ തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ വിപുലമായ വ്യതിയാനമുള്ളതായി ഓഡിറ്റ് നിരീക്ഷിച്ചു.

യു.എൽ.ബി.-കളിൽ മനുഷ്യശേഷിയെ സംബന്ധിച്ചിടത്തോളം അനുവദിക്കപ്പെട്ട അംഗബലമില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിലവിലെ സമ്പ്രദായമനുസരിച്ച്, ഓരോ യു.എൽ.ബി.-കളിൽ നിന്നുമുള്ള അഭ്യർത്ഥനകൾ നഗരകാര്യഡയറക്ടർ

25 ഒന്നാമത് എസ്.എഫ്.സിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 1993-ൽ മുനിസിപ്പാലിറ്റികളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യം തരംതിരിച്ചു. 1993-ന് ശേഷം 20 വർഷത്തെ ഇടവേള കഴിഞ്ഞ് 2014-ൽ മുനിസിപ്പാലിറ്റികളുടെ ഗ്രേഡിംഗ് നടന്നു.

26 കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകൾ

സർക്കാരിലേക്ക് അയയ്ക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് യു.എൽ.ബികളിലെ നിലവിലുള്ള തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ മാത്രമാണ് കേഡർ അംഗബലം നിശ്ചയിച്ചതായി കാണപ്പെട്ടത്. മറ്റു വിഭാഗങ്ങളിൽ ജീവനക്കാരുടെ ആവശ്യകത നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഒന്നുമില്ലായിരുന്നു. യു.എൽ.ബി.-കളിലെ ജീവനക്കാരുടെ ആവശ്യകത ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിന് സർക്കാരോ പുറമേയുള്ള ഏജൻസികളോ ഒരു പ്രവൃത്തി പഠനമോ നിർണ്ണയമോ നടത്തിയിട്ടില്ല.

കഴിയുന്നതും നേരത്തെതന്നെ തസ്തിക വിന്യാസത്തിന്റെ ശാസ്ത്രീയമായി പുനഃക്രമീകരണവും ഉറപ്പാക്കലും നടപ്പിലാക്കേണ്ടതാണെന്ന് നാലാമത് എസ്.എഫ്.സി. ശുപാർശ ചെയ്യുകയും അത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. യു.എൽ.ബി.-കളിലെ മനുഷ്യശേഷിയുടെ ആവശ്യകതയെപ്പറ്റി ഫലപ്രദമായ ഒരു പഠനം നടത്തേണ്ടതുണ്ടെന്നും ഇതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു ഏജൻസിയെ തിരഞ്ഞെടുക്കാമെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ശുപാർശയിന്മേൽ, നടപടി വിശദീകരണ റിപ്പോർട്ട് സർക്കാർ സമർപ്പിച്ചു (2011 മാർച്ച്). എന്നാൽ, നാളിതുവരെയും ഇക്കാര്യത്തിൽ ഒരു നടപടിയും എടുത്തിട്ടില്ല (2021 മാർച്ച്).

നഗരകാര്യ ഡയറക്ടർ (ഡി.യു.എ.) ഓഡിറ്റിന് സമർപ്പിച്ച വിവരങ്ങൾ പ്രകാരം, 2020 മാർച്ച് 31 വരെ, യു.എൽ.ബി.-കളിൽ നിലവിലുള്ള 7736 തസ്തികകൾക്കെതിരെ, 6754 പേരെയാണ് നിയമിച്ചത്. സംസ്ഥാനത്ത് 982 ഒഴിവുകളുള്ളതിൽ 123 എണ്ണം (12.52 ശതമാനം) യു.എൽ.ബി.-കളിലെ എൻജിനീയറിംഗ് വിഭാഗത്തിലാണുള്ളതെന്ന് സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തു. മുനിസിപ്പാലിറ്റികളുടെ ഗ്രേഡ്ഉയർത്തിയപ്പോൾ (2014 ജൂലൈ), മുനിസിപ്പാലിറ്റികളുടെ പരിഷ്കരിച്ച ഗ്രേഡ് പ്രകാരമുള്ള തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ലെന്ന് കൂടി ഡി.യു.എ. പ്രസ്താവിച്ചു (2021 ഏപ്രിൽ). അതിനാൽ, മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്ക് അവയുടെ ഗ്രേഡ് അനുസരിച്ചുള്ള പ്രത്യേക തസ്തിക വിന്യാസം ഇല്ല.

2020-ലെ പ്രഖ്യാപിത ജനസംഖ്യ പ്രകാരം 21 തെരഞ്ഞെടുത്ത യു.എൽ.ബി.-കളിൽ, ഓരോ 1000[27] ജനസംഖ്യയ്ക്കുള്ള ജീവനക്കാരുടെ എണ്ണം വിശകലനം ചെയ്തപ്പോൾ, 0.3 നും 2.74 നും ഇടയിൽ ആണെന്ന് കണ്ടു.

ആലുവ മുനിസിപ്പാലിറ്റിയിൽ ഓരോ 1000 ജനസംഖ്യയ്ക്ക് 2.74 ജീവനക്കാർ ഉണ്ടെന്നിരിക്കെ, 17 യു.എൽ.ബികളിൽ ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിൽ കുറവ് എണ്ണം ജീവനക്കാരാണുണ്ടായിരുന്നത്. മൂന്ന് യു.എൽ.ബി.-കളിൽ മാത്രമാണ് ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിനും രണ്ടിനും ഇടയിൽ ജീവനക്കാർ ഉണ്ടായിരുന്നത്. ജീവനക്കാരുടെ ക്ഷാമം സാമൂഹിക സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ ഗുണത്തെ പ്രതികൂലമായി ബാധിക്കും.

തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരങ്ങൾ കൈമാറിയത് മുഴുവനായും ഫലപ്രദമാകണമെങ്കിൽ തസ്തികാമാനദണ്ഡങ്ങൾ, നിയമനം മുതലായവ തീരുമാനിക്കുന്നതിലെ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം നിർബന്ധമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർക്കാരിന്റെ മുൻ അനുമതി കൂടാതെ ഒരു മുനിസിപ്പാലിറ്റിയുടെയും സർവ്വീസിൽ ഒരു തസ്തികയും സൃഷ്ടിക്കാൻ പാടില്ലാത്തതാണെന്ന് കെ.എം. നിയമത്തിലെ 223-ാം വകുപ്പ് വ്യക്തമായി വാദിക്കുമ്പോൾ, തദ്ദേശസ്ഥാപനങ്ങളിലെ മനുഷ്യശേഷിയുടെ കുറവിനെ സർക്കാർ പരമാവധി മുൻഗണന കൊടുത്ത് പരിഗണിക്കേണ്ടതുണ്ട്. ആവശ്യത്തിന് ജീവനക്കാർ തദ്ദേശ സ്ഥാപനങ്ങളിൽ ഇല്ലാതെ വന്നാൽ യു.എൽ.ബി.-കളിൽ ഫലപ്രദമായ ഒരു സ്വയംഭരണസംവിധാനം ഉറപ്പാക്കുക എന്ന ലക്ഷ്യം അട്ടിമറിക്കപ്പെടും.

എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ), തദ്ദേശസ്വയംഭരണ എ.സി.എസ്. ഓഡിറ്റ് നിരീക്ഷണം സ്വീകരിക്കുകയും, കാലക്രമേണ ഉത്തരവാദിത്വങ്ങൾ വികസിക്കുകയും വ്യാപ്തിക്കൂടുകയും ചെയ്യുന്നതിനാലും ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ പരസ്പര പൂരകമല്ലാത്തതിനാലും യു.എൽ.ബി.-കൾക്ക് അമിതഭാരം ഏൽക്കേണ്ടിവരുകയാണെന്ന് സൂചിപ്പിക്കുകയും ചെയ്തു.

---

27 തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗം ഒഴികെ.

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 5.1, 5.1.1]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മനുഷ്യശേഷി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള ചർച്ചയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മൊത്തത്തിലുള്ള മനുഷ്യശേഷി സംബന്ധിച്ച് പഠനം നടത്തണമെന്നും ആയതിനായി കമ്മിറ്റി രൂപീകരിക്കണമെന്നും അതിൽ ആരൊക്കെ അംഗങ്ങളായിരിക്കണമെന്നത് സംബന്ധിച്ച് ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടെന്നും ഇൻഫർമേഷൻ കേരള മിഷൻ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചു.

102. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ആവശ്യത്തിന് ജീവനക്കാരില്ലെന്നുള്ളത് വസ്തുതയാണെന്നും ജോലിഭാരം വർദ്ധിച്ചതനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മനുഷ്യശേഷിയെ സംബന്ധിച്ച് കൃത്യമായി ധാരണയില്ലാതെ ഏകീകരണം നടത്തിയത് മൂലം ചില മേഖലകളിൽ കൂടുതൽ ജീവനക്കാരെ വിന്യസിച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നും പദ്ധതികൾ അവസാനിച്ചാലും ബന്ധപ്പെട്ട ജീവനക്കാരെ പുനർവിന്യസിക്കാതെ തൽസ്ഥാനത്ത് തന്നെ തുടരാൻ അനുവദിക്കുകയാണെന്നും സമിതി വിലയിരുത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മനുഷ്യശേഷിയുടെ ആവശ്യകതയെപ്പറ്റി വിശദമായ പഠനം നടത്താൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

103. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയുന്ന വിധത്തിലുള്ള ജീവനക്കാരുടെ അംഗബലം തദ്ദേശസ്ഥാപനങ്ങളിൽ ഇല്ലെന്നത് വസ്തുതയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ

ആവശ്യകത സംബന്ധിച്ച് വിശദമായ പഠനം നടത്തി ജീവനക്കാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

104. തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിയിൽ പ്രവേശിപ്പിക്കുന്നവർ, അവിടെ നിന്ന് പിരിഞ്ഞുപോകുന്നതിനുള്ള പ്രവണത കൂടുതലായി കാണിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എഞ്ചിനീയറിംഗ് വിംഗിൽ എഞ്ചിനീയർമാരായി ജോലി പ്രവേശിപ്പിക്കുന്നവർ പിരിഞ്ഞു പോകുന്നതിനുള്ള പ്രവണത കാണിക്കുന്നതിനുള്ള കാരണങ്ങളും, അവരുടെ ജോലി ഭാരത്തെക്കുറിച്ചും അതിന്മേലുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ശരിയായി പഠിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ജീവനക്കാരുടെ നിയമത്തിലെ അപര്യാപ്തതകൾ

യു.എൽ.ബികളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി 74-ാം മത്. സി.എ.എ നടപ്പിലാക്കുവാൻ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടും, യു.എൽ.ബികളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും തരംതിരിക്കൽ, നിയമനരീതി, സേവനവ്യവസ്ഥകൾ, ശമ്പളവും വേതനവും, അച്ചടക്കവും പെരുമാറ്റവും, എന്നിവയുടെ മേൽ സർക്കാർ ഇപ്പോഴും നിയന്ത്രണം ഏർപ്പെടുത്തുന്നു.

ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് വേണ്ടി യു.എൽ.ബി-കൾ ഡി.യു.എക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും അത് കേരള പബ്ലിക് സർവീസ് കമ്മീഷന് (കെ.പി.എസ്.സി.) അയയ്ക്കുകയും ചെയ്യുന്നു. താഴെ കൊടുത്തിരിക്കുന്നത് പോലെ, യു.എൽ.ബി.-കൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും, കെ.പി.എസ്.സിക്കു ഒഴിവുകൾ നിശ്ചയിച്ച് അയയ്ക്കുന്നതിലും റിക്രൂട്ട്മെന്റിന്റെ മുഴുവൻ പ്രക്രിയ പൂർത്തിയാക്കുന്നതിലും ആളുകളെ നിയമിക്കുന്നതിലും വിശദീകരിക്കപ്പെടാത്ത കാലതാമസമുണ്ടായി.

- യു.എൽ.ബി.-കളിൽ നിന്നും ഡി.യു.എയ്ക്ക് ലഭിച്ച പ്രൊപ്പോസലുകൾ കെ.പി.എസ്.സിക്ക് അയയ്ക്കുന്നതിൽ 169 ദിവസങ്ങൾ വരെ നീണ്ട കാലതാമസമുണ്ടായി.

- തസ്തികകൾ വിജ്ഞാപനം ചെയ്യുന്നത് മുതൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയയുടെയും പൂർത്തീകരണത്തിന് കെ.പി.എസ്.സി ആകെ 22 മുതൽ 1640 ദിവസങ്ങൾ വരെ സമയമെടുത്തു.
- കെ.പി.എസ്.സിയിൽ നിന്നും സെലക്ഷൻ ലിസ്റ്റ് ലഭിച്ചശേഷം ഡി.യു.എയിൽ നിന്നും ജീവനക്കാർക്ക് നിയമനം ലഭിക്കുന്നതിന് ആറ് മുതൽ 595 ദിവസത്തെ ഇടവേള ഉണ്ടായി.

നഗര തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത

പട്ടികയിൽ കാണിച്ചിരിക്കുന്നത് പോലെ, യു.എൽ.ബികളിലെ നിലവിലുള്ള തസ്തികകൾക്കെതിരെ ജീവനക്കാരുടെ ഗണ്യമായ കുറവുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു 2021 മാർച്ച് 31-ൽ സംസ്ഥാനത്തെ യു.എൽ.ബികളിൽ നിലവിലുള്ള തസ്തികകളും യഥാർത്ഥത്തിലുള്ള ജീവനക്കാരുടെ അംഗബലവും.

വിഭാഗവും തരവും	നിലവിലുള്ള തസ്തികകൾ	നിയമനം	ഒഴിവുള്ള തസ്തികകൾ
ജനറൽ	3655	3323	332
റവന്യൂ	1018	948	70
ആരോഗ്യം	1847	1410	437
മുനിസിപ്പൽ സെക്രട്ടറിമാർ/ അസിസ്റ്റന്റ് സെക്രട്ടറിമാർ	99	79	20
ആകെ	**6619**	**5760**	**859**

(അവലംബം:നഗരകാര്യ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ-ഇതിൽ എൻജിനീയറിംഗ് വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല)

താഴെ പറയും പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് കേരള സർക്കാർ നൽകിയ വിവരങ്ങളിൽ വെളിപ്പെടുത്തിയതുപോലെ, യു.എൽ.ബികളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട 1117 അംഗബലത്തിനെതിരെ 994 ജീവനക്കാർ മാത്രമാണുള്ളത്.

സംസ്ഥാനത്തെ യു.എൽ.ബി.-കളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട അംഗബലവും നിലവിലുള്ള ജീവനക്കാരും

ക്രമ നമ്പർ	തസ്തിക	അനുവദിക്കപ്പെട്ട അംഗബലം	നിലവിലുള്ള ജീവനക്കാർ
1	സൂപ്രണ്ടിംഗ് എൻജിനീയർ	6	6
2	എക്സിക്യൂട്ടിവ് എൻജിനീയർ	20	19
3	അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ	52	41
4	അസിസ്റ്റന്റ് എൻജിനീയർ	179	169
5	ഓവർസീയർ ഗ്രേഡ് I	262	227
6	ഓവർസീയർ ഗ്രേഡ് II	221	190
7	ഓവർസീയർ ഗ്രേഡ് III	350	318
8	ക്ലർക്ക്	27	24
	ആകെ	1117	**994**

(അവലംബം: തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ നൽകിയ വിവരങ്ങൾ)

നിർബന്ധിത ചുമതലകൾ നടപ്പിലാക്കുന്നതിന് രൂപകൽപന ചെയ്യപ്പെടുന്ന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും യു.എൽ.ബി.-കളിലെ എൻജിനീയറിംഗ് വിഭാഗം നിർണ്ണായകമായ പങ്ക് വഹിക്കുന്നതിനാൽ, ജീവനക്കാരുടെ അപര്യാപ്തത, പദ്ധതികൾ യഥാസമയം നിർവ്വഹിക്കുന്നതിലും അവയുടെ പരിണിതഫലത്തിന്റെ ഗുണം വാശാനം ചെയ്യുന്നതിലും പ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം. സാങ്കേതിക വൈദഗ്ധ്യം ആവശ്യപ്പെടുന്ന തസ്തികകളിലെ ഒഴിവ് നികത്താത്തത് അംഗീകരിക്കപ്പെട്ട അടിസ്ഥാനസൗകര്യ പദ്ധതികളുടെ നിർവ്വഹണത്തിന്റെ സമയനിഷ്ഠയെയും കാര്യക്ഷമതയെയും പ്രതികൂലമായി ബാധിച്ചേക്കാം. അദ്ധ്യായം III-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, തൃശ്ശൂർ കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ കോർപ്പറേഷനുകളിലും ജലവിതരണം പോലുള്ള ചുമതലകൾ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. പല മുനിസിപ്പാലിറ്റികളിലും സർക്കാർ നൽകിയ ജീവനക്കാർ ചില ചുമതലകൾ കൈകാര്യം ചെയ്യുന്നത് തുടരുന്നത് ദ്വൈത ഉത്തരവാദിത്വം കാരണം ആശയവൈരുദ്ധ്യത്തിന്റെ അപകടസാധ്യത ഉണ്ടാക്കാം.

അധിക മനുഷ്യവിഭവങ്ങൾക്കുള്ള ആവശ്യത്തിനും നിർദ്ദിഷ്ട പദ്ധതികൾക്കും ഇടപെടലുകൾക്കും വേണ്ടി പ്രത്യേക നൈപുണ്യശേഷി ഏറ്റെടുക്കാൻ തദ്ദേശ സർക്കാരുകളെ പ്രാപ്തരാക്കുന്നതിന് സംസ്ഥാനം തുടർച്ചയായി പ്രതികരിച്ചുകൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). കേരളം അതിന്റെ സമ്പന്നമായ സാമൂഹിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുകയും, സ്ഥിരജോലിയില്ലാതെ തദ്ദേശീയമായി ലഭ്യമായ മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുന്ന ഇടപെടലിന്റെയും സഹകരണത്തിന്റെയും പുത്തൻ രീതികൾ കണ്ടെത്തുകയും ചെയ്യുന്നുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായ്.

ഇടപെടലിന്റെ പുത്തൻ രീതികൾ നിർദ്ദിഷ്ട പദ്ധതികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നും, കൈമാറപ്പെട്ട എല്ലാ ചുമതലകളുടെയും അടിസ്ഥാനത്തിൽ യു.എൽ.ബി.-കളെ സജ്ജമാക്കുവാനോ അവയെ ശരിയായ അർത്ഥത്തിൽ സ്വയം ഭരണസ്ഥാപനങ്ങളായി രൂപപ്പെടുത്തുവാനോ പര്യാപ്തമല്ലെന്നും ഓഡിറ്റ് നീരീക്ഷിച്ചു.

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത) ഓഡിറ്റ് ഖണ്ഡിക 5.1.2, 5.1.2.1]

ഓഡിറ്റ് ഖണ്ഡികയിൻമേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

105. യു.എൽ.ബി.-കളിൽ നിന്നും നഗരകാര്യ ഡയറക്ടർക്ക് ലഭിച്ച ഒഴിവ് വിവരങ്ങൾ പി.എസ്.സി.-ക്ക് അയയ്ക്കുന്നതിൽ 169 ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ടെന്നും തസ്തികകൾ വിജ്ഞാപനം ചെയ്യുന്നത് മുതൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയയുടെയും പൂർത്തീകരണത്തിന് പി.എസ്.സി. ആകെ 22 മുതൽ 1640 വരെ ദിവസങ്ങൾ എടുക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുകയും ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൃത്യമായ മറുപടി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ജീവനക്കാരെ പദ്ധതി അവസാനിച്ചാൽ പുനർവിന്യാസം ചെയ്യുന്ന കാര്യത്തിൽ ശക്തമായ ഇടപെടൽ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

106. നഗര തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള ചർച്ചയിൽ ജോലിഭാരം മൂലം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ജീവനക്കാർ രാജിവച്ച് പോകുന്ന പ്രവണതയുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നീ തസ്തികകളിലെല്ലാം ഒഴിവുകളുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. ലിസ്റ്റ് നിലവിലില്ലാത്ത സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജോലിഭാരമുള്ളതിനാൽ സെക്രട്ടറിയുടെ ചാർജ് ലഭിക്കുമ്പോൾ പൊതുവെ പലരും ലീവെടുത്ത് പോകുന്ന രീതിയാണ് സ്വീകരിച്ച് വരുന്നതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

107. തസ്തിക ഒഴിഞ്ഞ് കിടന്നിട്ടും ജീവനക്കാരുടെ അപര്യാപ്തത കൃത്യമായി കാണിക്കുകയോ ഒഴിവ് നികത്തുകയോ ചെയ്യാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വകുപ്പിലെ തസ്തികകൾ കൂടുതൽ ആകർഷകമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് ആലോചന നടത്തണമെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

108. തദ്ദേശസ്ഥാപനങ്ങളിൽ നിന്നും നഗരകാര്യ ഡയറക്ടർക്ക് ലഭിക്കുന്ന ഒഴിവ് വിവരങ്ങൾ P.S.C-യ്ക്ക് അയയ്ക്കുന്നതിലും, വിജ്ഞാപനം നടത്തി ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയകളുടെയും പൂർത്തീകരണത്തിന് വളരെയധികം കാലതാമസം ഉണ്ടാകുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

109. തദ്ദേശ സ്ഥാപനങ്ങളുടെ ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട് നിയോഗിക്കുന്ന ജീവനക്കാരെ പദ്ധതി പൂർത്തീകരണത്തിനുശേഷം പദ്ധതിയുടെ ഭാഗമായി നില നിർത്തുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ തുടർ പ്രവർത്തനത്തിന്

ആവശ്യമായ ജീവനക്കാരെ മാത്രം നിലനിർത്തി ബാക്കിയുള്ള ജീവനക്കാരെ പുനർവിന്യാസം ചെയ്യുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

110. തസ്തികകൾ ഒഴിഞ്ഞ് കിടന്നിട്ടും ജീവനക്കാരുടെ അപര്യാപ്തത കൃത്യമായി കാണിക്കുന്നതിലും, ഒഴിവ് നികത്തുന്നതിൽ നടപടി സ്വീകരിക്കാത്തതിലും ഉള്ള സമിതിയുടെ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

111. തദ്ദേശ സ്ഥാപനങ്ങളിലെ തസ്തികകൾ കൂടുതൽ ആകർഷകമാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ ആലോചനകൾ നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

112. ജീവനക്കാരുടെ നിയമനത്തിലെ അപര്യാപ്തതകൾ, നഗര തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള വ്യക്തമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഉപസംഹാരവും, ശിപാർശകളും

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി തദ്ദേശഭരണം വികേന്ദ്രീകരിക്കുന്നതിൽ സംസ്ഥാനം നടപടികൾ സ്വീകരിച്ചിരുന്നു. അഞ്ച് വർഷത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ, ഭരണഘടനാ ഭേദഗതിയിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ പട്ടികജാത്-പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണത്തിനുള്ള വ്യവസ്ഥ, തദ്ദേശ സ്ഥാപനങ്ങൾക്ക് കാര്യമായ ഫണ്ട് കൈമാറൽ, ജില്ലാ ആസൂത്രണ സമിതികളുടെ രൂപീകരണം, എല്ലാ വാർഡുകളിലും വാർഡ് സഭകൾ, സംസ്ഥാന ധനകാര്യ, കമ്മീഷനുകളുടെ രൂപീകരണം തുടങ്ങിയ നടപടികൾ മറ്റു പലതിന്റെയും കൂട്ടത്തിൽ ഉൾപ്പെടുന്നു.

എന്നിരുന്നാലും, 74-ാം ഭരണഘടനാ ഭേദഗതി പ്രകാരം 1994-ൽ കെ.എം. നിയമം പ്രാബല്യത്തിൽ വന്നെങ്കിലും, ഊർജ്ജസ്വലമായ

സ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തിന്റെ വെളിച്ചത്തിൽ വകുപ്പ് 58 പോലുള്ള നിയമത്തിലെ ചില വ്യവസ്ഥകൾ അവലോകനം ചെയ്യേണ്ടതുണ്ടെന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റ് വെളിപ്പെടുത്തി. കൂടാതെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 18 ചുമതലകളിൽ 17 എണ്ണവും കെ. എം. നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, 17 കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ ഏഴെണ്ണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം മാത്രമാണ് യു.എൽ.ബി.-കൾക്കുള്ളത്. ബാക്കിയുള്ള 10 എണ്ണത്തെ സംബന്ധിച്ചിടത്തോളം, സംസ്ഥാന സർക്കാരിന് ഇപ്പോഴും നേരിട്ടോ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയോ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാര്യമായ പങ്കുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഭരണഘടനാ ഭേദഗതിക്കു ശേഷം 25 വർഷത്തിലേറെയായിട്ടും യു.എൽ.ബി.-കൾക്ക് ബന്ധപ്പെട്ട ചുമതലകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ കൈമാറ്റം പൂർത്തിയായിട്ടില്ല. യു.എൽ.ബി.-കളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും യു.എൽ.ബി.-കൾ നടപ്പിലാക്കേണ്ടതുമായ, കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളും മറ്റ് പാരാസ്റ്റേറ്റൽ ഏജൻസികളും സമാന്തരമായി നടപ്പിലാക്കുകയാണുണ്ടായത്.

2015-ലും 2020-ലും നടന്ന യു.എൽ.ബി.-കളിലേക്കുള്ള തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള (പുതുതായി രൂപീകരിച്ച 29 മുനിസിപ്പാലിറ്റികളും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളും ഒഴികെ) കൗൺസിലർമാരുടെ സീറ്റുകളുടെ എണ്ണവും വാർഡുകളുടെ എണ്ണവും 2001-ലെ ജനസംഖ്യാ കണക്കുകളുടെ അടിസ്ഥാനത്തിൽ (തൊട്ടുമുമ്പ് നടന്ന 2011-ലെ സെൻസസിന് പകരം) നിശ്ചയിച്ചതിനാൽ സംസ്ഥാനത്ത് ആകെ 60 കൗൺസിലർമാരുടെ കുറവുണ്ടായിരുന്നു (കോർപ്പറേഷനുകൾ: 01, മുനിസിപ്പാലിറ്റികൾ: 59). കൂടാതെ സർക്കാർ അംഗീകരിച്ച സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ 325 ശിപാർശകളിൽ 200 എണ്ണം നാളിതുവരെ നടപ്പാക്കിയിട്ടില്ല. നടപ്പാക്കേണ്ട ശിപാർശകളിൽ പ്രവൃത്തികൾ വികേന്ദ്രീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ സൗകര്യമൊരുക്കുന്ന സുപ്രധാന ശിപാർശകളും ഉൾപ്പെടുന്നു.

മുനിസിപ്പാലിറ്റികൾക്ക് ചുമതലകൾ, ആസ്തികൾ മുതലായവയുടെ കൈമാറ്റത്തിന് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, സംസ്ഥാനത്തുടനീളമുള്ള

മുനിസിപ്പാലിറ്റികളിലേക്കുള്ള കേന്ദ്രീകൃത ജലവിതരണ പ്രവൃത്തികൾ ഏൽപ്പിച്ച പാരാസ്റ്റേറ്റൽ എന്ന നിലയിലാണ് കെ.ഡബ്ല്യൂ.എ. പ്രവർത്തിച്ചത്. യു.എൽ.ബി.-കൾ വിതരണ പൈപ്പ് ലൈനിന്റെ വിപുലീകരണം ഡെപ്പോസിറ്റ് ജോലികൾക്കായി കെ.ഡബ്ല്യൂ.എ.-യെ ഏല്പിച്ചുകൊണ്ട് ഏറ്റെടുക്കുന്നുണ്ടെങ്കിലും, മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികൾ യു.എൽ.ബി.-കളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നില്ല. ₹33.94 കോടിയുടെ ഡെപ്പോസിറ്റ് ജോലികൾക്ക് കെ.ഡബ്ല്യൂ.എ. വിനിയോഗ സർട്ടിഫിക്കറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട യു.എൽ.ബി.-കൾക്ക് നല്കിയിരുന്നില്ല. മുനിസിപ്പാലിറ്റികളിൽ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും കെ.ഡബ്ല്യൂ.എ. നിശ്ചയിച്ച നിരക്കിൽ വാട്ടർ ചാർജ്ജ് ഈടാക്കിയെങ്കിലും വരുമാനം മുനിസിപ്പാലിറ്റികളുമായി പങ്കിടുകയുണ്ടായില്ല.

തെരഞ്ഞെടുക്കപ്പെട്ട 21 യു.എൽ.ബി.-കളിൽ ഒൻപത് യു.എൽ.ബി.-കൾക്ക് ജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷിയില്ലായിരുന്നു. ഒൻപതും പതിനൊന്നും യു.എൽ.ബി.-കൾക്ക് യഥാക്രമം പുന:ചംക്രമണം ചെയ്യാവുന്നതും അല്ലാത്തതുമായ അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി ഇല്ലായിരുന്നു. പതിനഞ്ച് യു.എൽ.ബി.-കൾ മാത്രം പ്ലാസ്റ്റിക് മാലിന്യങ്ങൽ ശേഖരിക്കാൻ ചുമതലപ്പെടുത്തിയ ഏജൻസിയുമായി കരാറിലേർപ്പെട്ടു. സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 489 എണ്ണത്തിൽ, അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനായി ഏജൻസി കരാറിൽ ഏർപ്പെട്ടിരുന്നില്ല. തെരഞ്ഞെടുത്ത യു.എൽ.ബി.-കളൊന്നും തന്നെ ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതായി കണ്ടില്ല.

സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപകരണമായി ബഡ്ജറ്റിനെ മുനിസിപ്പാലിറ്റികൾ ഉപയോഗിക്കുന്നില്ലെന്നും അയഥാർത്ഥമായ വരവു ചെലവ് ബഡ്ജറ്റുകൾ രൂപീകരിച്ചെന്നും ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുക്കപ്പെട്ട യു.എൽ.ബി.-കളിൽ മുൻ വർഷങ്ങളിലെ ഫണ്ടുകളുടെ യഥാർത്ഥ വരവ് പരിഗണിക്കാതെ വിവിധ പ്രവർത്തനങ്ങൾക്കായി വിഭവങ്ങൾ അനുവദിച്ചതായി കണ്ടു. ട്രഷറികളിൽ നിന്ന് ഫണ്ട് പിൻവലിക്കുന്നതിനുള്ള അപര്യാപ്തമായ സംവിധാനത്തിന്റെ

ഫലമായി എസ്.എഫ്.സി ഗ്രാന്റിൽ നിന്ന് ₹447.74 കോടി ഉപയോഗിക്കാൻ നഗരസഭകൾക്ക് സാധിച്ചില്ല. കൂടാതെ, പരസ്യനികുതി, വിനോദ നികുതി മുതലായവയുമായി ബന്ധപ്പെട്ട നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള ഫലപ്രദമായ അധികാരങ്ങളുടെ അഭാവത്താൽ യു.എൽ.ബി.-കൾ പരിമിതപ്പെട്ടിരിക്കുകയാണ്. പുതിയ നികുതിദായകർക്ക് 2011 ജനുവരി 14 മുതൽ തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വന്നുവെങ്കിലും പത്ത് വർഷത്തിനു ശേഷവും നിരക്കുകളുടെ പരിഷ്കരണം നടന്നില്ല (2021 മാർച്ച്). തെറ്റായ ഒരു സർക്കാർ ഉത്തരവിന്റെ ഫലമായി മുനിസിപ്പാലിറ്റികൾക്ക് 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ വിനോദ നികുതി ചുമത്താൻ കഴിഞ്ഞില്ല.

വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ 2014-ൽ നഗരസഭകളെ I,II,III എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ചെങ്കിലും നിലവിലുള്ള നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചില്ല. 982 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ ജീവനക്കാരുടെ കുറവ് ഗണ്യമായിരുന്നു.

അങ്ങനെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ നിർവ്വഹണത്തിലുണ്ടായ പോരായ്മകൾ കൊണ്ടും, അടിസ്ഥാനപരമായ പ്രധാന ചുമതലകൾ പോലും കൈമാറാത്തതിനാലും, സംസ്ഥാനത്ത് 74-ാം സി.എ.എ.-യുടെ നടപ്പാക്കൽ തടസ്സപ്പെട്ടു.

ശിപാർശകൾ

യു.എൽ.ബി.-കൾക്ക് യഥാർത്ഥമായ സ്വയംഭരണാധികാരവും ശരിയായ ഉത്തരവാദിത്വവും നൽകുന്നതിന്, യു.എൽ.ബി.-കളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ/ഉപചുമതലകളുടെയും സംസ്ഥാന സർക്കാരിന്റെ കൈകളിൽ നിലനിർത്തിയിരിക്കുന്ന അധികാരങ്ങളുടെ വ്യാപ്തിയും സംബന്ധിച്ച് വ്യക്തത ഉറപ്പാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെയും മുനിസിപ്പാലിറ്റികളുടെയും പാരാസ്റ്റേറ്റലുകളുടെയും പങ്കിനെ വ്യക്തമായി വേർതിരിച്ചു നൽകേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണത്തിന്റെ തത്വങ്ങൾക്കനുസൃതമായി, പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ ചുമതലകളുടെ കൂടെ ഉദ്യോഗസ്ഥരെ കൂടി യു.എൽ.ബി.-കൾക്ക് കൈമാറണം. ഉത്തരവാദിത്വവും കാര്യക്ഷമമായ മേൽനോട്ടവും സുഗമമാക്കുന്നതിന് യു.എൽ.ബി.-കളെ ഏൽപ്പിച്ച ചുമതലകൾ സർക്കാർ വകുപ്പുകൾ സമാന്തരമായി നടപ്പാക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

74-ാം ഭരണഘടനാ ഭേദഗതി നിയമം വിഭാവനം ചെയ്യുന്ന പ്രകാരമുള്ള മെച്ചപ്പെട്ട ഉത്പന്നങ്ങളും ഫലങ്ങളും ഉണ്ടാക്കുന്നതിന്, തദ്ദേശസ്ഥാപനങ്ങളുടെ അധികാര വിഭജനം സുഗമമാക്കുന്നതിലും ചെലവുകളെ ഫലപ്രദമാക്കുന്നതിലുമുള്ള സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പങ്ക് പരിഗണിച്ചുകൊണ്ട്, അവയുടെ സ്വീകരിക്കപ്പെട്ട ശിപാർശകൾ നടപ്പിലാക്കാൻ സർക്കാരിന് അടിയന്തര നടപടി കൈക്കൊള്ളാവുന്നതാണ്.

74-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരമുള്ള സംസ്ഥാന നിയമനിർമ്മാണത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച്, സർക്കാരിന് വിജ്ഞാപനം വഴി യു.എൽ.ബി.-കൾക്ക് ജലവിതരണത്തിന്റെയും അതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വങ്ങൾ, അവയുടെ അധികാരപരിധിയിലുള്ള മേഖലകളിൽ സേവനം പ്രദാനം ചെയ്യുന്നത് സുഗമമാക്കുന്നതിനു വേണ്ടി, കൈമാറാം.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് നഗരതദ്ദേശ സ്ഥാപനങ്ങളെ അവയുടെ സോണൽ ഏരിയകളിലെ പ്രവർത്തനക്ഷമമായ കണക്ഷനുകളുടെ എണ്ണത്തിന് അനുസൃതമായി വാട്ടർ ചാർജ്ജ് ഈടാക്കാൻ അനുവദിക്കാവുന്നതാണ്. അതുവഴി കെ.ഡബ്ല്യൂ.-യിലേക്ക് അടയ്ക്കുന്ന ചാർജ്ജുകളുടെ രൂപത്തിൽ തനതു വരുമാനനഷ്ടം ഒഴിവാക്കാം.

കെ.എം. നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ചുമതലകളെ സംബന്ധിച്ച് വരുമാനസമ്പാദന സേവനങ്ങൾ നിലവിൽ പാരാസ്റ്റേറ്റലുകൾ കൈകാര്യം ചെയ്യുകയും വരുമാനം മുനിസിപ്പാലിറ്റികളുമായി പങ്കിടാതിരിക്കുകയും ചെയ്യുമ്പോൾ, പാരാസ്റ്റേറ്റലിലൂടെ ഇത്തരം സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള വ്യവസ്ഥ മുനിസിപ്പാലിറ്റിക്ക് വരുമാന സാധ്യതയുള്ള സ്രോതസ്സ് നഷ്ടപ്പെടുത്തുന്നതിനാൽ, അത്തരം ചുമതലകൾ/പ്രവൃത്തികൾ മുനിസിപ്പാലിറ്റികൾക്ക് കൈമാറുന്നതിന് മുൻഗണന നൽകേണ്ടതുമാണ്.

പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാൽ സ്വാശ്രയത്വത്തിലേക്കുള്ള പുരോഗതിയിൽ യു.എൽ.ബി.-കളെ കെ.ഡബ്ല്യു.എ. പോലുള്ള പാരാസ്റ്റേറ്റൽ ഏജൻസികൾ കൈപിടിച്ചു നടത്തുകയും നയിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാകുന്നതിന് പാരാസ്റ്റേറ്റലിൽ നിന്ന് മുനിസിപ്പാലിറ്റിയിലേക്കുള്ള ഉത്തരവാദിത്വത്തിന്റെ കൈമാറ്റത്തോടൊപ്പം മുനിസിപ്പാലിറ്റികളും പാരാസ്റ്റേറ്റലുകളും തമ്മിലുള്ള ബന്ധത്തിലും മാറ്റം വരേണ്ടതുണ്ട്.

ആരോഗ്യമേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യം, ശുചീകരണം എന്നിവയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യസേവനങ്ങൾ കാര്യക്ഷമമായി പ്രദാനം ചെയ്യുന്നതിനും, പ്രാദേശിക ഭരണകൂടങ്ങളെ പ്രാപ്തരാക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിന് ഏറ്റവും ഉയർന്ന മുൻഗണന സർക്കാരിന് നൽകാവുന്നതാണ്.

വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന്, സാധ്യതയുള്ള ഉറവിടങ്ങളിൽ നിന്നുള്ള വരവിന്റെയും, വിനിയോഗിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഫണ്ടുകളുടെയും യഥാർത്ഥ രൂപം കണക്കിലെടുത്ത് യു.എൽ.ബി.-കൾ അവയുടെ ബഡ്ജറ്റുകൾ ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുന്നുവെന്ന് ഉറപ്പാക്കാൻ യു.എൽ.ബി.-കളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

ഫലപ്രദമായ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഒരു ഉപകരണമായി ബഡ്ജറ്റിനെ വിഭാവനം ചെയ്യുവാൻ സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾക്ക് അനുസൃതമായി തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള ബഡ്ജറ്റ് മാനുവൽ സർക്കാരിന് തയ്യാറാക്കാവുന്നതാണ്.

ബില്ലുകൾ ട്രഷറി കൃവിൽ പെടുന്നതിനാൽ ഫണ്ടുകൾ ലാപ്സാകുന്നതു വഴി മുനിസിപ്പാലിറ്റികൾക്ക് ഫണ്ട് നഷ്ടപ്പെടുന്നതൊഴിവാക്കാൻ അതുയും ഫണ്ട് മുനിലിപ്പാലിറ്റിയുടെ വരും വർഷത്തെ വകയിരുത്തലിന്റെ കൂടെ അധികമായി ചേർത്ത് സർക്കാരിന് നൽകാവുന്നതാണ്.

സാമ്പത്തിക സ്വാശ്രയത്വത്തിലൂടെ മുനിസിപ്പാലിറ്റികളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിന് അനുസൃതമായി യു.എൽ.ബി.-കളിലെ ജീവനക്കാരുടെ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യാനുള്ള ഫണ്ടിന്റെ ആവശ്യകത നിറവേറ്റുന്നതിനുള്ള ഒരു സുസ്ഥിര പരിഹാരം കാണേണ്ടതാണ്.

യു.എൽ.ബി.-കളുടെ സാമ്പത്തിക സ്വാശ്രയത്വം ഉയർത്തിപ്പിടിക്കുന്നതിനും സാമൂഹികസേവനങ്ങളുടെ മെച്ചപ്പെട്ട വിതരണത്തിനും, വർദ്ധിച്ച തനതുവരുമാനത്തിനുമായി യു.എൽ.ബി.-കൾ ചുമത്തുന്ന വിവിധതരം നികുതികൾ, സർക്കാർ നിശ്ചയിക്കുന്ന നിരക്കുകൾ/പരിധികളെ അടിസ്ഥാനമാക്കിയുള്ളതിനാൽ, നികുതി നിരക്കുകളിൽ കാലാനുസൃതമായ പരിഷ്കരണവും, പുതുക്കിയ നിരക്കുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതും ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ അടിയന്തര ആവശ്യമാണ്

ഫലപ്രദമായ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നതിന് വസ്തു നികുതി ചുമത്തുന്നതിലും പിരിക്കുന്നതിലും സർക്കാരിന് താഴെപ്പറയുന്നവ ഉറപ്പാക്കാം:

- കേരള മുനിസിപ്പാലിറ്റി ആക്ടിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനം (കെട്ടിടങ്ങളുടെ വാർഷികവാടക മൂല്യം, പ്ലിന്ത് ഏരിയ അടിസ്ഥാനം, ന്യായവില അടിസ്ഥാനം മുതലായവ) ഒരിക്കൽ വ്യക്തമാക്കിയാൽ, വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാത്തതുകൊണ്ടോ, വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസം വരുത്തിയതു കൊണ്ടോ ഈ വ്യവസ്ഥ നിഷ്ഫലമാകുന്നില്ല, നിയമം അനുശാസിക്കുന്ന കാലയളവ് കവിയുന്ന സന്ദർഭങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ നിയമസഭയിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിർബന്ധമാക്കിക്കൊണ്ട് നിയമം ഭേദഗതി ചെയ്യാവുന്നതാണ്.

- വസ്തു നികുതി മൂല്യനിർണ്ണയം, പുതുക്കിയ ഡേറ്റാബേസിന്റെ പരിപാലനം മുതലായവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുനിസിപ്പാലിറ്റികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് വസ്തു നികുതി ബോർഡ് പോലുള്ള ഒരു സംവിധാനം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിഗണിക്കാവുന്നതാണ്.

- 74-ാമത് സി.എ.എ. നിലവിൽ വന്ന് 25 വർഷത്തിലേറെയായിട്ടും വസ്തു നികുതിയുടെ പരാമവധി നിരക്ക് നിർണ്ണയിക്കാനുള്ള അധികാരം സംസ്ഥാനത്തിന്റെ കൈകളിൽ നിക്ഷിപ്തമായതിനാൽ, വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിർണ്ണയിക്കുന്നതിന് മുനിസിപ്പൽ കൗൺസിലുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഉൾപ്പെടുന്ന ഒരു സമിതി മുഖേന നേരിട്ടോ, അല്ലാതെയോ മുനിസിപ്പാലിറ്റികളെ ശാക്തീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ജി.എസ്.ടി.-യിൽ പരസ്യനികുതി ഉൾപ്പെടുത്തിയതിന്റെ അനന്തരഫലായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വ്യത്യസ്ത സമീപനങ്ങൾ കണക്കിലെടുത്ത് പരസ്യം ചെയ്യുന്നതിന് ഫീസ് ചുമത്താനുള്ള മുനിസിപ്പാലിറ്റികളുടെ അധികാരത്തെക്കുറിച്ച് വിശദീകരണം നൽകുന്ന കാര്യം സർക്കാരിന് പരിഗണിക്കാവുന്നതാണ്.

മുനിസിപ്പാലിറ്റികളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾക്ക് ആനുപാതികമായി മാനവശേഷി ഉണ്ടെന്ന് ഉറപ്പാക്കാൻ, നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാനവശേഷി ആവശ്യകതകളുടെ, ഇനിയും നിശ്ചയിക്കാനിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള, വിലയിരുത്തൽ എത്രയും നേരത്തെ ഏറ്റെടുക്കേണ്ടതുണ്ട്.

[കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3 (74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത): ഓഡിറ്റ് ഖണ്ഡിക 6.1, 6.2]

ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

113. പ്രത്യേക പരാമർശമില്ല.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

അനുബന്ധം I
പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	5	തദ്ദേശ സ്വയംഭരണ വകുപ്പ്	സാമ്പത്തിക നിയന്ത്രണ സംവിധാനമായ ബഡ്ജറ്റിനെ യഥാവിധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ലെന്ന് വിലയിരുത്തിയ സമിതി, മുൻ വർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും സ്വഭാവം മനസ്സിലാക്കി അടുത്ത വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കാത്തതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ നിരക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ടാകുന്നതിന് ഇടയാക്കുന്നുവെന്ന് അഭിപ്രായപ്പെടുന്നു.
	6	തദ്ദേശ സ്വയംഭരണ വകുപ്പ്	സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റ് തയ്യാറാക്കുന്ന അതേ ഗൗരവത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബഡ്ജറ്റ് തയ്യാറാക്കണമെന്നും ബജറ്റും യഥാർത്ഥ ചെലവുകളും തമ്മിൽ അന്തരം ഉണ്ടാകുന്നത് ഒഴിവാക്കാൻ, കൃത്യമായ കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.
	7	തദ്ദേശ സ്വയംഭരണ വകുപ്പ്	കെ-സ്മാർട്ട് നിലവിൽ വരുന്നതോടെ ബജറ്റ് മാന്വൽ ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി , അയഥാർത്ഥമായ രീതിയിലുള്ള ബഡ്ജറ്റ് തയ്യാറാക്കൽ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.
2	9	തദ്ദേശ സ്വയംഭരണ വകുപ്പ്	നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ്, നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യ ഡേറ്റാ വിശകലനം എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
3	22	തദ്ദേശ സ്വയംഭരണ വകുപ്പ്	പ്രാദേശികവും നിയമപരവുമായ തടസ്സങ്ങൾ കാരണം പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനോ ഫണ്ടുകൾ യഥാവിധി ചെലവഴിക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി, സർക്കാർ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുമെന്ന് വിലയിരുത്തി.
	23	തദ്ദേശ സ്വയംഭരണ വകുപ്പ്	ആരോഗ്യം, വിദ്യാഭ്യാസം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ ഫണ്ടുകൾ യഥാവിധി വിനിയോഗിക്കാൻ സാധ്യമായാൽ മാത്രമേ

			ഉണമേന്മയുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുകയുള്ളുവെന്ന് ചൂണ്ടിക്കാണിച്ച സമിതി, സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെയും , ദീർഘവീക്ഷണത്തോടെയും യഥാവിധി ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.
4	25	തദ്ദേശ സ്വയംഭരണ വകുപ്പ്	ബഡ്ജറ്റ് മാന്വൽ തയ്യാറാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.
5	33	തദ്ദേശ സ്വയംഭരണ വകുപ്പ്	തനതുവരുമാനം വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
6	35	തദ്ദേശ സ്വയംഭരണ വകുപ്പ്	സർക്കാരിന്റെ മറുപടി അംഗീകരിച്ച സമിതി , ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.
7	38	തദ്ദേശ സ്വയംഭരണ വകുപ്പ്	നഗരകാര്യ ഡയറക്ടർ നിയന്ത്രിക്കുന്ന കേന്ദ്ര പെൻഷൻ ഫണ്ടിൽ ആവശ്യമായ തുക ഇല്ലാതിരുന്ന സാഹചര്യത്തിലാണ് നഗരസഭയുടെ തനത് ഫണ്ടിൽ/ പൊതുഉദ്ദേശ്യ ഫണ്ടിൽ നിന്ന് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതെന്ന് മനസ്സിലാക്കിയ സമിതി, വികസന പ്രവർത്തനങ്ങൾക്കുള്ള നഗരസഭയുടെ തനത് ഫണ്ട്/ പൊതുഉദ്ദേശ്യ ഫണ്ട് പെൻഷൻ ആനുകൂല്യങ്ങൾക്ക് വേണ്ടി ചെലവാക്കുന്ന പ്രവണത ശരിയല്ലെന്ന് വിലയിരുത്തുന്നു.
	39	തദ്ദേശ സ്വയംഭരണ വകുപ്പ്	1996-ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മരണാനന്തര-പെൻഷൻ ആനുകൂല്യങ്ങൾ) ചട്ടങ്ങൾ പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും അവരുടെ ജീവനക്കാരുടെ മൊത്തം പ്രതിമാസ വേതനത്തിന്റെ 15%-ന് തുല്യമായ തുക, നഗരകാര്യ ഡയറക്ടർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	40	തദ്ദേശ സ്വയംഭരണ വകുപ്പ്	കേന്ദ്ര പെൻഷൻ ഫണ്ടിൽ ആവശ്യമായ തുക ഇല്ലാതിരുന്ന സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ / പൊതുഉദ്ദേശ്യ ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകേണ്ടതാണെന്ന നിർദ്ദേശം സർക്കാർ പുന:പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
8	52	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്ഥാപനങ്ങൾക്ക് വസ്തു നികുതി നിർണ്ണയത്തിൽ സർക്കാർ നൽകിയ ഫ്ലക്സിബിലിറ്റി കാരണം വസ്തു

			നികുതിയിലൂടെ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തനത് വരുമാനം കുറയാൻ കാരണമായെന്ന് സമിതി വിലയിരുത്തി.
	53	തദ്ദേശ സ്വയംഭരണ വകുപ്പ്	അടിസ്ഥാനപരമായ നികുതി കൂടാതിരിക്കാൻ പല തദ്ദേശ സ്ഥാപനങ്ങളും പലനിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നത് ശരിയായ സമീപനമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി , തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 22.03.2023-ലെ സ .ഉ. (കൈ) നം.77/2023 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ പുനർനിർണ്ണയിച്ച വസ്തു നികുതി നിരക്ക് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
	54	തദ്ദേശ സ്വയംഭരണ വകുപ്പ്	സർക്കാർ കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബാധ്യസ്ഥമായതിനാൽ, വസ്തു നികുതി നിരക്ക് പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട ഉത്തരവുകൾ അടിയന്തരമായി നടപ്പിലാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
	55	തദ്ദേശ സ്വയംഭരണ വകുപ്പ്	വസ്തുനികുതി ചുമത്തലും അത് പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സാങ്കേതികജ്ഞാനവും പരിശീലനവും നൽകുന്നതിനും അതിനനുസരിച്ചുള്ള വരുമാന വർദ്ധനവും ഉദ്ദേശിച്ചുള്ള വസ്തു നികുതി ബോർഡ് എന്ന ആശയം വളരെ മികച്ചതാണെന്ന് സമിതി വിലയിരുത്തുന്നു.
	56	തദ്ദേശ സ്വയംഭരണ വകുപ്പ്	വസ്തുനികുതി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച നയപരമായ വിഷയങ്ങളിൽ പുനഃപരിശോധന ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, വസ്തുനികുതി ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട തുടർനടപടികൾ പൂർത്തീകരിച്ച് വസ്തുനികുതി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുന്നു.
9	68	തദ്ദേശ സ്വയംഭരണ വകുപ്പ്	2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും, തദ്ദേശസ്ഥാപനങ്ങൾ അവരുടെ പ്രദേശങ്ങളിലെ എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യവസായികളുടെയും, വ്യാപാരികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, ജീവനക്കാരുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും ഡേറ്റാബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലിയിരുത്തുന്നു. ആയതിനാൽ തൊഴിൽ നികുതി ഒടുക്കേണ്ട എല്ലാ വിഭാഗത്തിലുള്ളവരെയും നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതിന് കൃത്യമായ ഡേറ്റാബേങ്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന്

			ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	69	തദ്ദേശ സ്വയംഭരണ വകുപ്പ്	ഡേറ്റാബേങ്ക് കൃത്യമായി തയ്യാറാക്കുന്നതുപോലെ കാലാകാലങ്ങളിൽ ആയത് പുതുക്കി സൂക്ഷിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
	70	തദ്ദേശ സ്വയംഭരണ വകുപ്പ്	പ്രൊഫഷണലുകൾ 60 ദിവസം വരെ ഒരു ലോക്കൽ ബോഡിയുടെ പരിധിയിൽ ജോലി ചെയ്താൽ അവർ ആ ലോക്കൽ ബോഡിയിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്ഥിരമായി 60 ദിവസം ഒരു തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ ജോലി ചെയ്യാത്ത സാഹചര്യമാണ് പ്രൊഫഷണലുകൾക്ക് ഉള്ളതെങ്കിൽ അത്തരക്കാരെ ഏതെങ്കിലും ഒരു തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
	71	തദ്ദേശ സ്വയംഭരണ വകുപ്പ്	ഒരു സ്ഥാപനത്തിലോ അല്ലെങ്കിൽ ആ സ്ഥാപനത്തിന്റെ കീഴിലോ അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുവെങ്കിൽ സ്ഥാപന ഉടമ ജോലി ചെയ്യുന്നയാളുകളുടെ പേരുൾപ്പെടുന്ന ലിസ്റ്റും അവരുടെ വരുമാനത്തിന്റെ ഏകദേശം കണക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകണമെന്നതാണ് നിയമമെങ്കിലും, ആയത് ശരിയായ രീതിയിൽ നടപ്പാക്കാത്തതിനാൽ അതിഥി തൊഴിലാളികളിൽ നിന്നുള്ള ലഭിക്കേണ്ട തൊഴിൽ നികുതി നഷ്ടമാകുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വിവിധ തൊഴിൽ മേഖലയിലേയ്ക്ക് എത്തുന്ന അതിഥി തൊഴിലാളികളുടെ കൃത്യമായ ഡോറ്റാബാങ്ക് തയ്യാറാക്കി അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.
10	84	തദ്ദേശ സ്വയംഭരണ വകുപ്പ്	തിരുവനന്തപുരം കോർപ്പറേഷൻ പരസ്യനികുതി ഈടാക്കുന്നത് പോലെ മറ്റ് തദ്ദേശസ്ഥാപനങ്ങൾ പരസ്യ നികുതി ഈടാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ മാനദണ്ഡം എന്താണ്; എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	85	തദ്ദേശ സ്വയംഭരണ വകുപ്പ്	വിനോദ നികുതിയും പ്രദർശന നികുതിയും ജി.എസ്.റ്റി.യുടെ പരിധിയിലാക്കിയെങ്കിലും പരസ്യ നികുതി ജി.എസ്.റ്റി.യുടെ പരിധിയിൽ വരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും പരസ്യ നികുതി പിരിച്ച് തദ്ദേശസ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

	86	തദ്ദേശ സ്വയംഭരണ വകുപ്പ്	പരസ്യനികുതി, വസ്തുനികുതി, കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നല്കുക, എന്നിവ സംബന്ധിച്ച് കൊച്ചി കോർപ്പറേഷനും കൊച്ചി മെട്രോയുമായി നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
11	88	തദ്ദേശ സ്വയംഭരണ വകുപ്പ്	വിനോദ നികുതി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച്, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
12	91	തദ്ദേശ സ്വയംഭരണ വകുപ്പ്	മുനിസിപ്പാലിറ്റി പ്രദേശത്ത് നടത്തുന്ന എല്ലാ പ്രദർശനങ്ങൾക്കും മുനിസിപ്പൽ കൗൺസിൽ പ്രമേയം വഴി തീരുമാനിക്കുന്ന പ്രദർശന നികുതി ചുമത്താമെന്നും, ആയത് എല്ലാ രണ്ടു വർഷവും കഴിയുമ്പോൾ ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി കൗൺസിലിന് പ്രദർശന നികുതി ചുമത്താമെന്നും, എന്നാൽ വിനോദ നികുതി ചുമത്താൻ പാടില്ലാത്ത ഒരു പ്രദർശനത്തിനും പ്രദർശന നികുതി ഈടാക്കാൻ പാടില്ലെന്നും, 1999 മാർച്ച് 24-ന് നിശ്ചയിച്ച പ്രദർശന നികുതി നാളിതുവരെ പരിഷ്കരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.
	92	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളിൽ ഒന്നായ പ്രദർശന നികുതി കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രദർശന നികുതി കാലോചിതമായി പരിഷ്കരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
	93	തദ്ദേശ സ്വയംഭരണ വകുപ്പ്	2017 ജൂലൈ 1 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ പ്രദർശന നികുതി ഈടാക്കിയിരുന്നില്ലെന്നും ഈ ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്തേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടി സർക്കാർ മറുപടിയിൽ നിന്ന് വ്യക്തമല്ലാത്തതിനാൽ 2017 ജൂലൈ 1 മുതൽ 2019 ജൂൺ 10 വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
13	95	തദ്ദേശ സ്വയംഭരണ വകുപ്പ്	അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഉള്ള ലൈസൻസ് ഫീ നിരക്കുകൾ സംസ്ഥാന സർക്കാർ നിശ്ചയിച്ചതിന്റെ ഫലമായി യു.എൽ.ബി.-കളുടെ നികുതി ചുമത്താനുള്ള അധികാരം വെട്ടിച്ചുരുക്കിയെന്ന സർക്കാർ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

14	98	തദ്ദേശ സ്വയംഭരണ വകുപ്പ്	പെർമിറ്റ് ഫീസ് ഘടന പരിഷ്കരിക്കാനുള്ള ഭേദഗതി നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
15	100	തദ്ദേശ സ്വയംഭരണ വകുപ്പ്	ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിനെ ആശ്രയിക്കുന്നതിലെ അപര്യാപ്തത എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
16	103	തദ്ദേശ സ്വയംഭരണ വകുപ്പ്	ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയുന്ന വിധത്തിലുള്ള ജീവനക്കാരുടെ അംഗബലം തദ്ദേശസ്ഥാപനങ്ങളിൽ ഇല്ലെന്നത് വസ്തുതയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആവശ്യകത സംബന്ധിച്ച് വിശദമായ പഠനം നടത്തി ജീവനക്കാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
	104	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിയിൽ പ്രവേശിപ്പിക്കുന്നവർ, അവിടെ നിന്ന് പിരിഞ്ഞുപോകുന്നതിനുള്ള പ്രവണത കൂടുതലായി കാണിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എഞ്ചിനീയറിംഗ് വിംഗിൽ എഞ്ചിനീയർമാരായി ജോലി പ്രവേശിപ്പിക്കുന്നവർ പിരിഞ്ഞു പോകുന്നതിനുള്ള പ്രവണത കാണിക്കുന്നതിനുള്ള കാരണങ്ങളും, അവരുടെ ജോലി ഭാരത്തെക്കുറിച്ചും അതിന്മേലുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ശരിയായി പഠിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
17	108	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്ഥാപനങ്ങളിൽ നിന്നും നഗരകാര്യ ഡയറക്ടർക്ക് ലഭിക്കുന്ന ഒഴിവ് വിവരങ്ങൾ P.S.C-യ്ക്ക് അയയ്ക്കുന്നതിലും, വിജ്ഞാപനം നടത്തി ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയകളുടെയും പൂർത്തീകരണത്തിന് വളരെയധികം കാലതാമസം ഉണ്ടാകുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	109	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്ഥാപനങ്ങളുടെ ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട് നിയോഗിക്കുന്ന ജീവനക്കാരെ പദ്ധതി പൂർത്തീകരണത്തിനുശേഷം പദ്ധതിയുടെ ഭാഗമായി നില നിർത്തുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ തുടർ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ മാത്രം നിലനിർത്തി ബാക്കിയുള്ള ജീവനക്കാരെ പുനർ വിന്യാസം ചെയ്യുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

	110	തദ്ദേശ സ്വയംഭരണ വകുപ്പ്	തസ്തികകൾ ഒഴിഞ്ഞ് കിടന്നിട്ടും ജീവനക്കാരുടെ അപര്യാപ്തത കൃത്യമായി കാണിക്കുന്നതിലും, ഒഴിവ് നികത്തുന്നതിൽ നടപടി സ്വീകരിക്കാത്തതിലും ഉള്ള സമിതിയുടെ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.
	111	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്ഥാപനങ്ങളിലെ തസ്തികകൾ കൂടുതൽ ആകർഷകമാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ ആലോചനകൾ നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	112	തദ്ദേശ സ്വയംഭരണ വകുപ്പ്	ജീവനക്കാരുടെ നിയമനത്തിലെ അപര്യാപ്തതകൾ , നഗര തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള വ്യക്തമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

അനുബന്ധം - II

92

കംപ്ട്രോൾ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2021 മാർച്ച് മാസം അവസാനിച്ച വർഷത്തെ 74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത സംബന്ധിച്ച റിപ്പോർട്ടിലെ അദ്ധ്യായം 4,5,6 എന്നിവയിന്മേലുള്ള നൂനത പരിഹാര പത്രിക (ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2021-23) യുടെ 06.12.2023 ന നടക്കുന്ന തെളിവെടുപ്പ് യോഗത്തിൽ സമർപ്പിക്കുന്നതിന്)

ഖണ്ഡികനം	വിഷയം/പരാമർശം	മറുപടി
	അദ്ധ്യായം IV	
	സാമ്പത്തിക വിഭവങ്ങളുടെ വികേന്ദ്രീകരണം	
	നഗര തദ്ദേശസ്ഥാപനങ്ങളുടെ കാര്യശേഷി പ്രതിഫലിക്കുന്നത് അവയുടെ സാമ്പത്തിക സ്ഥിതിയിലും അവയുടെ തനതായ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള കഴിവിലുമാണ്. യുഎൽബികൾക്ക് അവയുടെ ആവശ്യങ്ങൾക്കനുസൃതമായ സാമ്പത്തിക വിഭവങ്ങൾ ലഭ്യമാക്കുന്ന സാഹചര്യത്തിലാണ് വികേന്ദ്രീകരണം ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാകുന്നത്. വികേന്ദ്രീകരണത്തിന്റെ സുപ്രധാന ഘടകങ്ങളിൽ ഒന്ന് സാമ്പത്തിക സ്വയംഭരണം ആയതിനാൽ ഫലപ്രദമായ വികേന്ദ്രീകരണം കൊണ്ട് അർത്ഥമാക്കുന്നത് സാമ്പത്തിക വിഭവങ്ങളുടെ (തനതു വരുമാനമോ കൈമാറ്റം ചെയ്യപ്പെട്ടതോ) ലഭ്യത മാത്രമല്ല, സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം കൂടിയാണ്. കേരളത്തിലെ യുഎൽബികൾക്ക് ലഭ്യമായ ഫണ്ടുകളിൽ തനതു വരുമാനം (നികുതിയും നികുതിയേതരവും), കേന്ദ്രസംസ്ഥാന ഗ്രാന്റുകൾ, വായ്പകൾ എന്നിവ ഉൾപ്പെടുന്നു. ഈ അദ്ധ്യായത്തിൽ യുഎൽബികളുടെ ധനസ്ഥിതിയുടെ ഉപരിവീക്ഷണത്തിന്റെയും വരവുകളുടെ വിശകലനത്തിന്റെയും നിരീക്ഷണങ്ങളിലൂടെ, 74-ാം സിഎഎയിലൂടെയും സംസ്ഥാന നിയമനിർമ്മാണങ്ങളിലൂടെയും ഏർപ്പെടുത്തിയ സാമ്പത്തിക വികേന്ദ്രീകരണത്തിന്റെ ഉദ്ദിഷ്ട ഫലപ്രാപ്തിയുടെ ഒരു പഠനം ഉൾപ്പെടുത്തിയിരിക്കുന്നു.	പ്രത്യേക പരാമർശമില്ല
4.1	**യുഎൽബികളുടെ ധനസ്ഥിതി**	

മുനിസിപ്പാലിറ്റികൾക്ക് സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനും, മുനിസിപ്പാലിറ്റികളുടെ പേരിലും നേരിട്ടും ലഭിക്കുന്ന എല്ലാ പണവും നിക്ഷേപിക്കുന്നതിനും അവ പിൻവലിക്കുന്നതിനും ഫണ്ട് രൂപീകരിക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 243 എക്സ് വ്യവസ്ഥ ചെയ്യുന്നു. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനും, സംസ്ഥാനസഞ്ചിതനിധിയിൽ നിന്നും മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം നൽകുന്നതിനെക്കുറിച്ചുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ചും മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ചും ശുപാർശകൾ നടത്തുന്നതിനുമായി, സംസ്ഥാന ധനകാര്യകമ്മീഷൻ രൂപീകരിക്കണമെന്ന് അനുച്ഛേദം 243 വൈ നിഷ്കർഷിക്കുന്നു. 1994-ലെ കെ.എം ആക്ടും അതിന്റെ വ്യവസ്ഥകളിലൂടെ തദ്ദേശ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തേണ്ട നടപടികളെക്കുറിച്ച് ആവർത്തിച്ചു പറയുന്നു.

പ്രത്യേക പരാമർശമില്ല

ഒരു സാമ്പത്തിക വർഷം പൂർത്തിയായി നാലു മാസത്തിനകം, അതായത് ജൂലൈ 31-ന് മുമ്പ് ഓരോ മുനിസിപ്പാലിറ്റിയും ഓഡിറ്റിനായി വാർഷിക ധനകാര്യപത്രികകൾ ആ മുനിസിപ്പാലിറ്റിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ള ഓഡിറ്റർക്ക് സമർപ്പിക്കേണ്ടതാണെന്ന് 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ നിർദ്ദേശിക്കുന്നു. 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ 93 യുഎൽബികളും അവരുടെ വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിനായി ചട്ടപ്രകാരമുള്ള ഓഡിറ്ററായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിരുന്നു എന്ന് കണ്ടു.

തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ, യുഎൽബികളുടെ സാമ്പത്തിക പരിപാലനത്തിൽ ന്യൂനതകൾ ഓഡിറ്റ് കാണുകയുണ്ടായി. ഇവ പരിഹരിക്കുകയാണെങ്കിൽ ഉയർന്ന തലത്തിലുള്ള സാമ്പത്തിക സ്വയംഭരണത്തിനും തന്മൂലം മെച്ചപ്പെട്ട ഭരണത്തിനും വഴിയൊരുക്കപ്പെടും.

4.1.1 അയഥാർത്ഥമായ രീതിയിലുള്ള ബഡ്ജറ്റ് തയ്യാറാക്കൽ

ഓരോ ധനകാര്യവർഷവും ആരംഭിക്കുന്നതിനു മുമ്പായി നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ബഡ്ജറ്റ് നിർബന്ധമായും തയ്യാറാക്കണമെന്ന് 1994-ലെ കെ.എം ആക്ടിലെ 285-ഉം 287-ഉം വകുപ്പുകൾ നിർദ്ദേശിക്കുന്നു. കെ.എം ആക്ടിലെ 285-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനുവരി 15-ന് മുൻപായി, വരും വർഷത്തെ വരവുകളുടെയും ചെലവിന്റെയും എസ്റ്റിമേറ്റുകൾ ഉൾക്കൊള്ളുന്ന ബഡ്ജറ്റ് യുഎൽബി സെക്രട്ടറി തയ്യാറാക്കി, അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുമ്പിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, യുഎൽബി സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്കലുകളും പരിഗണിച്ചശേഷം നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുനിസിപ്പാലിറ്റിയുടെ അടുത്ത വർഷത്തെ വരവുകളുടെയും ചെലവിന്റെയും ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം അവസാനിക്കുന്നതിനുമുമ്പ് അംഗീകാരത്തിനായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട വർഷം ആരംഭിക്കുന്നതിനു മുമ്പായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ അന്തിമമായി കൗൺസിൽ പാസാക്കേണ്ടതും പകർപ്പുകൾ സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്.

മുൻവർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും പ്രവണതയുടെ അടിസ്ഥാനത്തിലല്ല തദ്ദേശസ്ഥാപനങ്ങൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരുന്നതെന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. അതിനാൽ, ബഡ്ജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നു. മുൻവർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും പ്രവണതയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയിച്ചിരുന്നുവെങ്കിൽ ബഡ്ജറ്റ് തുകകൾ കൂടുതൽ യാഥാർത്ഥ്യം പുലർത്തുന്നതാകുമായിരുന്നു.

ഓരോ ധനകാര്യ വർഷവും ആരംഭിക്കുന്നതിനു മുന്നേ ജനുവരി 15 നു മുമ്പേ വരും വർഷത്തെ വരവ് ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റുകൾ ഉൾപ്പെടുന്ന ബഡ്ജറ്റ് സെക്രട്ടറിമാർ തയ്യാറാക്കി ബന്ധപ്പെട്ട സ്ഥിരം സമിതിക്ക് സമർപ്പിക്കുന്നു. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും അടങ്കലും കൂടി ചേർത്ത് അടുത്ത സാമ്പത്തിക വർഷത്തെ വരവ് ചെലവ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. മാർച്ച് ആദ്യവാരത്തിൽ കൗൺസിലിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിച്ച് പകർപ്പുകൾ സർക്കാരിലേയ്ക്കറിയിക്കുന്നു. എന്നാൽ ബഡ്ജറ്റും യഥാർത്ഥ ചെലവുകളും തമ്മിൽ അന്തരം ഉണ്ടാക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ സപ്ലിമെന്ററി ബഡ്ജറ്റുകൾ തയ്യാറാക്കാറുണ്ട്. ഈ അന്തരം പരിഹരിക്കുന്നതിന് മുൻ സാമ്പത്തിക വർഷത്തെ ചെലവിന്റെ പ്രവണതകൾ കണക്കിലെടുത്ത് ആവശ്യമായ ഭേദഗതികൾ വരുത്തി ബഡ്ജറ്റ് റിവൈസ് ചെയ്യുന്നതാണ്.

പരിശോധന നടത്തിയ നാല് യുഎൽബികളിലെ അയഥാർത്ഥ ബഡ്ജറ്റ് തയ്യാറാക്കലിന്റെ വിശദമായ ഉദാഹരണങ്ങൾ പട്ടിക 4.1-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 4.1: അയഥാർത്ഥ ബഡ്ജറ്റിന്റെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക

യുഎൽബിയുടെ പേര്	വർഷം	വരവുകൾ (രൂപ ലക്ഷത്തിൽ)			ചെലവ് (രൂപ ലക്ഷത്തിൽ)		
		ബഡ്ജറ്റ്	യഥാർത്ഥ തുക	യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം	ബഡ്ജറ്റ്	യഥാർത്ഥ തുക	യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	2015-16	3882.11	755.69	19.47	3951.27	820.89	20.78
	2016-17	9239.04	2132.47	23.08	8733.22	1835.20	21.01
	2017-18	10748.54	3487.55	32.45	10665.85	3118.61	29.24
	2018-19	30819.41	4234.26	13.74	29242.48	3692.87	12.63
	2019-20	20709.59	3562.65	17.20	19880.51	2668.07	13.56
കൽപ്പറ്റ മുനിസിപ്പാലിറ്റി	2015-16	12947.63	3081.15	23.80	12873.68	2379.92	18.49
	2016-17	16785.61	1896.43	11.30	16720.61	2713.70	16.23
	2017-18	19126.67	3498.14	18.29	19073.54	3293.88	17.27
	2018-19	4444.19	3353.67	75.46	4401.59	2887.23	65.60
	2019-20	9012.92	3622.75	40.20	8957.61	3567.42	39.83
തിരുവനന്തപുരം കോർപ്പറേഷൻ	2015-16	80568.96	25803.70	32.03	68620.91	26001.81	37.89
	2016-17	57454.09	39661.53	69.03	48626.69	27492.26	56.54
	2017-18	68994.75	41952.69	60.81	60049.23	28566.44	47.57

	2018-19	84304.17	58442.97	69.32	72873.87	54476.21	74.75
	2019-20	92205.35	55445.56	60.13	95867.91	39486.44	41.19
കൊച്ചി കോർപ്പറേഷൻ	2015-16	88154.17	42132.93	47.79	84188.00	32506.76	38.61
	2016-17	88355.99	41367.63	46.82	84095.02	30762.67	36.58
	2017-18	85416.69	54334.06	63.61	82229.92	43546.86	52.96
	2018-19	91747.57	65762.97	71.68	88898.97	50134.74	56.40
	2019-20	98756.95	57885.27	58.61	94518.59	52133.98	55.16

യഥാർത്ഥ വരവുകളുടെ ബഡ്ജറ്റ് തുകകളുമായുള്ള ശതമാനം 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 11.30-നും 75.46-നും, വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 13.74-നും 32.45-നും, തിരുവനന്തപുരം കോർപ്പറേഷനിൽ 32.03-നും 69.32-നും, കൊച്ചി കോർപ്പറേഷനിൽ 46.82-നും 71.68-നും ഇടയിലുമായിരുന്നു. മറുവശത്ത് ഈ കാലയളവിൽ, ചെലവ് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 12.63 മുതൽ 29.24 ശതമാനവും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 16.23 മുതൽ 65.60 ശതമാനവും, തിരുവനന്തപുരം കോർപ്പറേഷനിൽ 37.89 മുതൽ 74.75 ശതമാനവും, കൊച്ചി കോർപ്പറേഷനിൽ 36.58 മുതൽ 56.40 ശതമാനവും അധികമായി എസ്റ്റിമേറ്റ് ചെയ്തിരുന്നു. മേൽപ്പറഞ്ഞ പ്രവണതകൾ ഈ യുഎൽബികളുടെ ബഡ്ജറ്റിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഉൽകണ്ഠ ഉളവാക്കുന്നതും അതിനെ സാമ്പത്തിക നിയന്ത്രണത്തിനും ചെലവു പരിപാലനത്തിനുമുള്ള ഉപകരണമായി വർത്തിക്കുവാനുള്ള അർഹത ഇല്ലാതാക്കുന്നതുമാണ്.

ഒരു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ രൂപപ്പെടുത്തുമ്പോൾ മുൻ സാമ്പത്തിക വർഷങ്ങളിലെ ചെലവിന്റെ പ്രവണത കണക്കിൽ എടുക്കേണ്ടതുണ്ട്. തുടർച്ചയായ മിച്ചം ഉണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനായി കാരണങ്ങൾ വിശകലനം ചെയ്ത ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ യഥാർത്ഥമാക്കേണ്ടതാണ്. ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളിലെ അഞ്ചുവർഷക്കാലത്തെ ബഡ്ജറ്റ് തുകകളും യഥാർത്ഥ

തുകകളും തമ്മിലുള്ള തുടർച്ചയായതും ഗണ്യമായതുമായ അന്തരം സൂചിപ്പിക്കുന്നത്, ആസൂത്രിതമായ ബഡ്ജറ്റ് രൂപീകരണത്തിന് യുഎൽബികൾ കുറഞ്ഞ പരിഗണനയേ നൽകിയിരുന്നുള്ളൂ എന്നതാണ്. വികേന്ദ്രീകരണത്തിന്റെ വെളിച്ചത്തിൽ മുനിസിപ്പാലിറ്റിയുടെ ബഡ്ജറ്റിന് സംസ്ഥാനസർക്കാരിന്റെ അംഗീകാരം ആവശ്യമില്ലാത്തതിനാൽ യുഎൽബികൾ അവയുടെ ബഡ്ജറ്റ് പ്രക്രിയകൾക്ക് മതിയായ ശ്രദ്ധ നൽകേണ്ടതാണ്. വികേന്ദ്രീകൃത ആസൂത്രണവും വികസനവും വിലയിരുത്തുവാനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും ബഡ്ജറ്റിനെ സാമ്പത്തിക നിയന്ത്രണത്തിനായുള്ള ഉപകരണമായി ഉപയോഗിക്കുന്നതിലുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരാജയത്തെക്കുറിച്ച് ചൂണ്ടിക്കാട്ടിയിരുന്നു (2009 മാർച്ച്).

സർക്കാരിന്റെ മറുപടി ലഭ്യമായിട്ടില്ല (2021 ഡിസംബർ).

4.1.2 നഗരതദ്ദേശസ്ഥാപനങ്ങളുടെ ചെലവ്

യുഎൽബികളുടെ ചെലവ് അഞ്ചുവിഭാഗങ്ങൾ ആയി തരം തിരിക്കാവുന്നതാണ്: പദ്ധതി ചെലവുകൾ, പ്രവർത്തനവും പരിപാലനവും, പൊതു ചെലവുകൾ, മാനവശേഷി ചെലവുകൾ, പലിശയും ധനകാര്യ ചെലവുകളും. സംസ്ഥാനത്തെ 93 യുഎൽബികളും, പരിശോധന നടത്തിയ 21 യുഎൽബികളും 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ വരുത്തിയ ചെലവിന്റെ വിശദവിവരങ്ങൾ താഴെ **പട്ടികകൾ 4.2-ലും 4.3-ലും** കാണിച്ചിരിക്കുന്നു.

പട്ടിക 4.2 : സംസ്ഥാനത്തെ യുഎൽബികൾ വരുത്തിയ ചെലവ്

വർഷം	മാനവശേഷി ചെലവ്	പൊതു ചെലവുകൾ	പ്രവർത്തനവും പരിപാലനവും	പലിശയും ധനകാര്യചെലവുകളും	പദ്ധതി ചെലവുകൾ. ധനസഹായത്തിൽ നിന്നുള്ള	ആകെ ചെലവ്

പ്രാദേശിക സർക്കാരുകൾ സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളാണ്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അവർക്ക് ഫണ്ട് ചെലവഴിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും പ്രാദേശിക സർക്കാരുകൾക്ക് സ്വാതന്ത്ര്യമുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളനുസരിച്ച് സർക്കാർ കൂടുതൽ ഫണ്ടുകൾ പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് കാലയളവിൽ പൊതു ആവശ്യഫണ്ട് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ (SOTR) 3.5 ശതമാനമായിരുന്നത് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ (net SOTR) 4 ശതമാനമായി ഉയർത്തുകയുണ്ടായി. സംരക്ഷണ ഫണ്ടും 5.5 ശതമാനത്തിൽ നിന്നും net SOTR ന്റെ 6.5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. വികസന ഫണ്ടിന്റെ വിഹിതം നിണ്ണയിക്കുമ്പോൾ സംസ്ഥാന പദ്ധതി അടങ്കലിന്റെ നിലവിലുള്ള

					ചെലവുക ൾ	
2015-16	107.45 (9.68%)	39.93 (3.60%)	118.13 (10.64%)	9.12 (0.82%)	835.44 (75.26%)	1110.07
2016-17	145.77 (13.02%)	44.84 (4.01%)	125.34 (11.20%)	6.98 (0.62%)	796.66 (71.16%)	1119.59
2017-18	201.76 (11.05%)	60.54 (3.32%)	140.31 (7.68%)	13.84 (0.76%)	1409.39 (77.19%)	1825.84
2018-19	212.27 (8.51%)	64.95 (2.60%)	249.70 (10.01%)	10.39 (0.42%)	1958.42 (78.47%)	2495.73
2019-20	197.76 (8.75%)	44.23 (1.96%)	207.83 (9.20%)	13.68 (0.61%)	1796.07 (79.49%)	2259.57
ആകെ	865.01 (9.82%)	254.49 (2.89%)	841.31 (9.55%)	54.01 (0.61%)	6795.98 (77.13%)	8810.80

പട്ടിക 4.3 : തെരഞ്ഞെടുത്ത യുഎൽബികൾ വഹിച്ച ചെലവ്

വർഷം	മാനവശേഷി ചെലവ്	പൊതു ചെലവുകൾ	പ്രവർത്തനവും പരിപാലനവും	പലിശയും ധനകാര്യചെലവുകളും	പദ്ധതി ചെലവുകൾ, ധനസഹായത്തിൽ നിന്നുള്ള ചെലവുകൾ	ആകെ ചെലവ്
2015-16	43.54 (9.79%)	13.63 (3.07%)	58.81 (13.23%)	5.53 (1.24%)	323.09 (72.67%)	444.60
2016-17	52.41 (12.10%)	12.35 (2.85%)	56.63 (13.07%)	2.57 (0.59%)	309.17 (71.38%)	433.13
2017-18	74.60 (12.08%)	20.62 (3.34%)	60.79 (9.85%)	2.95 (0.48%)	458.47 (74.25%)	617.43
2018-19	71.66 (7.62%)	30.93 (3.29%)	127.83 (13.60%)	3.89 (0.41%)	705.76 (75.08%)	940.07
2019-20	64.47 (8.42%)	13.23 (1.73%)	74.95 (9.79%)	2.65 (0.35%)	610.59 (79.72%)	765.89
ആകെ	**306.68 (9.58%)**	**90.76 (2.84%)**	**379.01 (11.84%)**	**17.59 (0.55%)**	**2407.08 (75.19%)**	**3201.12**

ശതമാനത്തിൽ നിന്നും 30 ശതമാനം ആകുന്നത് വരെ ഇടർന്നുള്ള വർഷങ്ങളിൽ 0.5 ശതമാനം വീതം വർധിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പദ്ധതി തുക കുറച്ചാലും പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുക കുറയ്ക്കുകയില്ലായെന്നും സർക്കാർ വിശദീകരിച്ചിട്ടുണ്ട്.

നഗരസഭയുടെ വാർഷിക പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തുന്ന വിവിധ പദ്ധതികൾ ഖരമാലിന്യ നിർമ്മാർജ്ജനം, പൊതുജന ആരോഗ്യം, ശുചീകരണം, പൊതുശൗചാലയം, കൊതുക് നിയന്ത്രണം, വെള്ളക്കെട്ട് നിർമ്മാർജ്ജനം എന്നിവയാണ്. പദ്ധതി നിർവ്വഹണ ചിലവ് വർദ്ധിക്കുന്നതിന് ആനുപാതികമായി നാഗരിക ചുമതലകൾ നിർവ്വഹിക്കുന്നതിനായുള്ള ചെലവിടൽ വർദ്ധിക്കുന്നുണ്ട്. കൂടാതെ മാലിന്യ മുക്ത നവ കേരളം പോലുള്ള മാലിന്യ സംസ്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം മാലിന്യ സംസ്കരണ പദ്ധതികൾക്ക് മാത്രമായി നീക്കിവയ്ക്കുന്നുണ്ട്. ഇതിനു പുറമേ കേന്ദ്ര ധനകാര്യ കമ്മിഷൻ, അമൃത് പദ്ധതി, സ്വച്ഛഭാരത് മിഷൻ, KSWMP എന്നിവയിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ കൂടി ഉൾക്കൊള്ളിക്കുന്നുണ്ട്.

സംസ്ഥാനത്തെ യുഎൽബികളുടെ ചെലവിന്റെ ഭൂരിഭാഗവും, ആകെ ചെലവിന്റെ 71.16 ശതമാനം മുതൽ 79.49 ശതമാനം വരെ പദ്ധതി ചെലവുകൾ, ഗ്രാന്റുകളിൽ നിന്നുള്ള ചെലവുകൾ എന്നിവയായിരുന്നു. ഇത് യുഎൽബികൾ പദ്ധതി നടപ്പാക്കലിനാണ് മുന്തിയ പരിഗണന നൽകിയിരുന്നത് എന്നതിന്റെ പ്രതിഫലനമാണ്. നിയമപരമായ നാഗരിക ചുമതലകളായ ഖര-ദ്രവ്യ മാലിന്യനിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കശാപ്പുശാലകൾ സ്ഥാപിക്കൽ, ശ്മശാനപരിപാലനം, പൊതുശൗചാലയങ്ങൾ സൗകര്യപ്പെടുത്തൽ മുതലായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ വേഗത ഉറപ്പാക്കുന്നതിനായി പ്രവർത്തനവും പരിപാലനവും (ഓ ആന്റ് എം) ചെലവുകൾക്കും ഫണ്ടുകളുടെ മതിയായ വിഹിതം അനുവദിക്കേണ്ടതുണ്ട്.

നാഗരിക ചുമതലകളോടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദാസീനത സംസ്ഥാനത്തെ പൊതുജനാരോഗ്യം, ശുചീകരണം, പരിസ്ഥിതി എന്നിവ സംബന്ധിച്ച ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു എന്ന് അഞ്ചാം എസ്.എഫ്.സി നിരീക്ഷിച്ചിരുന്നു. അതിനാൽ ഈ ചുമതലകൾക്ക് മുന്തിയ പരിഗണന നൽകണമെന്നും ഇക്കാര്യത്തിനായി ആവശ്യമുള്ള ഫണ്ടുകൾ നൽകണമെന്നുമായിരുന്നു കമ്മീഷന്റെ സമീപനം.

4.1.3 നഗരതദ്ദേശസ്ഥാപനങ്ങളുടെ ധനകാര്യ ഡേറ്റാവിശകലനം

യുഎൽബികളിൽ സാമ്പത്തിക സ്വയംഭരണം സ്ഥാപിക്കുന്നതിനായി ഇനിപ്പറയുന്ന അനുപാതങ്ങൾ ഓഡിറ്റ് പരിഗണിച്ചു.

- തദ്ദേശസാമ്പത്തിക സ്വയംഭരണം: ഇത് യുഎൽബികളുടെ ആകെ വരുമാനവുമായി തനതു വരുമാനത്തിന്റെ വിഹിതമാണ്.

- സാമ്പത്തിക കൈമാറ്റത്തിൽ തദ്ദേശ ആശ്രയത്വം: ഇത് യുഎൽബികളുടെ ആകെ വരുമാനവുമായി കേന്ദ്ര ധനകാര്യകമ്മീഷന്റെയും (സി.എഫ്.സി) സംസ്ഥാന ധനകാര്യകമ്മീഷന്റെയും (എസ്.എഫ്.സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണം ഉറപ്പുവരുത്തുന്നതിന് സാമ്പത്തിക സ്രോതസ്സുകൾ അനിവാര്യമാണ് എന്ന AG യുടെ നിരീക്ഷണം യുക്തിസഹമാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനായി 22/03/2023 ലെ സഉ(കൈ) 77/2023/LSGD പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം നിലവിലെ വസ്തുനികുതി, കെട്ടിട നിർമ്മാണം എന്നിവ പുനർനിർണ്ണയം ചെയ്തിട്ടുണ്ട്. കൂടാതെ നഗരസഭകളിലെ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഏകീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പറഞ്ഞ നികുതി പിരിക്കുന്നതിലുള്ള

ധനസഹായത്തിന്റെ വിഹിതമാണ്.

തദ്ദേശസാമ്പത്തിക സ്വയംഭരണവും സാമ്പത്തിക കൈമാറ്റത്തോടുള്ള തദ്ദേശ ആശ്രയത്വവും തമ്മിൽ വിപരീതരീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിക്കുകയാണെങ്കിൽ സാമ്പത്തിക കൈമാറ്റവുമായുള്ള ആശ്രയത്വം കുറയുന്നു. 2019-20-ലെ ഡേറ്റാ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ, തെരഞ്ഞെടുത്ത 21 യുഎൽബികളിൽ നിന്ന് ഒരു യുഎൽബിയിൽ മാത്രമേ തനത വരുമാനവും ആകെ വരുമാനവുമായുള്ള അനുപാതം 40 ശതമാനത്തിൽ കൂടുതൽ ആയിരുന്നുള്ളൂ എന്ന് നിരീക്ഷിച്ചു. രണ്ട് യുഎൽബികളിൽ അനുപാതം 30-40 ശതമാനപരിധിയിൽ ആയിരുന്നു. തദ്ദേശസാമ്പത്തിക സ്വയം പര്യാപ്തതയ്ക്കായി യുഎൽബികൾ വരുമാനസാദ്ധ്യതയുള്ള സ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്ന അടിയന്തിര ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

പരിശോധന നടത്തിയ 21 യുഎൽബികളിൽ 2019-20-ലെ സാമ്പത്തിക സ്വയംഭരണത്തിന്റെ പ്രവണത ചാർട്ട് 4.1-ൽ വിവരിച്ചിരിക്കുന്നു.

ചാർട്ട് 4.1 : തദ്ദേശ സാമ്പത്തിക സ്വയംഭരണം



കാലതാമസം ഒഴിവാക്കുന്നതിനായി ഇവ online ആയി അടവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

4.1.4 **<u>ഫണ്ടുകളുടെ വിനിയോഗത്തിന്റെ വ്യാപ്തി</u>**

പ്രത്യേക പരാമർശമില്ല

2015-16 മുതൽ 2019-20 വരെയുള്ള ആകെ വരുമാനവും ആകെ ചെലവുമായുള്ള താരതമ്യം കാണിക്കുന്നത് സംസ്ഥാനത്തെ 93 യുഎൽബികളുടെ ചെലവ് ആകെ വരുമാനത്തിന്റെ 35.78 മുതൽ 57.67 ശതമാനവും, തെരഞ്ഞെടുത്ത യുഎൽബികളുടെ ചെലവ് 32.71 ശതമാനം മുതൽ 53.54 ശതമാനം വരെയുമായിരുന്നു എന്നാണ്. ഇത് താഴെ **പട്ടികകൾ 4.4-ലും** 4.5-ലും കാണിച്ചിരിക്കുന്നു.

പട്ടിക 4.4 : സംസ്ഥാനത്തെ യുഎൽബികളുടെ ഫണ്ടിന്റെ വിനിയോഗത്തിന്റെ വ്യാപ്തി

വർഷം	വരവുകൾ	ചെലവ്	വരവുകളിൽ നിന്നും ചെലവിന്റെ ശതമാനം
2015-16	2169.86	1110.07	51.16
2016-17	3129.30	1119.59	35.78
2017-18	3166.06	1825.84	57.67
2018-19	4447.56	2495.73	56.11
2019-20	4210.47	2259.57	53.67
ആകെ	**17123.25**	**8810.80**	**51.46**

പട്ടിക 4.5 :പരിശോധന നടത്തിയ യുഎൽബികളുടെ ഫണ്ടുകളുടെ വിനിയോഗത്തിന്റെ വ്യാപ്തി

വർഷം	വരവുകൾ	ചെലവ്	വരവുകളിൽ നിന്നും ചെലവിന്റെ ശതമാനം
2015-16	1002.57	444.60	44.35
2016-17	1324.25	433.13	32.71
2017-18	1264.02	617.43	48.85
2018-19	1755.74	940.07	53.54
2019-20	1759.69	765.89	43.52

ആകെ	**7106.27**	**3201.12**	**45.05**

സംസ്ഥാനത്തെ യുഎൽബികളും ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളും 2015-2020 വരെയുള്ള അഞ്ചു വർഷക്കാലയളവിൽ വരുത്തിയ ചെലവിന്റെ ശരാശരി ശതമാനം യഥാക്രമം 51.46-ഉം 45.05-ഉം ആയിരുന്നു. വർദ്ധിച്ച ചെലവ് സമൂഹത്തിലെ എല്ലാ ദുർബ്ബല വിഭാഗങ്ങളെയും സാമൂഹ്യസുരക്ഷാ വലയത്തിനു കീഴിൽ കൊണ്ടുവരാനും ആരോഗ്യവിദ്യാഭ്യാസമേഖലകളിൽ ഗുണമേന്മയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുവാനുള്ള യുഎൽബികളുടെ ശക്തമായ ഇടപെടലിനെയാണ് പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ യുഎൽബികൾക്ക് ഓഡിറ്റ് കാലയളവിൽ (2015-2020) ചെലവിനത്തിൽ പ്രശംസനീയമായ പ്രവണതകൾ വരുത്താൻ സാധിച്ചില്ല എന്ന് ശ്രദ്ധിക്കപ്പെട്ടു. ഇത് മൻഗണനാ മേഖലകളിൽ കൈവരിക്കേണ്ട മെച്ചപ്പെട്ട നേട്ടങ്ങൾക്ക് തടസ്സമാകും.

4.1.5 <u>ബഡ്ജറ്റ് മാനുൽ തയ്യാറാക്കാത്തത്</u>

യുഎൽബികളിൽ ബഡ്ജറ്റ് തയ്യാറാക്കുന്ന നടപടി ക്രമങ്ങൾ കെ.എം ആക്ട്, 1994-ലെ 285 മുതൽ 293 വരെയുള്ള വകുപ്പുകൾ നിഷ്കർഷിക്കുന്നു. വരവുകളുടെയും ചെലവുകളുടെയും എസ്റ്റിമേറ്റിനെ സംബന്ധിച്ച കാര്യങ്ങളിൽ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരത്തെക്കുറിച്ച് കെ.എം ആക്ടിലെ 565-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പങ്കാളിത്ത ആസൂത്രണത്തിനും, ബഡ്ജറ്റ് പ്രക്രിയയ്ക്കും പര്യാപ്തമായ വ്യവസ്ഥകളോടെ ബഡ്ജറ്റ് ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കണമെന്നും ചട്ടങ്ങൾ സുതാര്യതയെക്കുറിച്ചുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണമെന്നും, ബഡ്ജറ്റിന്റെ സത്യസന്ധതയും പവിത്രതയും, പ്രത്യേകിച്ച് വരവുകൾ മുൻകൂട്ടി കാണുന്നതും ചെലവുകൾ കണക്കാക്കുന്നതുമായി ബന്ധപ്പെട്ടത് ഉറപ്പുവരുത്തണമെന്നും നാലാം എസ്.എഫ്.സി ശുപാർശ ചെയ്തിരുന്നു (2011 മാർച്ച്). മതിയായ ഉദാഹരണങ്ങളോടെ ലളിതമായ രീതിയിൽ വിശദമായ വിവരങ്ങളോടെ ബഡ്ജറ്റ് ചട്ടങ്ങൾ വിപുലീകരിക്കുകയും ബഡ്ജറ്റ് മാനുൽ

ബഡ്ജറ്റ് മാനുൽ തയ്യാറാക്കാത്തത് സംബന്ധിച്ച് തെളിവെടുപ്പ് വിശദീകരണം ലഭ്യമാക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

രൂപത്തിൽ പുറപ്പെടുവിക്കേണ്ടതുമാണ്. ഇതിൽ പുനർവിനിയോഗത്തിനും വിനിയോഗനിയന്ത്രണത്തെ സഹായിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദീകരിക്കണം. നടപടി റിപ്പോർട്ടിൽ (2011-12) സർക്കാർ മുകളിൽപ്പറഞ്ഞ ശുപാർശകൾ അംഗീകരിക്കുകയും ആവശ്യമായ നടപടികൾ എടുക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തെങ്കിലും സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾക്കായി ഇതുവരെയും ബഡ്ജറ്റ് മാനുൽ തയ്യാറാക്കിയിട്ടില്ല. ബഡ്ജറ്റ് മാനുൽ തയ്യാറാക്കാത്തത് സാമ്പത്തിക മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ നിഷ്കർഷയില്ലായ്മയ്ക്കും യഥാർത്ഥമല്ലാത്ത വരവുകളും ചെലവുകളും തദ്ദേശസ്ഥാപനങ്ങൾ കണക്കാക്കുന്നതിനും വഴിയൊരുക്കും. മുകളിൽ പറഞ്ഞ ശുപാർശകൾ നടപ്പാക്കുകയാണെങ്കിൽ യുഎൽബികൾക്ക് സാമ്പത്തിക അക്കൗണ്ടിംഗ് ഏകീകരിക്കുവാനും തദ്ദേശഭരണത്തിന് വിശ്വസനീയമായ ഒരു സാമ്പത്തിക റിപ്പോർട്ടിംഗ് സമ്പ്രദായം സാദ്ധ്യമാക്കുവാനും കഴിയും.

4.2 യുഎൽബികളുടെ വരവുകൾ

യുഎൽബികൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നത് അവർക്ക് ആവശ്യമായ ധനവിഭവങ്ങൾ ലഭ്യമാകുമ്പോൾ മാത്രമാണ്. ധനവിഭവങ്ങൾ ലഭ്യമാകുന്നത് സംസ്ഥാന ധനകാര്യകമ്മിഷനുകൾ നടപ്പിലാക്കിയ ധനകൈമാറ്റങ്ങളിലൂടെയും, സംസ്ഥാന കേന്ദ്ര ധനകാര്യകമ്മിഷനുകളുടെ ശുപാർശകളുടെ അനുവർത്തനത്തിലൂടെയും, ചെലവിന്റെ ആവശ്യമനുസരിച്ച് തനതുവരുമാന സ്രോതസ്സുകളെ കൂടുതലായി പ്രാപിക്കുന്നതിലൂടെയും ആണ്. യുഎൽബികളുടെ വരവുകൾ വരുന്ന വഴികൾ വിശകലനം ചെയ്യാൻ ഓഡിറ്റ് ശ്രമിക്കുകയുണ്ടായി. അവ താഴെ അവതരിപ്പിച്ചിരിക്കുന്നു:

4.2.1 യുഎൽബികളുടെ വരവുകളുടെ സ്രോതസ്സ്

യുഎൽബികളുടെ പ്രധാന വരുമാനസ്രോതസ്സുകൾ എസ്.എഫ്.സി ശുപാർശകൾ പ്രകാരം കൈമാറ്റം ചെയ്യുന്ന ധനസഹായങ്ങളും, നികുതി,

നികുതിയേതര വരുമാനങ്ങളും മറ്റു വരുമാനങ്ങളും ഉൾക്കൊള്ളുന്ന തനതുവരുമാനവും ആകുന്നു. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികളുടെ വരവുകളുടെ വിശദവിവരങ്ങൾ പട്ടിക 4.6-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 4.6 : 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ യുഎൽബികളുടെ വരവുകളുടെ വിശദവിവരം

	ധനകാര്യ കമ്മീഷൻ ധനസഹായം					
	വികസന ഫണ്ട്	പരിപാലനവും പൊതു ആവശ്യഫണ്ടും				
2015-16	1000.77	595.81	791.73	582.44	2970.75	26.65
2016-17	1439.05	719.93	938.37	2289.63	5386.97	17.42
2017-18	1688.28	784.65	1008.54	1716.33	5197.80	19.40
2018-19	1850.56	935.55	1149.05	2538.87	6474.03	17.75
2019-20	1837.16	870.55	1080.08	1595.27	5383.06	20.06

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ യുഎൽബികളിലെ ആകെ വരുമാനവുമായി തനതു വരുമാനത്തിന്റെ വിഹിതം 17.42 മുതൽ 26.65 ശതമാനം വരെ ആയിരുന്നു. ഇത് സൂചിപ്പിക്കുന്നത് യുഎൽബികളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര ആവശ്യത്തെയാണ്.

4.2.2 നഗര തദ്ദേശസ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക കൈമാറ്റങ്ങൾ

കേന്ദ്രസംസ്ഥാന സർക്കാരുകൾ സാമ്പത്തിക കൈമാറ്റങ്ങളിലൂടെ ഗണ്യമായ അളവിൽ ഫണ്ടുകൾ യുഎൽബികൾക്ക് ലഭ്യമാക്കുന്നുണ്ട്. ധനകാര്യകമ്മീഷൻ ധനസഹായങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം, യുഎൽബികൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള പദ്ധതികൾക്കും/ ചുമതലകൾക്കും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മൊത്തം ധനസഹായങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികളുടെ വരവുകളുടെ മുഖ്യമായ പങ്ക് (73.35 മുതൽ 82.58 ശതമാനം വരെ) സർക്കാരിൽ നിന്നുള്ള സാമ്പത്തിക കൈമാറ്റങ്ങൾ ആയിരുന്നു.

എ. സംസ്ഥാന ധനകാര്യകമ്മീഷന്റെ ധനസഹായം

യുഎൽബികളുടെ സാമ്പത്തിക വിഭവങ്ങളുടെ മുഖ്യപങ്ക് എസ്.എഫ്.സി ശുപാർശ ചെയ്ത ധനസഹായങ്ങൾ ആണ്. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം നൽകേണ്ട ഫണ്ടുകളും യഥാർത്ഥത്തിൽ യുഎൽബികൾക്ക് നൽകിയ ഫണ്ടുകളുടെയും വിശദവിവരങ്ങൾ **പട്ടിക 4.7**-ൽ നൽകിയിരിക്കുന്നു.

പട്ടിക 4.7 : 2015-16 മുതൽ 2019-20 വരെ എസ്.എഫ്.സിയ്ക്ക് കീഴിൽ നൽകേണ്ടതും നൽകിയതും ആയ ധനസഹായത്തിന്റെ വിശദവിവരങ്ങൾ

വർഷം	സംസ്ഥാന സർക്കാർ അംഗീകരിച്ച	ബഡ്ജറ്റ് അനുബന്ധം IV-ലെ യഥാർത്ഥ വകയിരുത്ത	കേരള സർക്കാരിന്റെ ധനകാര്യ	കുറവ് (-) / അധികം (+)ന	കുറവ് (-) / അധികം (+)നൽകിയതി

	എസ് .എഫ്. സി വകയിരു ത്തൽ	ൽ	വകപ്പിൽ നിന്ന് യഥാർ ത്ഥത്തി ൽ നൽകി യത്	ൽകിയ ത്	ന്റെ ശതമാ നം
2015-16 (4-ാം -എസ്. എഫ്.സി)	1438.07	1438.07	1939.04	(+)500 97	(+)34.84
2016-17 (5-ാം -എസ്. എഫ്.സി)	2250.33	2250.33	2222.50	(-)27.8 3	(-)1.24
2017-18	2306.16	2306.16	2473.00	(+)166. 84	(+)7.23
2018-19	2554.85	2554.85	2786.13	(+)231 28	(+)9.05
2019-20	2827.72	2827.72	2707.71	(-)120. 01	(-)4.24

എസ്.എഫ്.സിയ്ക്ക് കീഴിൽ യുഎൽബികൾക്ക് നൽകിയ ഫണ്ടുകൾ 2016-17-ലും 2019-20-ലും നിർബന്ധിതമായ കൈമാറ്റം ചെയ്യപ്പെടേണ്ടതിനേക്കാൾ യഥാക്രമം 1.24 ശതമാനവും 4.24 ശതമാനവും കുറവായിരുന്നു. എന്നാൽ, ബാക്കിയുള്ള മൂന്ന വർഷവും ഫണ്ട വിതരണത്തിൽ 7.23 ശതമാനം (2017-18) മുതൽ 34.84 ശതമാനം (2015-16) വരെ വ്യത്യാസത്തിൽ അധികം നൽകിയിരുന്നു എന്ന് വ്യക്തമാണ്. തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാന ധനകാര്യകമ്മീഷൻ മുഖാന്തിരമുള്ള ധനസഹായത്തിന്റെ മുഖ്യ പങ്കാണ് ഇത് സൂചിപ്പിക്കുന്നത്.

ബി. കേന്ദ്ര ധനകാര്യകമ്മീഷൻ ധനസഹായം

അതായത് എസ്.എഫ്.സികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളുടെ വിഭവങ്ങൾക്ക് അനുബന്ധമായി സംസ്ഥാന

സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര ധനകാര്യകമ്മീഷൻ (സി.എഫ്.സി) ശുപാർശ ചെയ്യണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 280(3)(സി) അനുശാസിക്കുന്നു. യുഎൽബികൾക്ക് ബേസിക് ഗ്രാന്റുകളും പെർഫോമൻസ് ഗ്രാന്റുകളും നൽകണമെന്ന് 14-ാം സി.എഫ്.സി ശുപാർശ ചെയ്തിരുന്നു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ലഭിച്ച 14-ാം സി.എഫ്.സി ധനസഹായങ്ങളുടെ വിശദവിവരം **പട്ടിക 4.8**-ൽ കൊടുത്തിരിക്കുന്നു:

പട്ടിക 4.8 : 2015-20 കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ലഭിച്ച 14-ാം സി.എഫ്.സി ധനസഹായങ്ങളുടെ വിശദവിവരം

വർഷം	ജനറൽ ബേസിക് ഗ്രാന്റുകൾ			പെർഫോമൻസ് ഗ്രാന്റുകൾ		
	കേന്ദ്ര സർക്കാർ വകയിരുത്തിയത്	കേന്ദ്ര സർക്കാർ സംസ്ഥാനത്തിനു നൽകിയത്	സംസ്ഥാനം യുഎൽബികൾക്ക് നൽകിയത്	കേന്ദ്ര സർക്കാർ വകയിരുത്തിയത്	കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയത്	സംസ്ഥാനം യുഎൽബികൾക്ക് നൽകിയത്
2015-16	351.66	351.66	316.49	0.00	0.00	0.00
2016-17	486.94	486.94	510.84	143.71	143.71	143.71
2017-18	562.61	562.61	562.61	162.63	162.63	193.82
2018-19	650.84	650.84	650.84	184.69	0.00	184.69
2019-20	879.42	879.42	879.42	241.83	0.00	0.00

(i) പതിനാലാം ധനകാര്യകമ്മീഷൻ 2015-20 കാലയളവിലേയ്ക്ക് ആകെ

വകയിരുത്തലായി ₹2931.47 കോടി ബേസിക് ഗ്രാന്റുകൾക്ക് കീഴിലും ₹732.86 കോടി പെർഫോമൻസ് ഗ്രാന്റുകൾക്ക് കീഴിലും ശുപാർശ ചെയ്തിരുന്നു. ഈ കാലയളവിലേയ്ക്ക് അനുവദിച്ച ബേസിക് ഗ്രാന്റിൽ ₹2920.20 കോടി സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകി. കേന്ദ്ര സർക്കാർ നൽകിയ ₹306.34 കോടിയുടെ പെർഫോമൻസ് ഗ്രാന്റിനെതിരെ സംസ്ഥാന സർക്കാർ ₹522.22 കോടി യുഎൽബികൾക്ക് നൽകി. ഇത് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച തുകയെക്കാൾ കൂടുതലായിരുന്നു. 14-ാം കേന്ദ്ര ധനകാര്യകമ്മീഷന്റെ പെർഫോമൻസ് ഗ്രാന്റ് സ്കീം അനുസരിച്ച് ഒരു യുഎൽബിക്ക് മൂന്ന് മാനദണ്ഡങ്ങളിൽ നിന്നായി 60-ഓ അതിൽ കൂടുതലോ മാർക്ക് ലഭിച്ചാൽ, അതായത്, വാർഷിക കണക്കുകളുടെ ഓഡിറ്റ് (വെയിറ്റേജ് 10), തനത് വരുമാന സ്രോതസ്സുകളുടെ വർദ്ധനവ് (വെയിറ്റേജ് 40), സേവനതല അളവുകോലുകൾ പ്രസിദ്ധപ്പെടുത്തുന്നത് (വെയിറ്റേജ് 50), അത് പെർഫോമൻസ് ഗ്രാന്റിന് അർഹത നേടും.

പെർഫോമൻസ് ഗ്രാന്റിന് അർഹരായ യുഎൽബികളുടെ പട്ടിക, 2016-17-ലെയും 2017-18-ലെയും വിനിയോഗ സാക്ഷ്യപത്രങ്ങളോടൊപ്പം കേരളസർക്കാർ കേന്ദ്ര ഭവന നഗരകാര്യമന്ത്രാലയത്തിന് (എം.ഒ.എച്ച്.യു.എ) അയച്ചുകൊടുത്തു (2018 നവംബർ). 2018-19-നും 2019-20-നുമുള്ള പെർഫോമൻസ് ഗ്രാന്റുകൾ കേരളത്തിനു നൽകാൻ ശുപാർശ ചെയ്യപ്പെട്ടെങ്കിലും, ഇത് കേന്ദ്രസർക്കാർ ധനമന്ത്രാലയത്തിന്റെ അനുമതി കാത്തിരിക്കുകയാണ്. കേരള സർക്കാർ ഈ ഫണ്ടുകൾ താമസം കൂടാതെ നൽകുവാൻ അഭ്യർത്ഥിച്ചുവെങ്കിലും (2020 ഒക്ടോബർ), അനുകൂലമായ നടപടികളൊന്നും ഇതുവരെ എടുത്തുകണ്ടില്ല. ഈ

തെളിവെടുപ്പ് യോഗത്തിൽ മറുപടി ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അഭ്യർത്ഥനയുള്ള പ്രതികരണമായി എം.ഒ.എച്ച്.യു.എയിൽ നിന്ന് 2022 ഫെബ്രുവരി വരെയും മറുപടിയൊന്നും ലഭിച്ചില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) വ്യക്തമാക്കി.

ഈ സഹായധനത്തിന്റെ അന്തർലീനമായ ഉദ്ദേശ്യം തന്നെ തീരുമാനം എടുക്കലിന് ആവശ്യമായ ആധികാരിക വിവരങ്ങൾ എല്ലാ തല്പരകക്ഷികൾക്കും ലഭ്യമാക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളുടെ വരവുകളെയും ചെലവിനെയും കുറിച്ചുള്ള ഡേറ്റ സമാഹരിക്കുന്നതിന് വേണ്ട നടപടി താഴെത്തട്ടിൽ തന്നെ ആരംഭിക്കുക എന്നതായിരുന്നതിനാൽ, ഈ സഹായധനം ലഭിക്കാത്തത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചേക്കാം.

(ii) സംസ്ഥാന സർക്കാർ 2014-15-ൽ ആ വർഷത്തെ പതിമൂന്നാം എഫ്.സി സഹായധനം ആയ ₹166.39 കോടി, കേന്ദ്രസർക്കാരിൽ നിന്നും ഫണ്ടുകൾ ആ വർഷമോ അടുത്ത വർഷമോ ലഭിക്കും എന്ന പ്രതീക്ഷയോടെ, മുൻകൂറായി നൽകുകയുണ്ടായി. എന്നാൽ, പതിമൂന്നാം എഫ്.സിയുടെ കാലാവധി 2014-15 ഓടെ കഴിഞ്ഞതിനാൽ, 2014-15 വർഷത്തെ രണ്ടാം ഗഡു കേന്ദ്രസർക്കാർ നൽകിയില്ല. തദ്ദേശസ്ഥാപനങ്ങൾക്ക് അർഹമായ സഹായധനത്തിൽ നിന്ന് ഉറവിടത്തിൽ കുറവുകൾ ഒന്നും വരുത്തരുത് എന്ന് പതിനാലാം കേന്ദ്രധനകാര്യകമ്മീഷൻ മാർഗ്ഗരേഖകളിലെ ഖണ്ഡിക 17 നിഷ്കർഷിക്കുന്നു. ഇതിന് വിരുദ്ധമായി, പതിമൂന്നാം ധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട് 2014-15-ൽ അധികമായി നൽകിയ ₹166.39 കോടി വികസനസഹായധനത്തിൽ നിന്നും 2015-16-ൽ സംസ്ഥാന സർക്കാർ തട്ടിക്കിഴിച്ചു (2016 മാർച്ച്). ഇതിൽ ₹20.44 കോടി

തെരഞ്ഞെടുത്ത 21 യുഎൽബികളുമായി ബന്ധപ്പെട്ടതാണ്. ഈ തുക ഫലപ്രാപ്തിയുള്ള പദ്ധതി നടപ്പാക്കലിന് വിനിയോഗിക്കുവാൻ ഈ യുഎൽബികളുടെ കൈവശം ഉണ്ടായിരിക്കുമായിരുന്നു.

ഇതിനെക്കുറിച്ചുള്ള സർക്കാരിന്റെ മറുപടി ലഭിച്ചിട്ടില്ല (2021 ഡിസംബർ).

4.2.3 തദ്ദേശസ്ഥാപനങ്ങൾ ഫണ്ടുകൾ പിൻവലിക്കുന്നതിനുള്ള സമ്പ്രദായത്തിന്റെ മാറ്റം

2006 ഏപ്രിൽ 12 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗത്തിനായുള്ള ഫണ്ടുകൾ കണ്ടിൻജന്റ് ബില്ലുകൾ മുഖാന്തരം സഞ്ചിതനിധിയിൽ നിന്നും പിൻവലിക്കുന്ന രീതിയാണ് പിൻതുടർന്ന് വന്നിരുന്നത്. ഈ സമ്പ്രദായത്തിൽ, യുഎൽബികൾക്ക് വകയിരുത്തിയ ഫണ്ടുകൾ സാമ്പത്തികവർഷത്തിന്റെ അവസാനം വിനിയോഗിക്കാതെ കിടക്കുകയാണെങ്കിൽ പാഴാകും. എല്ലാ സാമ്പത്തിക വർഷത്തിലെയും മാർച്ച് 31-ന് ഫണ്ടുകൾ പാഴാക്കുന്നത് ഒഴിവാക്കാനും ട്രഷറി നിയന്ത്രണങ്ങളും ധനകാര്യവകുപ്പിൽ നിന്നുള്ള വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് പോലുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാനും ഒരു സമ്പ്രദായം കൊണ്ടുവന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്വയംഭരണം നൽകാൻ മൂന്നാം എസ്.എഫ്.സി ശുപാർശ ചെയ്തു (2005 നവംബർ). സർക്കാർ ശുപാർശകൾ അംഗീകരിക്കുകയും 2006-07 മുതൽ പുതിയ സമ്പ്രദായം കൊണ്ടുവരുകയും ചെയ്തു. ഇതിൻ പ്രകാരം ഓരോ യുഎൽബിക്കും കൈമാറ്റം ചെയ്യുന്ന സഹായധനം വികസന ഫണ്ട്, പരിപാലന ഫണ്ട്, പൊതു ഉദ്ദേശ്യ ഫണ്ട് എന്നിവയ്ക്കായി മൂന്നു പബ്ലിക് അക്കൗണ്ടുകളിലായി ട്രഷറിയിൽ നിക്ഷേപിക്കേണ്ടതാണ്.

ഈ സമ്പ്രദായം 2015 മാർച്ചിൽ നിർത്തലാക്കുകയും, കണ്ടിൻജന്റ് പ്രാദേശിക സർക്കാരുകളുടെ ഫണ്ട് കൈമാറ്റ രീതിയിൽ 01.04.2015 മുതൽ മാറ്റം വരുത്തിയിട്ടുണ്ട്. പുതിയ സംവിധാന പ്രകാരം, പ്രാദേശിക സർക്കാരുകൾക്ക് സഞ്ചിത നിധിയിൽ നിന്ന് നേരിട്ട് വികസന ഫണ്ടും സംരക്ഷണ ഫണ്ടും പിൻവലിക്കാവുന്നതാണ്. ചിലവഴിക്കാത്ത തുക ഉണ്ടെങ്കിൽ ആയത് തൊട്ടടുത്ത സാമ്പത്തിക വർഷം അനുവദിക്കുന്നതാണ്. അങ്ങനെ ഫണ്ട് ലാപ്സാകുന്നതിൽ നിന്നും ഒഴിവാകുന്നതാണ്. പൊതു ആവശ്യ ഫണ്ടിന്റെ കാര്യത്തിൽ, പ്രാദേശിക സർക്കാരുകൾക്ക് ബന്ധപ്പെട്ട LGTSB അക്കൗണ്ടിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാവുന്നതാണ്. പ്രാദേശിക സർക്കാരുകളുടെ ആവശ്യത്തിനനുസരിച്ച് ടി ഫണ്ട് ചെലവഴിക്കാവുന്നതാണ്. ആയതിനാൽ ഫണ്ട് നഷ്ടമാകുന്നില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിലെ 3-ാം നമ്പർ ശിപാർശ പ്രകാരം, വികസന ഫണ്ടിനത്തിലും സംരക്ഷണ ഫണ്ടിനത്തിലും പൂർണ്ണമായും ചെലവഴിക്കാത്ത തുകകൾ പരമാവധി 20% വരെ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട് ഓരോ വിഭാഗത്തിലും (പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി) പ്രത്യേകമായി ക്യാരിഓവർ ചെയ്യാൻ കഴിയുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ തുക പ്രാദേശിക സർക്കാരുകളുടെ PFMS മായി ലിങ്ക് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനാൽ ക്യാരിഓവർ ചെയ്യേണ്ട ആവശ്യമില്ല.

ബില്ലുകൾ മുഖാന്തിരം സഞ്ചിതനിധിയിൽ നിന്നും പിൻവലിക്കുന്ന സമ്പ്രദായം സർക്കാർ തിരിച്ചു കൊണ്ടുവരികയും ചെയ്തു. ഇതിന് കീഴിൽ ഒരു സാമ്പത്തിക വർഷത്തെ വകയിരുത്തൽ മൂന്നു ഗഡുക്കളായി എല്ലാവർഷവും മാർച്ച്, ജൂലൈ, നവംബർ 25-നോ അതിന് മുമ്പായോ ധനകാര്യവകുപ്പ് നൽകുന്നതാണ്. എല്ലാ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം ട്രഷറി കൗണ്ടറിലോട്ട് മാറ്റേണ്ടതാണ്. കൗണ്ടറിലെ ബില്ലുകൾ അടുത്ത സാമ്പത്തികവർഷം പാസാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇൻഫർമേഷൻ കേരളാ മിഷൻ (ഐകെഎം) നൽകിയ വിവരങ്ങൾ പ്രകാരം, മാർച്ചിന് വളരെ മുമ്പേ അതായത്, മുൻവർഷത്തെ ജൂൺ മാസത്തിൽ തന്നെ ഹാജരാക്കിയ ബില്ലുകൾപോലും ട്രഷറി കൗണ്ടറിൽ നിലനിർത്തിയിരുന്നു. തൽഫലമായി തെരഞ്ഞെടുത്ത യുഎൽബികൾക്ക് 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ എസ്.എഫ്.സി സഹായധനത്തിൽ നിന്നും ₹447.74 കോടി വിനിയോഗിക്കാൻ കഴിഞ്ഞില്ല.

ഇതിനു പുറമേ, എല്ലാ വർഷവും മാർച്ച് 31-ന് പിൻവലിക്കാതെ കിടക്കുന്ന വകയിരുത്തലുകൾ ട്രഷറി ഡയറക്ടർ നൽകുന്ന മൊത്തം കണക്കുകളുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷൻ / സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ, മുൻവർഷം കൗണ്ടറിൽ നിലനിർത്തിയിരുന്ന ബില്ലുകൾ പാസ്സാക്കാൻ അനുവദിച്ചു കൊണ്ടുള്ള അഡീഷണൽ ഓതറൈസേഷനുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ സൂക്ഷ്മപരിശോധന നടത്തിയതിൽ വെളിപ്പെട്ടത്. യുഎൽബികൾക്ക് നടപ്പു വർഷത്തെ വകയിരുത്തലിൽ നിന്നാണ് തുക അനുവദിച്ചിരുന്നത് എന്നാണ്. അങ്ങനെ, ഒരു പ്രത്യേക വർഷം കൈമാറ്റം ചെയ്ത തുക വർഷാവസാനം വിനിയോഗിക്കാതെ ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ അധികമായി തുക അനുവദിക്കുന്നതാണ് അഡീഷണൽ ഓതറൈസേഷൻ, എല്ലാ പ്രാദേശിക സർക്കാരുകൾക്കും അതാത് വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അനുവദിക്കുന്നുണ്ട്. ടി തുക പോലും മുഴുവനായി മിക്ക പ്രാദേശിക സർക്കാരുകളും ചെലവഴിക്കാറില്ല. ട്രഷറി ഇടപാടുകളിൽ കാലതാമസം നേരിടാതിരിക്കാൻ വേണ്ടിയാണ് മുൻകൂട്ടി കൗ ബിൽ സമ്പ്രദായം, ട്രഷറി നിയന്ത്രണം എന്നിവ സാമ്പത്തിക വർഷാവസാനത്തിൽ ഏർപ്പെടുത്തുന്നത്. എന്നിരുന്നാലും പ്രാദേശിക സർക്കാരുകൾ മാർച്ച് മാസാവസാനം മാത്രമാണ് മിക്ക ബില്ലുകളും ട്രഷറിയിൽ സമർപ്പിക്കുന്നത്. അത് ഒഴിവാക്കാനും കൂടിയാണ് നിയന്ത്രണം ഏർപ്പെടുത്തുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള തുക പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അങ്ങനെ അനുവദിക്കുന്നുമുണ്ട്.

കിടന്നിരുന്നത് അടുത്ത വർഷം വിനിയോഗിക്കുവാനായി യുഎൽബികൾക്ക് ലഭ്യമാക്കിയിരുന്നില്ല.

ട്രഷറി നിയന്ത്രണങ്ങളും, ഫണ്ടുകൾ പാഴാക്കുന്നതും ഒഴിവാക്കാനായി എസ്.എഫ്.സി ശുപാർശ ചെയ്തതും, സർക്കാർ അംഗീകരിച്ചതും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിച്ചതുമായ സംവിധാനത്തിൽ നിന്ന് നേരത്തെ നിലവിലുണ്ടായിരുന്ന സംവിധാനത്തിലേക്കുള്ള തിരിച്ചുപോക്ക് ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗത്തിലെ പ്രതീക്ഷിത തടസ്സങ്ങൾ വിലയിരുത്താതെ നടപ്പാക്കിയത്, തെരഞ്ഞെടുത്ത യുഎൽബികളിൽ ₹447.74 കോടി വിനിയോഗിക്കാതിരിക്കുന്നതിന് ഇടയാക്കി.

കൂടുബിൽ സമ്പ്രദായം നടപ്പാക്കിയത് തദ്ദേശഭരണസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും അവരുടെ വാർഷിക ചെലവ് ഉയർത്തുവാൻ പ്രേരിപ്പിക്കുവാനും യഥാർത്ഥ ചെലവും ബഡ്ജറ്റ് വകയിരുത്തലുമായുള്ള അന്തരം പരിഹരിക്കാനുമായിരുന്നു എന്നാണ് മറുപടിയായി തസ്വഭവ എസിഎസ് പറഞ്ഞത് (2021 നവംബർ). ഇത് ബഡ്ജറ്റിലൂടെ അധികാരപ്പെടുത്തിയ തുകകൾ വിനിയോഗിക്കാൻ കഴിയാതെയിരിക്കുക മൂലം പാഴാകുന്നതിന് അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം പരിഹാരമുണ്ടാക്കും എന്നും വ്യക്തമാക്കി.

എന്തുകൊണ്ടാണ് അടുത്ത വർഷത്തെ വകയിരുത്തലിന് ഉപരിയായിട്ടല്ലാതെ, അടുത്തവർഷത്തേക്ക് വകയിരുത്തിയ തുകകളിൽ നിന്ന് അഡീഷണൽ ഓതറൈസേഷൻ നടത്തിയത് എന്നതിന് മറുപടിയിൽ വിശദീകരണം ഇല്ലായിരുന്നു. എന്നു മാത്രമല്ല, ധനകാര്യകമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശുപാർശ മറികടക്കുന്നതിനും മാറ്റിമറിക്കുന്നതിനുമുള്ള ഉപകരണമായി സർക്കാർ ഉത്തരവുകളെ അഭയം പ്രാപിക്കുന്നത് വികേന്ദ്രീകരണത്തിന്റെ ഉദ്ദേശ്യത്തിനു തന്നെ

വിരുദ്ധമാണ്.

4.2.4 തനതു ഫണ്ട് / പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്ന് പെൻഷൻ നൽകൽ

996-ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മരണാനന്തര-പെൻഷൻ -ആനുകൂല്യങ്ങൾ) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരം, ഓരോ യുഎൽബിയും അവരുടെ ഓരോ ജീവനക്കാരന്റെയും മൊത്ത പ്രതിമാസ വേതനത്തിന്റെ 15 ശതമാനത്തിന് തുല്യമായ തുക, എല്ലാ മാസവും നഗരകാര്യ ഡയറക്ടർ(ഡിയുഎ) നിയന്ത്രിക്കുന്ന കേന്ദ്രപെൻഷൻ ഫണ്ടിലേയ്ക്ക് (സി.പി.എഫ്) നൽകേണ്ടതാണ്. അങ്ങനെ നൽകുന്ന തുക ജീവനക്കാർക്ക് മരണാനന്തര പെൻഷൻ ആനുകൂല്യങ്ങൾ (ഡിസിആർബി) നൽകാൻ ഉപകരിക്കേണ്ടതും, അതുവഴി പിന്നീട് ഡിസിആർബി നൽകുവാനുള്ള ഏതെങ്കിലും ബാദ്ധ്യതയിൽ നിന്ന് യുഎൽബികൾ ഒഴിവാകുകയും ചെയ്യുന്നതാണ്. ഈ സമ്പ്രദായത്തിന്റെ പ്രധാന ഗുണം എന്തെന്നാൽ ഒരു ജീവനക്കാരന് കൊടുക്കേണ്ട ഡിസിആർബി ബാദ്ധ്യത ഓരോ യുഎൽബിയിലും ഉള്ള അയാളുടെ സേവനദൈർഘ്യത്തിന് ആനുപാതികമായി യുഎൽബികൾ തമ്മിൽ പങ്കുവയ്ക്കാൻ കഴിയുമെന്നുള്ളതാണ്.

ഡിയുഎയുടെ അഭ്യർത്ഥന പ്രകാരം, യുഎൽബികൾക്ക് പെൻഷൻ വകയിരുത്തുന്നതിനായി 2016-ന് മുമ്പ് സി.പി.എഫ് അക്കൗണ്ടിലേയ്ക്ക് തുകകൾ സർക്കാർ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുവാനായി അധിക ഫണ്ടുകൾ നൽകുകയില്ല എന്ന വ്യവസ്ഥയോടെ ഇക്കാര്യത്തിനായി പൊതു ഉദ്ദേശ്യഫണ്ട് ഉപയോഗിക്കുവാൻ യുഎൽബികൾക്ക് സർക്കാർ 2016 മാർച്ചിൽ അനുവാദം നൽകി. ഡിയുഎയാണ് സി.പി.എഫ് സൂക്ഷിക്കുന്നതെങ്കിലും, യുഎൽബികൾ പെൻഷൻ വിഹിതം യഥാസമയം ശേഖരിക്കുകയും സി.പി.എഫ് ൽ ആവശ്യമായ തുക ഇല്ലാതിരുന്ന സാഹചര്യത്തിലാണ് നഗരസഭയുടെ തനത് ഫണ്ടിൽ/പൊതു ഉദ്ദേശ്യഫണ്ടിൽ നിന്ന് ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകേണ്ടതാണെന്നും, ജീവനക്കാരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ചു നൽകുന്നതിൽ കാലതാമസം ഒഴിവാക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശമനുസരിച്ചാണ് നഗരകാര്യ ഡയറക്ടർ നഗരസഭകളെ അറിയിച്ചിട്ടുള്ളത്. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും അലോട്ട്മെന്റ് ലഭിക്കാത്ത സാഹചര്യത്തിലും ടി നിർദ്ദേശ പ്രകാരമാണ് ഓഡിറ്റിൽ സൂചിപ്പിച്ചിരിക്കുന്ന നഗരസഭകൾ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത്.

വിശദ വിവരങ്ങൾ തെളിവെടുപ്പ് യോഗത്തിൽ നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഡിയുഎഫ്സ് കൈമാറ്റം ചെയ്യുകയും ചെയ്തുണ്ടോ എന്ന് മേൽനിരീക്ഷിക്കുവാൻ യാതൊരു സംവിധാനവും ഇല്ലായിരുന്നു എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. തൽഫലമായി, യുഎൽബിയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ വിതരണം സി.പി.എഫിൽ നിന്ന് ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. തെരഞ്ഞെടുത്ത 21 യുഎൽബികളിൽ 14 എണ്ണം നൽകിയ വിവരം ചൂണ്ടിക്കാണിക്കുന്നത് ഓഡിറ്റ് കാലയളവിൽ ഡിസിആർബിയ്ക്ക വേണ്ട ഫണ്ടുകൾ യുഎൽബികൾ തനതു ഫണ്ട്/ പൊതു ഉദ്ദേശ്യഫണ്ടിൽ നിന്നാണ് നൽകിയിരുന്നത് എന്നാണ്. സംസ്ഥാനത്തൊട്ടാകെ, 2020 മാർച്ചോടെ, 75 യുഎൽബികൾക്ക് ₹542.81 കോടി സി.പി.എഫിൽ നിന്നും കൊടുക്കേണ്ടതായി അവശേഷിച്ചിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

സി.പി.എഫിൽ ആവശ്യമായ തുകയില്ലാതിരുന്നതിനാൽ മുനിസിപ്പാലിറ്റികളുടെ പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നും പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുവാൻ സർക്കാർ അനുമതി നൽകി എന്ന് നഗരകാര്യ ഡയറക്ടർ ഓഡിറ്റിന് മറുപടി നൽകി (2021 ആഗസ്റ്റ്). യുഎൽബിയിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അന്നു മുതൽ പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നാണ് ജീവനക്കാർക്ക് അനുവദിച്ചുവരുന്നത്. ഈ പ്രശ്നത്തിന് മറ്റേതെങ്കിലും ദീർഘകാലപരിഹാരം ഇല്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പൊതു ഉദ്ദേശ്യ ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകുന്നത്, ഒരു മെച്ചപ്പെട്ട സാഹചര്യം അല്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് യുഎൽബികളുടെ പക്കലുള്ള ഫണ്ടുകൾ വികസനസൗകര്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ള വ്യാപ്തി പരിമിതപ്പെടുത്തുകയും, അവയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയും ചെയ്തു.

സി.പി.എഫിന് ആവശ്യമായ ഫണ്ടുകൾ നൽകിയിരുന്നില്ല എന്നുള്ള ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നതിനൊടൊപ്പം എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) തസ്വഭവ എസിഎസ് പറഞ്ഞത്, യുഎൽബികൾ തങ്ങളുടെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഏറ്റെടുക്കണമെന്നും അതിനുവേണ്ടി വിഭവങ്ങൾ ഉൽപാദിപ്പിക്കേണ്ടതും അവ സംരക്ഷിക്കേണ്ടതുമാണ് എന്നുമായിരുന്നു.

4.2.5 <u>യുഎൽബികളുടെ തനതു വരവുകൾ</u>

അഞ്ചാം സംസ്ഥാന ധനകാര്യകമ്മീഷൻ റിപ്പോർട്ട് ചെയ്തത്, കേരളത്തിലെ യുഎൽബികളുടെ തനതു നികുതി നികുതിയേതര വരുമാനങ്ങൾ അവരുടെ ആകെ വരവിന്റെ 30.30 ശതമാനം മാത്രമായിരുന്നു എന്നും ഇത് സൂചിപ്പിക്കുന്നത് യുഎൽബികൾ വലിയൊരു അളവ് വരെ ധനവിഭവങ്ങൾക്കായി സർക്കാരിനെ ആശ്രയിക്കുന്നു എന്നുമായിരുന്നു. കൊച്ചി കോർപ്പറേഷനിലെ നികുതി നികുതിയേതര വരുമാനം, 2019-20-ൽ സംസ്ഥാനത്തെ മൊത്തം തത്തുല്യ കണക്കുകളായ ₹50323.14 കോടിയും ₹12265.22 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ യഥാക്രമം ₹108.92 കോടിയും ₹23.95 കോടിയും മാത്രമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

തെരഞ്ഞെടുത്ത യുഎൽബികളിൽ തനതു വരുമാനം വസൂലാക്കുന്നതിലെ ബുദ്ധിമുട്ടുകൾ / ന്യൂനതകൾ താഴെ വിശദീകരിക്കുന്നു.

4.2.5.1 <u>വസ്തു നികുതി</u>

വസ്തു നികുതിയിൻമേലുള്ള സർക്കാർ നിയന്ത്രണത്തിലൂടെ സാമ്പത്തിക സ്വയംഭരണത്തിനെ ക്ഷയിപ്പിക്കൽ

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 22.03.2023 -ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുത നികുതി നിരക്ക് പുനർ നിർണ്ണയിച്ചിട്ടുള്ളതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റ് ആക്ട് എന്നിവയിലെ ചട്ടങ്ങൾ പ്രകാരം അഞ്ച്

- മുനിസിപ്പാലിറ്റിയുകത്തുള്ള എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റിയുടെ കൗൺസിൽ വസ്തു നികുതി ചുമത്തേണ്ടതാണ്. കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തിന്റെ (എ.ആർ.വി) അടിസ്ഥാനത്തിൽ നികുതി ചുമത്തിയിരുന്ന രീതിയിൽ നിന്നും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്ന മാറ്റം 2009 ഒക്ടോബർ 07 മുതൽ കെ.എം നിയമത്തിലെ 233-ാം വകുപ്പിലെ ഭേദഗതിയിലൂടെ കൊണ്ടുവന്നു. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നത്, പുതിയ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14 മുതലും നിലവിലെ കെട്ടിടങ്ങൾക്ക് (എ.ആർ.വി യുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2011 ഏപ്രിൽ 01 മുതലും ബാധകമാക്കേണ്ടതാണ്. കെട്ടിടങ്ങളെ പത്ത് വിഭാഗങ്ങൾ ആയി തിരിച്ച് ഓരോ വിഭാഗത്തിനും കുറഞ്ഞതും കൂടിയതും ആയ നിരക്കുകളും നിശ്ചയിച്ചിരുന്നു. നിലവിലെ കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന രീതി നിലവിൽ വരുന്ന തീയതി, ആദ്യം 2013 ഏപ്രിൽ 01 (2013 മാർച്ചിൽ) വരെയും പിന്നീട് 2016 ഏപ്രിൽ 01 (2019 മാർച്ചിൽ) വരെയും സർക്കാർ നീട്ടി. തൽഫലമായി നിലവിലെ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14-ൽ നിലവിലുണ്ടായിരുന്ന നിർണ്ണയ രീതിയും നിരക്കും തുടർന്നു. പുതുക്കിയ നിർണ്ണയരീതിയും നിരക്കുകളും നിലവിൽ വരുന്ന തീയതി നിരന്തരമായി നീട്ടിയത് യുഎൽബികൾക്ക് കിട്ടാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാനം നിഷേധിക്കുന്നതിലേക്ക് നയിച്ചു.

- തെരഞ്ഞെടുത്ത 21 യുഎൽബികൾ നൽകിയ വിവരമനുസരിച്ച് 14 യുഎൽബികൾ 2011 ജനുവരി 14-ൽ നിലനിന്നിരുന്ന വർഷത്തിലൊരിക്കൽ വസ്തുത നികുതി പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നുവെങ്കിലും സംസ്ഥാന അഭിമുഖീകരിച്ച പ്രളയം, കോവിഡ് തുടങ്ങിയ കാരണങ്ങളാൽ യഥാസമയങ്ങളിൽ നിരക്ക് പുതുക്കുവാൻ സാധിച്ചില്ല. 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 1994-ലെ കേരള മുനിസിപ്പാലിറ്റ് ആക്ട് വകുപ്പ് 233 എന്നിവ പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ അവസ്ഥയിൽ ഇളവ് വരുത്തി വർഷംതോറും 5% എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയം, നികുതി ഈടാക്കൽ തുടങ്ങിയവ സഞ്ചയ സോഫ്റ്റ്വെയറിന്റെ സഹായത്തോടെയാണ് നിലവിൽ ചെയ്ത് വരുന്നത്.

വസ്തു നികുതി നിർണ്ണയിക്കുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾക്ക് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ളതാണ്. ഇതിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ തന്നെ ഡാറ്റാ എൻട്രി നടത്തേണ്ടതാണ്. പരിശോധന നടത്തേണ്ട കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ നിലവിലെ വിവരങ്ങളും അവയ്ക്ക് ഓരോന്നിനും എതിരെ മാറ്റമുണ്ടോ എന്ന വിവരവും മാറ്റമുണ്ടെങ്കിൽ യഥാർത്ഥ വിവരങ്ങളും മാറ്റം വരുത്തിയ കാലവും കെട്ടിടത്തിന്റെ ജിയോ കോർഡിനേറ്റുകളും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ഉണ്ട്. സോഫ്റ്റ്വെയറിന്റെ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

കെട്ടിടങ്ങൾക്ക്, വസ്തു നികുതി എ.ആർ.വിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും ചുമത്തിവരുന്നത് (2021) എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. സംസ്ഥാനത്തൊട്ടാകെ പുതുക്കിയ വസ്തു നികുതിക്കായി കെട്ടിടങ്ങളെ നിർണ്ണയിക്കുന്നത്, 93 യുഎൽബികളിൽ 45 എണ്ണത്തിൽ പൂർത്തിയാക്കിയിരുന്നില്ല. നികുതി കണക്കാക്കുന്നതിന്റെ അടിസ്ഥാനം തറവിസ്തീർണ്ണം ആയി മാറ്റിക്കൊണ്ടുള്ള നിയമ ഭേദഗതി 2009 ഒക്ടോബർ 07 മുതൽ പ്രാബല്യത്തിൽ വന്നെങ്കിലും, ചട്ടങ്ങൾ രൂപീകരിക്കാൻ (2011) സർക്കാർ സമയം എടുത്തതും പിന്നീട് സമയദീർപ്പിക്കൽ അനുവദിച്ചതും കാരണം നിയമസഭാസമാജികരുടെ ഉദ്ദേശ്യത്തിന് ദീർഘകാലമായി പ്രാബല്യം നൽകുവാൻ സാധിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ നിസ്സംഗത യുഎൽബികളുടെ കൈകളിലെ ഫലപ്രദമായ സാമ്പത്തിക സ്വയംഭരണത്തെ ക്ഷയിപ്പിക്കും.

- പാർപ്പിട കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള വാർഷിക വസ്തു നികുതിയിലെ വർദ്ധനവ് 2011 ജനുവരി 14-ന് മുമ്പ് നിർണ്ണയിച്ചവ എ.ആർ.വി അടിസ്ഥാനത്തിൽ ചുമത്തിയിരുന്ന നികുതിയുടെ 60 ശതമാനം ആയി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ, മേൽപ്പറഞ്ഞ ഉത്തരവ് രണ്ടു വർഷത്തിൽ കൂടുതൽ മരവിപ്പിച്ച് വയ്ക്കുകയും പരിഷ്കരിച്ച ഉത്തരവ് 2013 മാർച്ചിൽ പുറപ്പെടുവിപ്പിക്കുകയും ചെയ്തു. നിർണ്ണയിച്ച വാർഷിക വസ്തു നികുതി വർദ്ധനവ് പാർപ്പിട കെട്ടിടങ്ങൾക്ക് 25 ശതമാനം മുതൽ 60 ശതമാനത്തിനുമിടയ്ക്കും, വാണിജ്യ കെട്ടിടങ്ങൾക്ക് 25 ശതമാനം മുതൽ 150 ശതമാനത്തിനുമിടയ്ക്കും ആയിരിക്കണം. തറവിസ്തീർണ്ണം 2000 ചതുരശ്ര അടി വരെയുള്ള നിലവിലെ പാർപ്പിട കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് തുടരുവാനും തറവിസ്തീർണ്ണം

2000 ചതുരശ്രഅടിക്ക് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങൾക്ക് വാർഷിക നികുതിയിലെ വർദ്ധനവ് നികുതിയുടെ 25 ശതമാനം ആയി പരിമിതപ്പെടുത്തിയും സർക്കാർ വ്യവസ്ഥ ചെയ്തു (2015 ഏപ്രിൽ). അതുപോലെ വാണിജ്യ/വ്യവസായ ഉപയോഗത്തിനായുള്ള കെട്ടിടങ്ങളുടെ വാർഷിക നികുതി വർദ്ധന 2011 ജനുവരി 14-ന് മുമ്പ് എആർവി അടിസ്ഥാനത്തിൽ നിശ്ചയിച്ചിരുന്നത്, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുകയാണെങ്കിൽ 100 ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്. മുകളിലെ ഉത്തരവ് പ്രകാരം തറവിസ്തീർണ്ണം 660 ചതുരശ്രഅടി വരെയുള്ള താമസത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും 2015-16 മുതൽ വസ്തു നികുതി ഒഴിവാക്കി.

2011-ലെ കേരള മുനിസിപ്പൽ ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ച വസ്തു നികുതി വർദ്ധനവ് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മാറ്റം വരുത്തിയ സർക്കാരിന്റെ മേൽപ്പറഞ്ഞ നടപടി അഭിലഷണീയമല്ലെന്നും നിയമത്തിനു മുന്നിൽ നിലനിൽക്കില്ലെന്നും അഞ്ചാം എസ്.എഫ്.സി നിരീക്ഷിച്ചു. കൂടാതെ, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും. സേവനഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ 2013-ൽ ഭേദഗതി ചെയ്തത്, 2015 ഏപ്രിൽ 27-ലെ സർക്കാർ ഉത്തരവ് റദ്ദു ചെയ്തശേഷം, പ്രാബല്യത്തിൽ കൊണ്ടു വരണമെന്നും എസ്.എഫ്.സി ശുപാർശചെയ്തു. എസ്.എഫ്.സി ശുപാർശയുടെ നടപടി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ (2018 ഫെബ്രുവരി) ഇതിനെക്കുറിച്ച് സർക്കാർ പരാമർശമൊന്നും നടത്തിയില്ല.

- കെ.എം നിയമത്തിലെ 233-ാം വകുപ്പ് പ്രകാരം, സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തു

നികുതി നിരക്കുകൾക്കും കൗൺസിൽ തീരുമാനിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്കും അവ നിലവിൽ വന്ന തീയതി മുതൽ അഞ്ചു വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം, അഞ്ചു വർഷക്കാലാവധി തീരുന്നതിനു മുമ്പ്, സർക്കാരും യുഎൽബികളും അടുത്ത അഞ്ചു വർഷക്കാലം പ്രാബല്യം ഉണ്ടാകുത്തക്ക വിധം അടിസ്ഥാന വസ്തു നികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും പരിക്ഷ്കരിക്കേണ്ടതാണ്. പുതിയ നികുതിദായകർക്ക് തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള നികുതി നിരക്കുകൾ 2011 ജനുവരി 14 മുതൽ നിലവിൽ വന്നിട്ടും, അഞ്ചുവർഷത്തിനു ശേഷം 2016-ൽ നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതായിരുന്നെങ്കിലും, പത്തു വർഷക്കാലം കഴിഞ്ഞിട്ടും (2021 മാർച്ച്) നിരക്കു പരിഷ്കരണം നടന്നിട്ടില്ല എന്ന് ശ്രദ്ധിക്കപ്പെട്ടു. അടിസ്ഥാന വസ്തു നികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ പരിഷ്കരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതു കാരണം, യുഎൽബികൾക്ക് വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കാൻ കഴിഞ്ഞിരുന്നില്ല.

തെരഞ്ഞെടുത്ത ഒരു യുഎൽബിയിലും വസ്തു നികുതി ചുമത്തുന്നതിനായി കെട്ടിടങ്ങളെ കണ്ടെത്തുവാനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) മാപ്പിംഗ് നടപ്പാക്കിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ജിഐഎസ്സുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും ഏറ്റെടുക്കരുതെന്നും ഇക്കാര്യത്തിനായി ഒരു ചെലവും വരുത്തരുതെന്നും സർക്കാർ നിർദ്ദേശിച്ചു (2013 ഡിസംബർ). തൽഫലമായി, യുഎൽബികളിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി ഒരു ജിഐഎസ് സംവിധാനവും സംസ്ഥാനം വികസിപ്പിച്ചിരുന്നില്ല, ഇത് യുഎൽബികൾക്ക് നികുതി വരുമാനം പരമാവധി വസൂലാക്കുന്നതിന് വേണ്ട മികച്ചതും കാലാനുസൃതവുമായ ഡേറ്റാബേസ് നിഷേധിക്കാൻ ഇടയാക്കി (2021 മാർച്ച്). സർക്കാരിന്റെ മേൽപ്പറഞ്ഞ നടപടി, മുനിസിപ്പാലിറ്റികൾക്ക് വസ്തുനികുതിയുടെ അടിത്തറ

മെച്ചപ്പെടുത്താൻ സാദ്ധ്യമായിരുന്ന മാർഗ്ഗങ്ങളിൽ ഒന്നിനെ തടസ്സപ്പെടുത്തി. വസ്തു നികുതി ചുമത്തുന്നതിനായി കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് ജിഐഎസ് ഉപയോഗിക്കുവാനുള്ള കഴിവ് അടുത്തകാലത്തു മാത്രമാണ് വികസിപ്പിച്ചതെന്നും, രാജ്യത്തുടനീളം അത് പ്രാരംഭഘട്ടത്തിലാണെന്നും തസ്വഭവ എസിഎസ് അറിയിച്ചു (2021 നവംബർ). സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേരള സർക്കാർ പരീക്ഷണങ്ങൾ നടത്തുകയാണ്.

തനതു വരുമാന ശേഖരണം ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ ഊർജ്ജിതമായി നടക്കുകയാണെന്ന് സർക്കാർ മറുപടി പറഞ്ഞു (2021 ഡിസംബർ).

വസ്തു നികുതി ബോർഡ്

1980-ൽ രൂപീകരിച്ച പശ്ചിമ ബംഗാൾ മൂല്യനിർണ്ണയ ബോർഡിന്റെ മാതൃകയിൽ വസ്തു നികുതി ബോർഡ് രൂപീകരിക്കണമെന്ന് 13-ാം ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച്, ഒരു ചെയർപേഴ്സണും മൂന്ന് അംഗങ്ങളുമായി ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (2011 ഫെബ്രുവരി). നികുതി ചുമത്തേണ്ടുന്ന എല്ലാ വസ്തുക്കൾക്കും മേൽ വസ്തുനികുതി ചുമത്തി പിരിക്കുന്നത് ഉറപ്പാക്കുക, മൂല്യ നിർണ്ണയത്തിനുള്ള വൈദഗ്ധ്യം പങ്കു വയ്ക്കുക, ഇതുമായി ബന്ധപ്പെട്ട പരിശീലനം യുഎൽബികളിലെ ജീവനക്കാർക്ക് ഏർപ്പാടാക്കുക എന്നീ നടപടികൾ ബോർഡ് എടുക്കേണ്ടതാണ്. യുഎൽബികളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ വസ്തുക്കളുടെയും കണക്കെടുത്ത് വസ്തു നികുതി നിശ്ചയിക്കുന്നതിന് സ്വതന്ത്രവും സുതാര്യവുമായ നടപടി ക്രമം ഏർപ്പെടുത്താനും വസ്തുക്കളുടെ നികുതി നിർണ്ണയത്തിനും, വില നിർണ്ണയത്തിനും അനുയോജ്യമായ അടിസ്ഥാനത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും അവ കാലാനുസൃതമായി പരിഷ്കരിക്കാൻ മുനിസിപ്പാലിറ്റികളെയും, മുനിസിപ്പൽ

വസ്തു നികുതി ബോർഡ് രൂപീകരിച്ചിട്ടില്ല.

കോർപ്പറേഷനുകളെയും ബോർഡ് സഹായിക്കേണ്ടതുമാണ്.

എന്നാൽ, സംസ്ഥാനത്ത് ബോർഡ് രൂപീകരിച്ചിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് ഓഡിറ്റിനെ അറിയിച്ചു. വസ്തു നികുതി ബോർഡ് സ്ഥാപിക്കുന്നത് വസ്തു നികുതിയുടെ മെച്ചപ്പെട്ട പിരിവിനും സമയോചിതമായ പരിഷ്കരണത്തിനുമുള്ള ഒരു ചുവടുവയ്പ് ആയിരിക്കും.

4.2.5.2 തൊഴിൽ നികുതി

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ തൊഴിൽനികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, ജീവനക്കാരുടെയും, അസംഘടിതമേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും ശരിയായ ഡേറ്റാബേസ് തയ്യാറാക്കുകയും തൊഴിൽനികുതി ചുമത്തുകയും വേണം എന്ന് അഞ്ചാം സംസ്ഥാന ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഈ ഡേറ്റാബേസ് സമയാസമയങ്ങളിൽ പുതുക്കേണ്ടതുമാണ്. ഡി ആൻഡ് ഒ ലൈസൻസിനു കീഴിൽ ലൈസൻസ് നൽകിയിട്ടുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങൾക്കും / സംരംഭങ്ങൾക്കും ജീവനക്കാർക്കും തൊഴിൽനികുതി ചുമത്തേണ്ടതാണ്. ഇതിനുപുറമെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അധികാര പരിധിയിൽ പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകളെ തൊഴിൽ നികുതി വലയത്തിനുള്ളിൽ കൊണ്ടുവരുന്നതിനായി വാർഡ് മെമ്പർമാർ / കൗൺസിലർമാരുടെ സഹായത്തോടെ ഒരു സർവ്വേ നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ ശുപാർശ സർക്കാർ അംഗീകരിച്ചിരുന്നെങ്കിലും അത് നടപ്പാക്കിയില്ല. ശുപാർശ നടപ്പാക്കാതിരുന്നതു കാരണം യുഎൽബികളിലെ എല്ലാ വിഭാഗത്തിൽ നിന്നും പൂർണ്ണമായി തൊഴിൽ നികുതി പിരിക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് പരാമർശിച്ചിട്ടുള്ള നഗരതദ്ദേശസ്ഥാപനങ്ങളിൽ ഭൂരിഭാഗവും തൊഴിൽ നികുതി കാര്യക്ഷമമായി പിരിക്കുന്നുണ്ട്. മറ്റുള്ള സ്ഥാപനങ്ങളിൽ ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

തൊഴിൽനികുതിദായകരുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചില്ല.

കെ.എം നിയമത്തിലെ 447-ാം വകുപ്പ് പ്രകാരം, നിർദ്ദിഷ്ട നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ തൊഴിലുകൾക്കും ലൈസൻസ് നൽകേണ്ടതാണ്. വ്യാപാരികളുടെ ഒരു പട്ടിക സൂക്ഷിക്കുന്ന യുഎൽബിയിലെ ആരോഗ്യ വിഭാഗം ആണ്, യുഎൽബി പ്രദേശത്തെ എല്ലാത്തരം വ്യാപാരങ്ങളുടെയും / സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിനുള്ള ലൈസൻസ് നൽകുന്നത്. യുഎൽബിയിലെ റവന്യൂ സെക്ഷൻ അതിന്റെ അധികാരപരിധിയിൽ ഉള്ള വ്യാപാരികൾ/കടകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള തൊഴിൽനികുതി ചുമത്തുന്നതും പിരിക്കുന്നതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. യുഎൽബിയിലെ റവന്യൂ വിഭാഗത്തിലെ തൊഴിൽനികുതിക്കുള്ള വ്യാപാരികളുടെ പട്ടികയുടെയും, യുഎൽബിയിലെ ആരോഗ്യവിഭാഗത്തിലെ ഡി ആൻഡ് ഓ ലൈസൻസിനുള്ള വ്യാപാരികളുടെ പട്ടികയുടെയും ഒരു സാംപിൾ പരിശോധന നടത്തിയപ്പോൾ, ആരോഗ്യ വിഭാഗം ലൈസൻസ് നല്കിയ എല്ലാ കച്ചവടക്കാരിൽ നിന്നും തൊഴിൽനികുതി ചുമത്തുകയും പിരിക്കുകയും ചെയ്യുന്നില്ല എന്നാണ് വെളിപ്പെട്ടത്. ആരോഗ്യവിഭാഗത്തിൽ സൂക്ഷിച്ചിരുന്ന വ്യാപാരികളുടെ പട്ടിക റവന്യൂ വിഭാഗവുമായി പങ്കുവച്ചിരുന്നില്ല, ഇത് ലൈസൻസ് നൽകിയ എല്ലാ ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പിരിക്കുന്നത് ഉറപ്പാക്കാൻ യുഎൽബിയിലെ വിഭാഗങ്ങൾ തമ്മിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

തനതു വരുമാനം പിരിക്കുന്നത് ശക്തിപ്പെടുത്താനുള്ള നടപടികൾ തുടങ്ങുന്നതാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ).

4.2.5.3 പരസ്യ നികുതി

ഭരണഘടനയുടെ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന പരസ്യ നികുതി, തെളിവെടുപ്പ് യോഗത്തിൽ മറുപടി ലഭ്യമാക്കുന്നതാണ്. ചരക്കു സേവന നികുതി (ജി.എസ്.ടി) നിലവിൽ വന്നപ്പോൾ ഉപസംഹരിക്കപ്പെട്ടു (2017 ജൂലൈ). അതിനെ തുടർന്ന്, 2017-ലെ കേരള ചരക്കുകളും സേവനങ്ങളും നിയമത്തിലൂടെ കെ.എം നിയമത്തിലെ 271-ാം വകുപ്പ് ഒഴിവാക്കി. അങ്ങനെ മുനിസിപ്പാലിറ്റികൾക്കും/ കോർപ്പറേഷനുകൾക്കും പ്രധാനപ്പെട്ട ഒരു വരുമാനസ്രോതസ്സ് നഷ്ടമായി. പരസ്യങ്ങളിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം പങ്കുവെയ്ക്കുകയോ, വീതിച്ചു കൊടുക്കുകയോ ചെയ്ത് ഈ നഷ്ടം പരിഹരിച്ചിട്ടില്ല. 272-ാം വകുപ്പ പ്രകാരം, ഒരു പരസ്യം പരസ്യ നികുതിയ്ക്ക് വിധേയമാണെങ്കിൽ ഏത് കാലയളവിലേയ്ക്കാണ് നികുതി ഒടുക്കേണ്ടത് എന്നത് സംബന്ധിച്ച് യുഎൽബി സെക്രട്ടറി അനുമതി നൽകേണ്ടതാണ്. ഈ അനുമതി സംബന്ധിച്ച് പ്രത്യേക ഫീസൊന്നും ഈടാക്കാൻ പാടുള്ളതല്ല. കെ.എം നിയമത്തിലെ 567(32)-ാം വകുപ്പ് പൊതുനിരത്തുകളിലും, പാർക്കുകളിലും ഉള്ള പരസ്യങ്ങളെ നിരോധിക്കാനും നിയന്ത്രിക്കാനും ഉള്ള ബൈലാ ഉണ്ടാക്കുവാൻ കൗൺസിലിനെ അധികാരപ്പെടുത്തുന്നു. തെരഞ്ഞെടുത്ത യുഎൽബികളിൽ, നെടുമങ്ങാട് മുനിസിപ്പാലിറ്റിയും, തിരുവനന്തപുരം കോർപ്പറേഷനും, പരസ്യ നികുതി നിർത്തിയതിനെ തുടർന്ന് അവരുടെ അധികാരപരിധിയിൽ വരുന്ന പരസ്യങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിരുന്നു. എന്നാൽ അത്തരം ഫീസ് ചുമത്തുന്നത് അനുവദനീയമാണോ എന്ന് സർക്കാരിൽ നിന്ന് വിശദീകരണം ഇല്ലാത്തതിനാൽ മറ്റു മുനിസിപ്പാലിറ്റികളിലൊന്നും അത്തരം ഫീസ് പിരിക്കുന്നില്ലായിരുന്നു.

4.2.5.4 വിനോദ നികുതി

2017-18 ചരക്ക് സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന്

തദ്ദേശസ്ഥാപനങ്ങൾ ചുമത്തുന്നതൊഴികെയുള്ള വിനോദ നികുതി 2017 ജൂലൈ 01 മുതൽ ജി.എസ്.ടിയിൽ ഉപസംഹരിച്ചു. എന്നാൽ തദ്ദേശസ്ഥാപനങ്ങൾ വിനോദനികുതി പിരിക്കുന്നത് 2017 ജൂലൈ മുതൽ നിർത്തലാക്കിക്കൊണ്ട് 2017 ജൂൺ 24-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്ഥാപനങ്ങൾ വിനോദ നികുതി ചുമത്തുന്നത് 2019 ജൂൺ 10 മുതൽ വീണ്ടും അനുവദിക്കുകയുണ്ടായി. അങ്ങനെ, 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ യുഎൽബികൾക്ക് വരുമാനമായി വിനോദനികുതി പിരിക്കുവാൻ സാധിച്ചിരുന്നില്ല. ഇക്കാലത്തിലുള്ള നഷ്ടം പരിഹരിക്കുന്നതിനായി, യുഎൽബികൾക്ക് നഷ്ടപരിഹാരമായി 2017-18 കാലയളവിലേയ്ക്കായി സർക്കാർ ₹83.72 കോടി അനുവദിച്ചു (2018 ഒക്ടോബർ). എന്നാൽ, 2018 ഏപ്രിൽ മുതൽ 2019 മെയ് വരെയുള്ള കാലയളവിലേയ്ക്ക് ഒരു നഷ്ടപരിഹാരവും നൽകാതിരുന്നത് യുഎൽബികൾക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നതിന് ഇടയാക്കി. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്വയംഭരണാധികാരത്തെ വെട്ടിക്കുറയ്ക്കുന്നതിന് ഇടയാക്കിയ തെറ്റായ ഒരു സർക്കാർ ഉത്തരവ് കാരണം, മുനിസിപ്പാലിറ്റികളുടെ തനത് വരുമാനം പ്രതികൂലമായി ബാധിക്കപ്പെട്ടു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ആറാം എസ്.എഫ്.സി അതിന്റെ പ്രഥമ റിപ്പോർട്ടിൽ (2020 ഡിസംബർ), വിനോദനികുതിയും പരസ്യനികുതിയും പിരിക്കുന്നത് നിർത്തലാക്കിയ സർക്കാർ നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും ₹100 കോടിയോളം നഷ്ടം ഉണ്ടാക്കി എന്ന് അംഗീകരിക്കവേ ശുപാർശ ചെയ്തത്, സർക്കാർ ജി.എസ്.ടി പിരിക്കുന്നതിലൂടെ 2017-18 മുതൽ ഉള്ള ഈ സഞ്ചിതനഷ്ടം 2021 ഏപ്രിൽ 01 മുതൽ നാല് അർദ്ധവാർഷിക ഗഡുക്കളായി നികത്തണമെന്നാണ്. ഇത് പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ട് (2021 പ്രാദേശിക സർക്കാരുകൾക്ക് നഷ്ടപ്പെട്ട വിനോദ നികുതിയുടെ നഷ്ടപരിഹാര തുകയായി 91.85 കോടി രൂപ സ.ഉ.(സാധാ)നം. 8957/2018/ധന തീയതി 30/10/2018 പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിലെ 15-ാം നമ്പർ ശിപാർശ പ്രകാരം, വിനോദ നികുതിയും പരസ്യ നികുതിയും പിരിക്കുന്നത് നിർത്തലാക്കിയതു വഴിയുണ്ടായ 2020-21 ലെ റവന്യൂ നഷ്ടം 2021-22 ൽ പരിഹരിക്കുന്നതാണെന്നും വിനോദ നികുതിയും പരസ്യ നികുതിയും വഴി ഉണ്ടായ റവന്യൂ നഷ്ടം കണക്കാക്കേണ്ട അടിസ്ഥാന നികുതിയും പരസ്യ വർഷം 2016-17 ആയി സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമേ, പ്രാദേശിക സർക്കാരുകളുടെ നികുതികൾ GST യിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

കോവിഡ് മൂലം 2020-21 സാമ്പത്തിക വർഷത്തിന്റെ നല്ലൊരു ഭാഗവും സിനിമ തീയറ്ററുകളും മറ്റും അടഞ്ഞു കിടന്നതിനാൽ വിനോദ നികുതി കാര്യമായി പിരിച്ചെടുക്കാനുണ്ടായിരുന്നില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22 ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ട എന്ന് 04/11/2022-ലെ സ.ഉ.(സാധാ)നം.7455/2022/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

നവംബർ).

വിനോദ നികുതിയുടെയും പരസ്യനികുതിയുടെയും സഞ്ചിതനഷ്ടം നികത്താനുള്ള ആറാം എസ്.എഫ്.സി യുടെ ശുപാർശ സർക്കാർ പരിഗണിക്കുമെന്ന് തസ്വഭവ എസിഎസ് എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) ഉറപ്പു നൽകി .

തെളിവെടുപ്പ് യോഗത്തിൽ മറുപടി ലഭ്യമാക്കുന്നതാണ്.

4.2.5.5 പ്രദർശന നികുതി

മുനിസിപ്പാലിറ്റി പ്രദേശത്ത് നടത്തുന്ന എല്ലാ പ്രദർശനങ്ങൾക്കും മുനിസിപ്പൽ കൗൺസിൽ പ്രമേയം വഴി തീരുമാനിക്കുന്ന പ്രകാരം പ്രദർശന നികുതി ചുമത്തേണ്ടതാണ് എന്ന് കെ.എം നിയമം വിഭാവനം ചെയ്യുന്നു. എല്ലാ രണ്ടുവർഷം കഴിയുമ്പോഴും ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി കൗൺസിലിന് പ്രസ്തുത നികുതി ചുമത്താവുന്നതാണ്. ഇതു കൂടാതെ, വിനോദനികുതി ചുമത്താൻ പാടില്ലാത്ത ഒരു പ്രദർശനത്തിനും പ്രദർശന നികുതി ചുമത്താൻ പാടുള്ളതല്ല.

പ്രദർശന നികുതിയുടെ നിലവിലെ ഏറ്റവും കുറഞ്ഞ നിരക്കായ ₹അഞ്ച് മുതൽ ₹50 വരെയുള്ളത് 100 ശതമാനം കൂട്ടി വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് എസ്.എഫ്.സി ശുപാർശ ചെയ്തിരുന്നു. സർക്കാർ ഈ ശുപാർശ അംഗീകരിച്ചെങ്കിലും, നടപ്പാക്കിയില്ല. 1999 മാർച്ച് 24-ന് നിശ്ചയിച്ച നികുതി നിരക്ക് ഇരുപത്തിയൊന്ന് വർഷ കാലയളവിനു ശേഷവും പരിഷ്കരിച്ചില്ല. 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെ വിനോദ നികുതി നിർത്തലാക്കിയിരുന്നപ്പോൾ ഉള്ള കാലയളവിൽ പ്രദർശന നികുതിയും ചുമത്തിയിരുന്നില്ല എന്നും ഈയിനത്തിലുള്ള നഷ്ടം ഇപ്പോഴും നികത്തിയിട്ടില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

4.2.5.6 അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു

വ്യാപാരങ്ങൾക്കും ഉള്ള ലൈസൻസ്

പ്രത്യേക പരാമർശമില്ല

അപകടകരവും, അസഹ്യവുമായ വ്യാപാരങ്ങൾ നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം മുനിസിപ്പൽ കൗൺസിൽ അനുവദിക്കുകയോ, അനുമതി നിഷേധിക്കുകയോ ചെയ്യേണ്ടതാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾ, മറ്റു വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള സമയം 2011 ജനുവരി മുതൽ 2017 ജനുവരി വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ച നിരവധി സർക്കാർ ഉത്തരവുകളിലൂടെ നിരന്തരം നീട്ടി വച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ചട്ടങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കുകൾ അനുസരിച്ച് ലൈസൻസ് ഫീ ചുമത്തുന്നത് തുടർന്നു കൊണ്ടിരിക്കുകയും തൽഫലമായി 2011 മുതൽ 2018 വരെയുള്ള കാലയളവിൽ യുഎൽബികൾക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാന സ്രോതസ്സ് നിഷേധിക്കപ്പെടുകയും ചെയ്തു.

നികുതി ചുമത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥയായ "ഷെഡ്യൂൾ III-ൽ പ്രതിപാദിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കുകൾ പ്രകാരം" എന്നതിന് പകരം "ഷെഡ്യൂൾ III-ൽ പ്രതിപാദിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം" എന്ന് ചേർത്ത് കൊണ്ട് സർക്കാർ 2020 ഒക്ടോബറിൽ യുഎൽബി കൗൺസിലുകളുടെ നികുതി ചുമത്തുവാനുള്ള അധികാരം കൂടുതൽ വെട്ടിക്കുറച്ച് ഉത്തരവു പുറപ്പെടുവിച്ചു എന്നും ഓഡിറ്റ് കണ്ടിരുന്നു.

ഓഡിറ്റിന്റെ നിരീക്ഷണം തസ്വഭവ എസിഎസ്സ് അംഗീകരിക്കുകയും ഡി

ആൻഡ് ഓ ലൈസൻസ് നൽകുന്നതിനുള്ള ലൈസൻസ് ഫീ നിരക്കുകൾ സംസ്ഥാന സർക്കാർ നിശ്ചയിച്ചതിന്റെ ഫലമായി യുഎൽബികളുടെ നികുതി ചുമത്തുവാനുള്ള അധികാരം വെട്ടിച്ചുരുക്കിയെന്നും കുറഞ്ഞ നിരക്കുകൾ കുറവായി തന്നെ തുടർന്നു എന്നും പ്രസ്താവിക്കുകയും ചെയ്തു (2021 നവംബർ).

4.2.5.7 മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം

നികുതിയേതര സ്രോതസ്സുകളിൽ നിന്നും മതിയായ വരുമാനം ഉണ്ടാക്കുന്നതിൽ അപര്യാപ്തത ഉണ്ടായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

- ***വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാടക***

  കെ.എം വാണിജ്യപരമോ മറ്റു ആവശ്യങ്ങൾക്കോ ഉള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയും, ലൈസൻസിന് പൊതു ജനങ്ങൾക്ക് വാടകയ്ക്ക് നൽകുകയും, കെട്ടിടത്തിന്റെ ഉപയോഗത്തിനും വ്യാപാരത്തിനും അത് നിശ്ചയിക്കുന്ന ഫീസ് ചാർജ്ജ് ചെയ്യാവുന്നതുമാണ്. എന്നാൽ, തെരഞ്ഞെടുത്ത യുഎൽബികളിൽ തനതു വരുമാനത്തിൽ ഈ വരുമാന സ്രോതസ്സിന്റെ പങ്ക് തൃപ്തികരമല്ലായിരുന്നു. തെരഞ്ഞെടുത്ത 21 യുഎൽബികളിലെ രേഖകൾ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത്, 2020 മാർച്ച് അവസാനത്തോടെ ₹4.11 കോടി വരുന്ന വാടക തുക കുടിശ്ശിക ഉണ്ടായിരുന്നു എന്നാണ്. യുഎൽബികൾ തന്നെ നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്നുള്ള അർഹമായ വാടക സത്വരമായി പിരിച്ചെടുക്കേണ്ട അടിയന്തിര ആവശ്യകതയെയാണ് ഇത് അടിവരയിടുന്നത്.

- *കെട്ടിട പെർമിറ്റ് ഫീസ്*

  ഓഡിറ്റ് പരാമർശിച്ചിട്ടുള്ള നഗരസഭകളിൽ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാടക കൃത്യമായി പിരിച്ചെടുക്കുന്നുണ്ട്. കോടതി വ്യവഹാരങ്ങളായി മാറുന്ന സാഹചര്യങ്ങളിൽ കോടതിയുടെ അന്തിമ തീർപ്പിനു വിധേയമായേ വാടക പിരിക്കുന്നതിനു നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ. വാടക നൽകാത്ത സ്ഥാപനങ്ങളിൽ നിന്നും കെട്ടിടങ്ങൾ നടപടികളിലൂടെ തിരിച്ചെടുത്ത് പുതിയ ലേലം നടത്തി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കോവിഡ് മൂലമുള്ള പ്രത്യേക സാഹചര്യം കാരണം 2020-21, 2021-22 വർഷങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കടമുറികൾ , ബസ് സ്റ്റാൻറ് , കംഫർട്ട് സ്റ്റേഷനുകൾ എന്നിവകൾ അടഞ്ഞ് കിടന്നതിനാൽ ടി വർഷങ്ങളിൽ നികുതിയേതര വരുമാനത്തിൽ വലിയതോതിൽ കുറവ് വന്നിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങൾക്ക് പെർമിറ്റ് ഫീ പിരിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങളിലെ (കെഎംബിആർ) ഷെഡ്യൂൾ II, 2010 ജൂണിൽ പെർമിറ്റ് ഫീ വർദ്ധിപ്പിച്ചുകൊണ്ട് പരിഷ്കരിച്ചു. കെഎംബിആർ 1999 പിന്നീട് 2019 നവംബറിൽ വീണ്ടും പരിഷ്കരിച്ചു. എന്നാൽ, പെർമിറ്റ് ഫീയ്ക്കുള്ള നിരക്കുകളുടെ ഷെഡ്യൂൾ 2010-ൽ നിശ്ചയിച്ചത് അതേപോലെ തുടർന്നു.

- **പിഴകൾ**

വില, നാശനഷ്ടം, പിഴകൾ, നഷ്ടപരിഹാരം, വേതനം, ഫീസ് (സ്കൂൾ ഫീസ് അല്ലാത്തത്), ചെലവുകൾ, വാടക, സംഭാവനകൾ, മുനിസിപ്പാലിറ്റിക്കു കിട്ടേണ്ട മറ്റു തുകകൾ എന്നിവയെക്കുറിച്ചാണ് കെ.എം നിയമത്തിലെ 538-ാം വകുപ്പ് പ്രതിപാദിക്കുന്നത്. കെഎം നിയമത്തിലെ നാലാം ഷെഡ്യൂളിലും അഞ്ചാം ഷെഡ്യൂളിലും 1999 മാർച്ച് 24 മുതൽ ചുമത്തേണ്ട പിഴ വ്യവസ്ഥ ചെയ്തെങ്കിലും ചുമത്തേണ്ട പിഴയുടെ നിരക്കുകൾ 22 വർഷക്കാലം കഴിഞ്ഞിട്ടും പരിഷ്കരിച്ചിട്ടില്ല.

യുഎൽബികളുടെ തനതു വരുമാന സ്രോതസ്സുകൾ ശക്തിപ്പെടുത്തുവാൻ മുകളിൽ പറഞ്ഞ ഇനങ്ങളുടെ നിരക്കുകൾ അടിയന്തിരമായി സർക്കാർ പുനഃപരിശോധിച്ച് വർദ്ധിപ്പിക്കേണ്ടതുണ്ട്.

തനതു വരുമാന ശേഖരണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുമെന്ന് സർക്കാർ മറുപടി പറഞ്ഞു (2021 ഡിസംബർ).

4.2.6 **ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിനെ ആശ്രയിക്കുന്നതിലെ അപര്യാപ്തത**

യുഎൽബികളുടെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സോഫ്റ്റ് തെളിവെടുപ്പ് യോഗത്തിൽ നേരിട്ട് മറുപടി ലഭ്യമാക്കുവാൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വെയർ വികസിപ്പിക്കുവാനുള്ള ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഇൻഫർമേഷൻ കേരളാ മിഷനെയാണ് (ഐകെഎം). ഐ.കെ.എമ്മിന്റെ സാങ്കേതിക സഹായ അടിസ്ഥാന സൗകര്യ നിർവ്വഹണ വിഭാഗം ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ച് യുഎൽബികൾക്ക് സഹായം നൽകുന്നു. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനങ്ങളിൽ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിന്റെ ഓപ്പറേഷനിൽ കൈത്താങ്ങായുള്ള പ്രവർത്തനവും ലോക്കൽ ഡേറ്റാബേസിലെ ഡേറ്റാ എൻട്രിയ്ക്ക് വേണ്ട സഹായവും ഉൾപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ സമ്പ്രദായം കംമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഐ.കെ.എം വികസിപ്പിച്ച റവന്യൂ ആൻഡ് ലൈസൻസ് സിസ്റ്റം സോഫ്റ്റ് വെയർ ആണ് സഞ്ചയ. വസ്തു നികുതി. തൊഴിൽനികുതി, കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും വാടക, അപകടരവും അസഹ്യവുമായ വ്യാപാരങ്ങളുടെ ലൈസൻസ്, ഭക്ഷ്യവസ്തു മായം ചേർക്കൽ തടയൽ, പരസ്യ നികുതി മുതലായവ ഈ സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്നു. വസ്തു നികുതി സ്വയം സാക്ഷ്യപ്പെടുത്തലിന്റെ ഇ-ഫയലിംഗ്, തൊഴിൽനികുതി വിവരങ്ങളുടെ ഇ-ഫയലിംഗ്, ഇ-പെയ്മെന്റ് സമ്പ്രദായം, ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റുകൾ (ഡിസിബി) പുറപ്പെടുവിക്കുക മുതലായവയ്ക്കുള്ള സഹായവും സോഫ്റ്റ് വെയർ നൽകുന്നു. സോഫ്റ്റ് വെയർ 2010-11-ൽ വികസിപ്പിക്കുകയും 2016-17-ൽ എല്ലാ യുഎൽബികളിലും പ്രവർത്തനസജ്ജമാക്കുകയും ചെയ്തു.

2019 മാർച്ചിലെ സർക്കാർ ഉത്തരവുപ്രകാരം, വസ്തു നികുതിയുടെ ഡേറ്റാ എൻട്രി സഞ്ചയ ഡേറ്റാബേസിൽ 2019 സെപ്റ്റംബറോടെ പൂർത്തിയാക്കണമായിരുന്നു. സംസ്ഥാനത്തെ 93 യുഎൽബികളിൽ 48 എണ്ണം മാത്രമെ ഇന്നുവരെ (2021 മാർച്ച്/ഏപ്രിൽ) അന്തിമമാക്കിയ ഡേറ്റാബേസ് ഉപയോഗിക്കുന്നുണ്ടായിരുന്നുള്ളൂ എന്ന് നഗരകാര്യ

ഡയറക്ടർ ഓഡിറ്റിനോട് സ്ഥിരീകരിച്ചു. തെരഞ്ഞെടുക്കപ്പെട്ട യുഎൽബികളിൽ, ഏഴ് യുഎൽബികൾ മാത്രമേ വസ്തു നികുതി ഡേറ്റാബേസിൽ എൻട്രികൾ രേഖപ്പെടുത്തിയിരുന്നുള്ളൂ. നാല് യുഎൽബികളിൽ മാത്രമെ ഡി ആൻഡ് ഓ മോഡ്യൂൾ ഡേറ്റാബേസ് പ്രവർത്തനക്ഷമമാക്കിയിരുന്നുള്ളൂ. പൊതുജനങ്ങൾക്ക് നേരിട്ട് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ലൈസൻസുകളും പ്രിന്റ് ചെയ്യുന്നതിനുള്ള സൗകര്യം പരിശോധന നടത്തിയ യഥാക്രമം ഒൻപതും എട്ടും യുഎൽബികളിൽ നൽകിയിരുന്നു. ഐ.കെ.എമ്മിന്റെ ഭരണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പോലെ ഹാൾബുക്കിംഗ്, ആംബുലൻസ്, വാഹനങ്ങൾ, ശ്മശാനം, മുതലായ പണമടച്ചുള്ള സേവനങ്ങൾക്ക് വേണ്ട പ്രത്യേക മോഡ്യൂളുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു. വസ്തു നികുതിയ്ക്കും ഡി ആൻഡ് ഓ ലൈസൻസിനും ഒഴികെയുള്ള സൗകര്യങ്ങൾ തെരഞ്ഞെടുത്ത യുഎൽബികളിലെ സഞ്ചയ സോഫ്റ്റ് വെയറിൽ പ്രവർത്തനക്ഷമമല്ലായിരുന്നു. അങ്ങനെ, എല്ലാ യുഎൽബികളിലും ഐകെഎമ്മിൽ നിന്ന് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടും, യുഎൽബികൾ ഡിസിബി സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കുന്നതിൽ സോഫ്റ്റ് വെയറിന്റെ ഉപയോഗ വ്യാപ്തി, അതു സ്ഥാപിച്ച് പത്തു വർഷങ്ങൾ കഴിഞ്ഞിട്ടും, വസ്തു നികുതിയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

യുഎൽബികളിലെ നികുതി പിരിവിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താനുള്ള ഒരു വ്യക്തമായ ചുവടുവയ്പ് എന്ന നിലയിൽ എല്ലാ മുനിസിപ്പാലിറ്റികളിലും ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പതിവായി നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

അദ്ധ്യായം V

ഖണ്ഡിക	വിഷയം/പരാമർശം	മറുപടി
	മനുഷ്യവിഭവങ്ങൾ	
5.1	**യുഎൽബികളിലെ മനുഷ്യശേഷിയുടെ വ്യവസ്ഥാപനം** ചുമതലകളുടെയും ഫണ്ടുകളുടെയും കൈമാറ്റത്തിനൊടൊപ്പം, സ്വയംഭരണത്തിനു പൂർണസജ്ജമായ യൂണിറ്റുകളായി യുഎൽബികൾക്ക് ഫലപ്രദമായ പ്രവർത്തനം സുഗമമാക്കുന്നതിന് മതിയായ എണ്ണം ജീവനക്കാർ കൂടി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള ജീവനക്കാരുടെ ആവശ്യകത നിർണ്ണയിക്കുന്നതിന്റെയും യുഎൽബികളിൽ ലഭ്യമായ മനുഷ്യശേഷിയുടെ പര്യാപ്തതയുടെയും ഓഡിറ്റ് നിരീക്ഷണങ്ങൾ ഇപ്രകാരമാണ്:	പ്രത്യേക പരാമർശമില്ല
5.1.1	**മനുഷ്യശേഷിയുടെ ആവശ്യകതയുടെ അപര്യാപ്തമായ നിർണ്ണയം** കെഎം നിയമത്തിലെ 222-ാം വകുപ്പ് പ്രകാരം, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കു വേണ്ടി ഒരു പൊതു മുനിസിപ്പൽ സർവീസ്, സർക്കാർ രൂപീകരിക്കേണ്ടതും മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ നിയമനവും സേവനവ്യവസ്ഥകളും നിയന്ത്രിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം, യുഎൽബികളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും തരംതിരിവ്, നിയമനസമ്പ്രദായങ്ങൾ, സേവനവ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സംസ്ഥാന സർക്കാർ നിയന്ത്രിക്കുന്നു. കേരള മുനിസിപ്പൽ കോമൺ	യുഎൽബികളിലെ മനുഷ്യശേഷിയുടെ ആവശ്യകതയെപ്പറ്റി പഠനം നടത്തിയിട്ടില്ല. എന്നിരുന്നാലും തദ്ദേശസ്വയംഭരണ വകുപ്പ് വികേന്ദ്രീകരണത്തിന്റെ ഭാഗമായി മനുഷ്യവിഭവശേഷി കൂടുതലായി ഉപയോഗപ്രദമാക്കാൻ സാധിച്ചിട്ടുണ്ട്.

സർവീസ് (മിനിസ്റ്റീരിയൽ ആൻഡ് റവന്യൂ ബ്രാഞ്ച്) ക്വാളിഫിക്കേഷൻ ആൻഡ് മെത്തഡ് ഓഫ് അപ്പോയിന്റ്മെന്റ് റൂൾസ്, 2001, പൊതുജനാരോഗ്യ നിയമന ചട്ടങ്ങൾ, 1972, കേരള തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് സർവീസുകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ, 2007 എന്നിവ യുഎൽബികളിലെ ജീവനക്കാരുടെ നിയമനത്തെ നിയന്ത്രിക്കുന്നു.

യുഎൽബികളിലെ വിവിധ വിഭാഗങ്ങൾ നിറവേറ്റുന്ന ചുമതലകളുടെ വിശാലമായ ചട്ടക്കൂട് **പട്ടിക 5.1**-ൽ പറഞ്ഞിരിക്കുന്നു:

പട്ടിക 5.1 : യുഎൽബികളിലെ വിവിധ വിഭാഗങ്ങളെ ഏല്പിച്ചിരിക്കുന്ന ചുമതലകൾ

വിഭാഗങ്ങൾ/ സെക്ഷനുകൾ	ചുമതലകൾ
പൊതുഭരണം	കൗൺസിൽ, ജനറൽ എസ്റ്റാബ്ലിഷ്മെന്റ്, തപാൽ വിതരണവും അയയ്ക്കലും, ടൈപ്പിംഗ്, നിയമപരമായ കാര്യങ്ങൾ
റവന്യൂ	നികുതി നിർണ്ണയവും പിരിവും, മുനിസിപ്പാലിറ്റിയുടെ വസ്തുക്കളിന്മേലുള്ള ഫീസ് പിരിവ്, മുനിസിപ്പാലിറ്റി കെട്ടിടത്തിന്മേലുള്ള വാടക, സ്ഥിരതാമസ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ മാറ്റം എന്നിവ നൽകുന്നത്.
പൊതുജനാരോഗ്യവും ശുചിത്വവും	ശുചീകരണപ്രവൃത്തികളുടെ മേൽനോട്ടം, ജനന-മരണ-വിവാഹങ്ങളുടെ രജിസ്ട്രേഷൻ, ഫാക്ടറികൾ, വ്യാപാരങ്ങൾ, വ്യവസായ പ്രവൃത്തികൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസ് നൽകുന്നത്, ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, ട്യൂട്ടോറിയലുകളുടെ രജിസ്ട്രേഷൻ, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട

	പദ്ധതികളുടെ നിർവ്വഹണം, പൊതുജനാരോഗ്യ ബോധവൽക്കരണ പരിപാടികളുടെയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെയും മേൽനോട്ടം.
ധനകാര്യം/ അക്കൗണ്ട്സ്	എല്ലാ മുനിസിപ്പൽ ഫണ്ടുകളുടെയും അക്കൗണ്ടുകളുടെയും കൈകാര്യം ചെയ്യൽ, ബഡ്ജറ്റിന്റെയും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെയും തയ്യാറാക്കൽ, എല്ലാ വരവു ചെലവുകളും, സാമൂഹ്യസുരക്ഷാ പെൻഷൻ, റിക്കവറികൾ, മുൻകൂറുകൾ,വായ്പ, ജി.എസ്.ടി, ഓഡിറ്റ്
എൻജിനീയറിംഗ് ആൻഡ് ടൗൺ പ്ലാനിംഗ്	എല്ലാ മുനിസിപ്പൽ പണികളും, ടൗൺ പ്ലാനിംഗ് പണികളും, ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികളും പൊതുമരാമത്തും, മുനിസിപ്പൽ വാഹനങ്ങളുടെ പരിപാലനം, ജലം-വൈദ്യുതി ചാർജ്ജുകൾ, ഭൂമി ഏറ്റെടുക്കൽ, എൻജിനീയറിംഗ് വിഭാഗത്തിന്റെ സ്ഥാപനം
വികസനം	വികേന്ദ്രീകൃതാസൂത്രണം, വാർഡ് സഭയും വികസന സെമിനാറും സംഘടിപ്പിക്കുന്നത്, പദ്ധതി അനുമതി മുതലായവയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും .
വിവിധം	കുടുംബശ്രീ, അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതി (ഏ.യു.ഇ.ജി.എസ്), ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) മുതലായവ
ക്ഷേമം	സാമൂഹ്യസുരക്ഷാ പെൻഷൻ, തൊഴിലില്ലായ്മ വേതനം

1. യുഎൽബികളിലെ അതിവേഗം വളരുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ജീവനക്കാരുടെ മതിയായ അംഗബലം അത്യാവശ്യമായിരുന്നു. യുഎൽബികൾ അവയുടെ

പദവി ഉയർത്തുന്നതിനും പുതിയ തസ്തികകളുടെ സൃഷ്ടിയിലൂടെ സ്ഥാപനഘടന നവീകരിക്കുന്നതിനും, പ്രമേയങ്ങൾ പാസ്സാക്കി. 2014-ൽ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളെ I, II, III എന്നീ ഗ്രേഡുകളായി തരംതിരിച്ചുവെങ്കിലും, മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഇത്തരത്തിലുള്ള ഒരു വർഗ്ഗീകരണത്തിന് ശ്രമിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വർഗ്ഗീകരണ പ്രക്രിയയുടെ ഫലമായി, പുതുതായി രൂപികരിച്ച 27 മുനിസിപ്പാലിറ്റികളിലും കണ്ണൂർ കോർപ്പറേഷനിലും നിലവിലുള്ള മറ്റ രണ്ട് കോർപ്പറേഷനുകളിലും ഒഴികെ, നിലവിലുള്ള യുഎൽബികളിൽ പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്നുകൂടി ശ്രദ്ധയിൽപ്പെട്ടു. ഒരേ ഗ്രേഡിൽപ്പെടുന്ന മുനിസിപ്പാലിറ്റികൾക്കിടയിൽപ്പോലും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, സീനിയർ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് മുതലായ തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ വിപുലമായ വ്യതിയാനമുള്ളതായി ഓഡിറ്റ് നിരീക്ഷിച്ചു.

യുഎൽബികളിൽ മനുഷ്യശേഷിയെ സംബന്ധിച്ചിടത്തോളം അനുവദിക്കപ്പെട്ട അംഗബലമില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിലവിലെ സമ്പ്രദായമനുസരിച്ച്, ഓരോ യുഎൽബികളിൽ നിന്നുമുള്ള അഭ്യർത്ഥനകൾ നഗരകാര്യഡയറക്ടർ സർക്കാരിലേക്ക് അയയ്ക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് യുഎൽബികളിലെ നിലവിലുള്ള തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ മാത്രമാണ് കേഡർ അംഗബലം നിശ്ചയിച്ചതായി കാണപ്പെട്ടത്. മറ്റ വിഭാഗങ്ങളിൽ ജീവനക്കാരുടെ ആവശ്യകത നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളൊന്നുമില്ലായിരുന്നു. യുഎൽബികളിലെ ജീവനക്കാരുടെ ആവശ്യകത ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിന് സർക്കാരോ പുറമേയുള്ള ഏജൻസികളോ ഒരു പ്രവൃത്തി പഠനമോ നിർണ്ണയമോ നടത്തിയിട്ടില്ല.

കഴിയുന്നതും നേരത്തെതന്നെ തസ്തിക വിന്യാസത്തിന്റെ, ശാസ്ത്രീയമായ

പുനഃക്രമീകരണവും ഉറപ്പാക്കലും നടപ്പിലാക്കേണ്ടതാണെന്ന് നാലാമത് എസ്എഫ് സി ശുപാർശ ചെയ്യുകയും അത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. യുഎൽബികളിലെ മനുഷ്യശേഷിയുടെ ആവശ്യകതയെപ്പറ്റി ഫലപ്രദമായ ഒരു പഠനം നടത്തേണ്ടതുണ്ടെന്നും ഇതിനുവേണ്ടി തസ്വഭ വകുപ്പിന് ഒരു ഏജൻസിയെ തിരഞ്ഞെടുക്കാമെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ശുപാർശയിൻമേൽ, നടപടി വിശദീകരണ റിപ്പോർട്ട് സർക്കാർ സമർപ്പിച്ചു (2011 മാർച്ച്). എന്നാൽ, നാളിതുവരെയും ഇക്കാര്യത്തിൽ ഒരു നടപടിയും എടുത്തിട്ടില്ല (2021 മാർച്ച്).

നഗരകാര്യഡയറക്ടർ (ഡിയുഎ) ഓഡിറ്റിന് സമർപ്പിച്ച വിവരങ്ങൾ പ്രകാരം, 2020 മാർച്ച് 31 വരെ, യുഎൽബികളിൽ നിലവിലുള്ള 7736 തസ്തികകൾക്കെതിരെ, 6754 പേരെയാണ് നിയമിച്ചത്. സംസ്ഥാനത്ത് 982 ഒഴിവുകളുള്ളതിൽ 123 എണ്ണം (12.52 ശതമാനം) യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗത്തിലാണുള്ളതെന്ന് സർക്കാരിന്റെ തസ്വഭ വകുപ്പ് റിപ്പോർട്ട് ചെയ്തു. മുനിസിപ്പാലിറ്റികളുടെ ഗ്രേഡ് ഉയർത്തിയപ്പോൾ (2014 ജൂലൈ), മുനിസിപ്പാലിറ്റികളുടെ പരിഷ്കരിച്ച ഗ്രേഡ് പ്രകാരമുള്ള തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ലെന്ന് കൂടി ഡിയുഎ പ്രസ്താവിച്ചു (2021 ഏപ്രിൽ). അതിനാൽ, മുനിസിപ്പാലിറ്റികൾ / കോർപ്പറേഷനുകൾക്ക് അവയുടെ ഗ്രേഡ് അനുസരിച്ചുള്ള പ്രത്യേക തസ്തിക വിന്യാസം ഇല്ല.

2020-ലെ പ്രഖ്യാപിത ജനസംഖ്യ പ്രകാരം 21 തെരഞ്ഞെടുത്ത യുഎൽബികളിൽ, ഓരോ 1000 ജനസംഖ്യയുള്ള ജീവനക്കാരുടെ എണ്ണം വിശകലനം ചെയ്തപ്പോൾ, **ചാർട്ട് 5.1**- ൽ കാണിച്ചിരിക്കുന്നത് പോലെ 0.3 നും 2.74 നും ഇടയിൽ ആണെന്ന് കണ്ടു.

പട്ടിക 5.1 : പ്രഖ്യാപിത ജനസംഖ്യക്കെതിരെയുള്ള ജീവനക്കാരുടെ എണ്ണം

ആലുവ മുനിസിപ്പാലിറ്റിയിൽ ഓരോ 1000 ജനസംഖ്യയ്ക്ക് 2.74 ജീവനക്കാർ ഉണ്ടെന്നിരിക്കെ, 17 യുഎൽബികളിൽ ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിൽ

കുറവ് എണ്ണം ജീവനക്കാരാണുണ്ടായിരുന്നത്. മൂന്ന് യുഎൽബികളിൽ മാത്രമാണ് ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിനും രണ്ടിനും ഇടയിൽ ജീവനക്കാർ ഉണ്ടായിരുന്നത്. ജീവനക്കാരുടെ ക്ഷാമം സാമൂഹിക സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ ഗുണത്തെ പ്രതികൂലമായി ബാധിക്കും.

തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരങ്ങൾ കൈമാറിയത് മുഴുവനായും ഫലപ്രദമാകണമെങ്കിൽ തസ്തികാമാനദണ്ഡങ്ങൾ, നിയമനം മുതലായവ തീരുമാനിക്കുന്നതിലെ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം നിർബന്ധമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർക്കാരിന്റെ മുൻ അനുമതി കൂടാതെ ഒരു മുനിസിപ്പാലിറ്റിയുടെയും സർവ്വീസിൽ ഒരു തസ്തികയും സൃഷ്ടിക്കാൻ പാടില്ലാത്തതാണെന്ന് കെഎം നിയമത്തിലെ 223-ാം വകുപ്പ് വ്യക്തമായി വാദിക്കുമ്പോൾ, തദ്ദേശസ്ഥാപനങ്ങളിലെ മനുഷ്യശേഷിയുടെ കുറവിനെ സർക്കാർ പരമാവധി മുൻഗണന കൊടുത്ത് പരിഗണിക്കേണ്ടതുണ്ട്. ആവശ്യത്തിന് ജീവനക്കാർ തദ്ദേശസ്ഥാപനങ്ങളിൽ ഇല്ലാതെ വന്നാൽ യുഎൽബികളിൽ ഫലപ്രദമായ ഒരു സ്വയംഭരണസംവിധാനം ഉറപ്പാക്കുക എന്ന ലക്ഷ്യം അട്ടിമറിക്കപ്പെടും.

എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ), തസ്വഭവ എസിഎസ് ഓഡിറ്റ് നിരീക്ഷണം സ്വീകരിക്കുകയും, കാലക്രമേണ ഉത്തരവാദിത്വങ്ങൾ വികസിക്കുകയും വ്യാപ്തിക്കുടുകയും ചെയ്യുന്നതിനാലും ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ പരസ്പര പൂരകമല്ലാത്തതിനാലും യുഎൽബികൾക്ക് അമിതഭാരം ഏൽക്കേണ്ടിവരുകയാണെന്ന് സൂചിപ്പിക്കുകയും ചെയ്തു.

5.1.2 ജീവനക്കാരുടെ നിയമനത്തിലെ അപര്യാപ്തതകൾ

യുഎൽബികളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി 74-ാംമത് സിഎഎ നടപ്പിലാക്കുവാൻ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടും, യുഎൽബികളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും തരംതിരിക്കൽ, നിയമനരീതി, സേവനവ്യവസ്ഥകൾ, ശമ്പളവും വേതനവും, അച്ചടക്കവും

പെരുമാറ്റവും, എന്നിവയുടെ മേൽ സർക്കാർ ഇപ്പോഴും നിയന്ത്രണം ഏർപ്പെടുത്തുന്നു.

ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് വേണ്ടി യുഎൽബികൾ ഡിയുഎക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും അത് കേരള പബ്ലിക് സർവീസ് കമ്മീഷന് (കെ.പി.എസ്.സി) അയയ്ക്കുകയും ചെയ്യുന്നു. താഴെ കൊടുത്തിരിക്കുന്നത് പോലെ, യുഎൽബികൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും, കെ.പി.എസ്.സിക്ക ഒഴിവുകൾ നിശ്ചയിച്ച് അയയ്ക്കുന്നതിലും റിക്രൂട്ട്മെന്റിന്റെ മുഴുവൻ പ്രക്രിയ പൂർത്തിയാക്കുന്നതിലും ആളുകളെ നിയമിക്കുന്നതിലും വിശദീകരിക്കപ്പെടാത്ത കാലതാമസമുണ്ടായി.

- യുഎൽബികളിൽ നിന്നും ഡിയുഎയ്ക്ക് ലഭിച്ച പ്രൊപ്പോസലുകൾ കെ.പി.എസ്.സിക്ക് അയയ്ക്കുന്നതിൽ 169 ദിവസങ്ങൾ വരെ നീണ്ട കാലതാമസമുണ്ടായി.

- തസ്തികകൾ വിജ്ഞാപനം ചെയ്യുന്നത് മുതൽ ഉദ്യോഗാർഥികളെ തെരഞ്ഞെടുക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയയുടെയും പൂർത്തീകരണത്തിന് കെ.പി.എസ്.സി ആകെ 22 മുതൽ 1640 ദിവസങ്ങൾ വരെ സമയമെടുത്തു.

- കെ.പി.എസ്.സിയിൽ നിന്നും സെലക്ഷൻ ലിസ്റ്റ് ലഭിച്ചശേഷം ഡിയുഎയിൽ നിന്നും ജീവനക്കാർക്ക് നിയമനം ലഭിക്കുന്നതിന് ആറ് മുതൽ 595 ദിവസത്തെ ഇടവേള ഉണ്ടായി.

5.1.2.1 നഗര തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത

പട്ടിക 5.2-ൽ കാണിച്ചിരിക്കുന്നത് പോലെ, യുഎൽബികളിലെ നിലവിലുള്ള തസ്തികകൾക്കെതിരെ ജീവനക്കാരുടെ ഗണ്യമായ കുറവുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പട്ടിക 5.2 : 2021 മാർച്ച് 31-ൽ സംസ്ഥാനത്തെ യുഎൽബികളിൽ നിലവിലുള്ള തസ്തികകളും യഥാർത്ഥത്തിലുള്ള ജീവനക്കാരുടെ അംഗബലവും

വിഭാഗവും തരവും	നിലവിലുള്ള തസ്തികകൾ	നിയമനം	ഒഴിവുള്ള തസ്തികകൾ
ജനറൽ	3655	3323	332
റവന്യൂ	1018	948	70
ആരോഗ്യം	1847	1410	437
മുനിസിപ്പൽ സെക്രട്ടറിമാർ/ അസിസ്റ്റന്റ് സെക്രട്ടറിമാർ	99	79	20
ആകെ	**6619**	**5760**	**859**

പട്ടിക 5.3-ൽ പറയും പ്രകാരം, തസ്വഭ വകുപ്പ് കേരള സർക്കാർ നൽകിയ വിവരങ്ങളിൽ വെളിപ്പെടുത്തിയതുപോലെ, യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട 1117 അംഗബലത്തിനെതിരെ 994 ജീവനക്കാർ മാത്രമാണുള്ളത്.

പട്ടിക 5.3 : സംസ്ഥാനത്തെ യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട അംഗബലവും നിലവിലുള്ള ജീവനക്കാരും

ക്രമനമ്പർ	തസ്തിക	അനുവദിക്കപ്പെട്ട അംഗബ	നിലവിലുള്ള ജീവനക്കാർ

		ലം	
1	സൂപ്രണ്ടിംഗ് എൻജിനീയർ	6	6
2	എക്സിക്യൂട്ടീവ് എൻജിനീയർ	20	19
3	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ	52	41
4	അസിസ്റ്റൻറ് എൻജിനീയർ	179	169
5	ഓവർസീയർ ഗ്രേഡ് I	262	227
6	ഓവർസീയർ ഗ്രേഡ് II	221	190
7	ഓവർസീയർ ഗ്രേഡ് III	350	318
8	ക്ലർക്ക്	27	24
	ആകെ	1117	994

നിർബന്ധിത ചുമതലകൾ നടപ്പിലാക്കുന്നതിന് രൂപകൽപന ചെയ്യപ്പെടുന്ന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗം നിർണ്ണായകമായ പങ്ക് വഹിക്കുന്നതിനാൽ, ജീവനക്കാരുടെ അപര്യാപ്തത, പദ്ധതികൾ യഥാസമയം നിർവ്വഹിക്കുന്നതിലും അവയുടെ പരിണിതഫലത്തിന്റെ ഗുണം വാഗ്ദാനം ചെയ്യുന്നതിലും പ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം. സാങ്കേതിക വൈദഗ്ധ്യം ആവശ്യപ്പെടുന്ന തസ്തികകളിലെ ഒഴിവ് നികത്താത്തത് അംഗീകരിക്കപ്പെട്ട അടിസ്ഥാനസൗകര്യ പദ്ധതികളുടെ നിർവ്വഹണത്തിന്റെ സമയനിഷ്ഠയെയും കാര്യക്ഷമതയെയും പ്രതികൂലമായി ബാധിച്ചേക്കാം. അദ്ധ്യായം III-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, തൃശ്ശൂർ കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ കോർപ്പറേഷനുകളിലും ജലവിതരണം പോലുള്ള ചുമതലകൾ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. പല മുനിസിപ്പാലിറ്റികളിലും സർക്കാർ നൽകിയ ജീവനക്കാർ

ചില ചുമതലകൾ കൈകാര്യം ചെയ്യുന്നത് തുടരുന്നത് ദ്വൈത ഉത്തരവാദിത്വം കാരണം ആശയവൈരുദ്ധ്യത്തിന്റെ അപകടസാധ്യത ഉണ്ടാക്കാം.

അധിക മനുഷ്യവിഭവങ്ങൾക്കുള്ള ആവശ്യത്തിനും നിർദ്ദിഷ്ട പദ്ധതികൾക്കും ഇടപെടലുകൾക്കും വേണ്ടി പ്രത്യേക നൈപുണ്യശേഷി ഏറ്റെടുക്കാൻ തദ്ദേശ സർക്കാരുകളെ പ്രാപ്തരാക്കുന്നതിന് സംസ്ഥാനം തുടർച്ചയായി പ്രതികരിച്ചുകൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). കേരളം അതിന്റെ സമ്പന്നമായ സാമൂഹിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുകയും, സ്ഥിരജോലിയില്ലാതെ തദ്ദേശീയമായി ലഭ്യമായ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുന്ന ഇടപെടലിന്റെയും സഹകരണത്തിന്റെയും പുത്തൻ രീതികൾ കണ്ടെത്തുകയും ചെയ്യുന്നുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി.

ഇടപെടലിന്റെ പുത്തൻ രീതികൾ നിർദ്ദിഷ്ട പദ്ധതികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നും, കൈമാറപ്പെട്ട എല്ലാ ചുമതലകളുടെയും അടിസ്ഥാനത്തിൽ യുഎൽബികളെ സജ്ജമാക്കുവാനോ അവയെ ശരിയായ അർത്ഥത്തിൽ സ്വയം ഭരണസ്ഥാപനങ്ങളായി രൂപപ്പെടുത്തുവാനോ പര്യാപ്തമല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

അദ്ധ്യായം VI

ഉപസംഹാരവും ശുപാർശകളും

6.1 ഉപസംഹാരം

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി തദ്ദേശഭരണം വികേന്ദ്രീകരിക്കുന്നതിൽ സംസ്ഥാനം നടപടികൾ സ്വീകരിച്ചിരുന്നു. അഞ്ച് വർഷത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ, ഭരണഘടനാ ഭേദഗതിയിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണത്തിനുള്ള വ്യവസ്ഥ, തദ്ദേശ സ്ഥാപനങ്ങൾക്ക് കാര്യമായ ഫണ്ട് കൈമാറൽ, ജില്ലാ ആസൂത്രണ സമിതികളുടെ രൂപീകരണം, എല്ലാ വാർഡുകളിലും വാർഡ് സഭകൾ, സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ രൂപീകരണം തുടങ്ങിയ നടപടികൾ മറ്റു പലതിന്റെയും കൂട്ടത്തിൽ ഉൾപ്പെടുന്നു.

എന്നിരുന്നാലും, 74-ാം ഭരണഘടനാ ഭേദഗതി പ്രകാരം 1994-ൽ കെ.എം നിയമം പ്രാബല്യത്തിൽ വന്നെങ്കിലും, ഊർജ്ജസ്വലമായ സ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തിന്റെ വെളിച്ചത്തിൽ വകുപ്പ് 58 പോലുള്ള നിയമത്തിലെ ചില വ്യവസ്ഥകൾ അവലോകനം ചെയ്യേണ്ടതുണ്ടെന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റ് വെളിപ്പെടുത്തി. കൂടാതെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 18 ചുമതലകളിൽ 17 എണ്ണവും കെ.എം നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, 17 കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ ഏഴെണ്ണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം മാത്രമാണ് യുഎൽബികൾക്കുള്ളത്. ബാക്കിയുള്ള 10 എണ്ണത്തെ സംബന്ധിച്ചിടത്തോളം, സംസ്ഥാന സർക്കാരിന് ഇപ്പോഴും നേരിട്ടോ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയോ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാര്യമായ പങ്കുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഭരണഘടനാ ഭേദഗതിക്കു ശേഷം 25 വർഷത്തിലേറെയായിട്ടും യുഎൽബികൾക്ക് ബന്ധപ്പെട്ട ചുമതലകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ കൈമാറ്റം പൂർത്തിയായിട്ടില്ല. യുഎൽബികളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും യുഎൽബികൾ നടപ്പിലാക്കേണ്ടതുമായ, കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട

പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളും മറ്റ് പാരാസ്റ്റേറ്റൽ ഏജൻസികളും സമാന്തരമായി നടപ്പിലാക്കുകയാണുണ്ടായത്.

2015-ലും 2020-ലും നടന്ന യുഎൽബികളിലേക്കുള്ള തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള (പുതുതായി രൂപീകരിച്ച 29 മുനിസിപ്പാലിറ്റികളും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളും ഒഴികെ) കൗൺസിലർമാരുടെ സീറ്റുകളുടെ എണ്ണവും വാർഡുകളുടെ എണ്ണവും 2001-ലെ ജനസംഖ്യാ കണക്കുകളുടെ അടിസ്ഥാനത്തിൽ (തൊട്ടുമുമ്പ് നടന്ന 2011-ലെ സെൻസസിന് പകരം) നിശ്ചയിച്ചതിനാൽ സംസ്ഥാനത്ത് ആകെ 60 കൗൺസിലർമാരുടെ കുറവുണ്ടായിരുന്നു (കോർപ്പറേഷനുകൾ: 01, മുനിസിപ്പാലിറ്റികൾ :59). കൂടാതെ സർക്കാർ അംഗീകരിച്ച സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ 325 ശുപാർശകളിൽ 200 എണ്ണം നാളിതുവരെ നടപ്പാക്കിയിട്ടില്ല. നടപ്പാക്കേണ്ട ശുപാർശകളിൽ പ്രവൃത്തികൾ വികേന്ദ്രീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ സൗകര്യമൊരുക്കുന്ന സുപ്രധാന ശുപാർശകളും ഉൾപ്പെടുന്നു.

മുനിസിപ്പാലിറ്റികൾക്ക് ചുമതലകൾ, ആസ്തികൾ മുതലായവയുടെ കൈമാറ്റത്തിന് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, സംസ്ഥാനത്തുടനീളമുള്ള മുനിസിപ്പാലിറ്റികളിലേക്കുള്ള കേന്ദ്രീകൃത ജലവിതരണ പ്രവൃത്തികൾ ഏൽപ്പിച്ച പാരസ്റ്റേറ്റൽ എന്ന നിലയിലാണ് കെഡബ്ല്യുഎ പ്രവർത്തിച്ചത്. യുഎൽബികൾ വിതരണ പൈപ്പ് ലൈനിന്റെ വിപുലീകരണം ഡെപ്പോസിറ്റ് ജോലികൾക്കായി കെഡബ്ല്യുഎയെ ഏല്പിച്ചുകൊണ്ട് ഏറ്റെടുക്കുന്നുണ്ടെങ്കിലും, മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികൾ യുഎൽബികളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നില്ല. ₹33.94 കോടിയുടെ ഡെപ്പോസിറ്റ് ജോലികൾക്ക് കെഡബ്ല്യുഎ വിനിയോഗ സർട്ടിഫിക്കറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾക്ക് നൽകിയിരുന്നില്ല. മുനിസിപ്പാലിറ്റികളിൽ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും കെഡബ്ല്യുഎ നിശ്ചയിച്ച നിരക്കിൽ വാട്ടർ ചാർജ്ജ് ഈടാക്കിയെങ്കിലും വരുമാനം

മുനിസിപ്പാലിറ്റികളുമായി പങ്കിടുകയുണ്ടായില്ല.

തെരഞ്ഞെടുക്കപ്പെട്ട 21 യുഎൽബികളിൽ ഒൻപത് യുഎൽബികൾക്ക് ജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷിയില്ലായിരുന്നു. ഒൻപതും പതിനൊന്നും യുഎൽബികൾക്ക് യഥാക്രമം പുന:ചംക്രമണം ചെയ്യാവുന്നതും അല്ലാത്തതുമായ അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി ഇല്ലായിരുന്നു. പതിനഞ്ച് യുഎൽബികൾ മാത്രം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാൻ ചുമതലപ്പെടുത്തിയ ഏജൻസിയുമായി കരാറിലേർപ്പെട്ടു. സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 499 എണ്ണത്തിൽ, അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനായി ഏജൻസി കരാറിൽ ഏർപ്പെട്ടിരുന്നില്ല. തെരഞ്ഞെടുത്ത യുഎൽബികളൊന്നും തന്നെ ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതായി കണ്ടില്ല.

സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപകരണമായി ബഡ്ജറ്റിനെ മുനിസിപ്പാലിറ്റികൾ ഉപയോഗിക്കുന്നില്ലെന്നും അയഥാർത്ഥമായ വരവു ചെലവ് ബഡ്ജറ്റുകൾ രൂപീകരിച്ചെന്നും ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുക്കപ്പെട്ട യുഎൽബികളിൽ മുൻ വർഷങ്ങളിലെ ഫണ്ടുകളുടെ യഥാർത്ഥ വരവ് പരിഗണിക്കാതെ വിവിധ പ്രവർത്തനങ്ങൾക്കായി വിഭവങ്ങൾ അനുവദിച്ചതായി കണ്ടു. ട്രഷറികളിൽ നിന്ന് ഫണ്ട് പിൻവലിക്കുന്നതിനുള്ള അപര്യാപ്തമായ സംവിധാനത്തിന്റെ ഫലമായി എസ്.എഫ്.സി ഗ്രാന്റിൽ നിന്ന് ₹447.74 കോടി ഉപയോഗിക്കാൻ നഗരസഭകൾക്ക് സാധിച്ചില്ല. കൂടാതെ, പരസ്യനികുതി, വിനോദ നികുതി മുതലായവയുമായി ബന്ധപ്പെട്ട നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള ഫലപ്രദമായ അധികാരങ്ങളുടെ അഭാവത്താൽ യുഎൽബികൾ പരിമിതപ്പെട്ടിരിക്കുകയാണ്. പുതിയ നികുതിദായകർക്ക് 2011 ജനുവരി 14 മുതൽ തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വന്നുവെങ്കിലും പത്ത് വർഷത്തിനു ശേഷവും നിരക്കുകളുടെ പരിഷ്കരണം നടന്നില്ല (2021 മാർച്ച്). തെറ്റായ ഒരു സർക്കാർ ഉത്തരവിന്റെ

ഫലമായി മുനിസിപ്പാലിറ്റികൾക്ക് 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ വിനോദ നികുതി ചുമത്താൻ കഴിഞ്ഞില്ല.

വർത്തമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ 2014-ൽ നഗരസഭകളെ I,II,III എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ചെങ്കിലും നിലവിലുള്ള നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചില്ല. 982 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ ജീവനക്കാരുടെ കുറവ് ഗണ്യമായിരുന്നു.

അങ്ങനെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ നിർവ്വഹണത്തിലുണ്ടായ പോരായ്മകൾ കൊണ്ടും, അടിസ്ഥാനപരമായ പ്രധാന ചുമതലകൾ പോലും കൈമാറാത്തതിനാലും, സംസ്ഥാനത്ത് 74-ാം സിഎഎയുടെ നടപ്പാക്കൽ തടസ്സപ്പെട്ടു.

6.2 **ശുപാർശകൾ**

മുൻ അദ്ധ്യായങ്ങളിലെ ഖണ്ഡികകളിൽ മറുപടി നൽകിയിട്ടുണ്ട്.

യുഎൽബികൾക്ക് യഥാർത്ഥമായ സ്വയംഭരണാധികാരവും ശരിയായ ഉത്തരവാദിത്വവും നൽകുന്നതിന്, യുഎൽബികളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ/ ഉപചുമതലകളുടെയും സംസ്ഥാന സർക്കാരിന്റെ കൈകളിൽ നിലനിർത്തിയിരിക്കുന്ന അധികാരങ്ങളുടെ വ്യാപ്തിയും സംബന്ധിച്ച് വ്യക്തത ഉറപ്പാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെയും മുനിസിപ്പാലിറ്റികളുടെയും പാരാസ്റ്റേറ്റലുകളുടെയും പങ്കിനെ വ്യക്തമായി വേർതിരിച്ചു നൽകേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണത്തിന്റെ തത്വങ്ങൾക്കനുസൃതമായി, പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ ചുമതലകളുടെ കൂടെ ഉദ്യോഗസ്ഥരെ കൂടി യുഎൽബികൾക്ക് കൈമാറണം. ഉത്തരവാദിത്വവും കാര്യക്ഷമമായ മേൽനോട്ടവും സുഗമമാക്കുന്നതിന് യുഎൽബികളെ ഏൽപ്പിച്ച ചുമതലകൾ സർക്കാർ വകുപ്പുകൾ സമാന്തരമായി

നടപ്പാക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

74-ാം ഭരണഘടനാ ഭേദഗതി നിയമം വിഭാവനം ചെയ്യുന്ന പ്രകാരമുള്ള മെച്ചപ്പെട്ട ഉത്പന്നങ്ങളും ഫലങ്ങളും ഉണ്ടാക്കുന്നതിന്, തദ്ദേശസ്ഥാപനങ്ങളുടെ അധികാര വിഭജനം സുഗമമാക്കുന്നതിലും ചെലവുകളെ ഫലപ്രദമാക്കുന്നതിലുമുള്ള സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പങ്ക് പരിഗണിച്ചുകൊണ്ട്, അവയുടെ സ്വീകരിക്കപ്പെട്ട ശുപാർശകൾ നടപ്പിലാക്കാൻ സർക്കാരിന് അടിയന്തിര നടപടി കൈക്കൊള്ളാവുന്നതാണ്.

74-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരമുള്ള സംസ്ഥാന നിയമനിർമ്മാണത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച്, സർക്കാരിന് വിജ്ഞാപനം വഴി യുഎൽബികൾക്ക് ജലവിതരണത്തിന്റെയും അതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വങ്ങൾ, അവയുടെ അധികാരപരിധിയിലുള്ള മേഖലകളിൽ സേവനം പ്രദാനം ചെയ്യുന്നത് സുഗമമാക്കുന്നതിനു വേണ്ടി, കൈമാറാം.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് നഗരതദ്ദേശ സ്ഥാപനങ്ങളെ അവയുടെ സോണൽ ഏരിയകളിലെ പ്രവർത്തനക്ഷമമായ കണക്ഷനുകളുടെ എണ്ണത്തിന് അനുസൃതമായി വാട്ടർ ചാർജ്ജ് ഈടാക്കാൻ അനുവദിക്കാവുന്നതാണ്. അതുവഴി കെഡബ്ല്യൂയിലേക്ക് അടയ്ക്കുന്ന ചാർജ്ജുകളുടെ രൂപത്തിൽ തനതു വരുമാനനഷ്ടം ഒഴിവാക്കാം.

കെ.എം നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ചുമതലകളെ സംബന്ധിച്ച് വരുമാനസമ്പാദന സേവനങ്ങൾ നിലവിൽ പാരാസ്റ്റേറ്റലുകൾ കൈകാര്യം ചെയ്യുകയും വരുമാനം മുനിസിപ്പാലിറ്റികളുമായി പങ്കിടാതിരിക്കുകയും ചെയ്യുമ്പോൾ, പാരാസ്റ്റേറ്റലിലൂടെ ഇത്തരം സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള വ്യവസ്ഥ മുനിസിപ്പാലിറ്റിക്ക് വരുമാന സാധ്യതയുള്ള സ്രോതസ്സ്

നഷ്ടപ്പെടുത്തുന്നതിനാൽ, അത്തരം ചുമതലകൾ / പ്രവൃത്തികൾ മുനിസിപ്പാലിറ്റികൾക്ക് കൈമാറുന്നതിന് മുൻഗണന നൽകേണ്ടതുമാണ്.

പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാൽ സ്വാശ്രയത്വത്തിലേക്കുള്ള പുരോഗതിയിൽ യുഎൽബികളെ കെഡബ്ല്യുഎ പോലുള്ള പാരാസ്റ്റേറ്റൽ ഏജൻസികൾ കൈപിടിച്ചു നടത്തുകയും നയിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാകുന്നതിന് പാരാസ്റ്റേറ്റലിൽ നിന്ന് മുനിസിപ്പാലിറ്റിയിലേക്കുള്ള ഉത്തരവാദിത്വത്തിന്റെ കൈമാറ്റത്തോടൊപ്പം മുനിസിപ്പാലിറ്റികളും പാരാസ്റ്റേറ്റലുകളും തമ്മിലുള്ള ബന്ധത്തിലും മാറ്റം വരേണ്ടതുണ്ട്.

ആരോഗ്യമേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യം, ശുചീകരണം എന്നിവയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യസേവനങ്ങൾ കാര്യക്ഷമമായി പ്രദാനം ചെയ്യുന്നതിനും, പ്രാദേശിക ഭരണകൂടങ്ങളെ പ്രാപ്തരാക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിന് ഏറ്റവും ഉയർന്ന മുൻഗണന സർക്കാരിന് നൽകാവുന്നതാണ്.

വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന്, സാധ്യതയുള്ള ഉറവിടങ്ങളിൽ നിന്നുള്ള വരവിന്റെയും, വിനിയോഗിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഫണ്ടുകളുടെയും യഥാർത്ഥരൂപം കണക്കിലെടുത്ത് യുഎൽബികൾ അവയുടെ ബഡ്ജറ്റുകൾ ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുന്നുവെന്ന് ഉറപ്പാക്കാൻ യുഎൽബികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

ഫലപ്രദമായ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഒരു ഉപകരണമായി ബഡ്ജറ്റിനെ വിഭാവനം ചെയ്യുവാൻ സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾക്ക് അനുസൃതമായി തദ്ദേശ

സ്ഥാപനങ്ങൾക്കായുള്ള ബഡ്ജറ്റ് മാനുവൽ സർക്കാരിന് തയ്യാറാക്കാവുന്നതാണ്.

ബില്ലുകൾ ട്രഷറി കൗണ്ടറിൽ പെടുന്നതിനാൽ ഫണ്ടുകൾ ലാപ്സാകുന്നതു വഴി മുനിസിപ്പാലിറ്റികൾക്ക് ഫണ്ട് നഷ്ടപ്പെടുന്നതൊഴിവാക്കാൻ അതുപോലെ തന്നെ മുനിസിപ്പാലിറ്റിയുടെ വരും വർഷത്തെ വകയിരുത്തലിന്റെ കൂടെ അധികമായി ചേർത്ത് സർക്കാരിന് നൽകാവുന്നതാണ്.

സാമ്പത്തിക സ്വാശ്രയത്വത്തിലൂടെ മുനിസിപ്പാലിറ്റികളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിന് അനുസൃതമായി യുഎൽബികളിലെ ജീവനക്കാരുടെ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യാനുള്ള ഫണ്ടിന്റെ ആവശ്യകത നിറവേറ്റുന്നതിനുള്ള ഒരു സുസ്ഥിര പരിഹാരം കാണേണ്ടതാണ്.

യുഎൽബികളുടെ സാമ്പത്തിക സ്വാശ്രയത്വം ഉയർത്തിപ്പിടിക്കുന്നതിനും സാമൂഹികസേവനങ്ങളുടെ മെച്ചപ്പെട്ട വിതരണത്തിനും, വർദ്ധിച്ച തനതുവരുമാനത്തിനുമായി യുഎൽബികൾ ചുമത്തുന്ന വിവിധതരം നികുതികൾ, സർക്കാർ നിശ്ചയിക്കുന്ന നിരക്കുകൾ / പരിധികളെ അടിസ്ഥാനമാക്കിയുള്ളതിനാൽ, നികുതി നിരക്കുകളിൽ കാലാനുസൃതമായ പരിഷ്കരണവും, പുതുക്കിയ നിരക്കുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതും ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ അടിയന്തിര ആവശ്യമാണ്.

ഫലപ്രദമായ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നതിന് വസ്തു നികുതി ചുമത്തുന്നതിലും പിരിക്കുന്നതിലും സർക്കാരിന് താഴെപ്പറയുന്നവ ഉറപ്പാക്കാം:

- കേരള മുനിസിപ്പാലിറ്റി ആക്ടിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനം (കെട്ടിടങ്ങളുടെ വാർഷികവാടക മൂല്യം, പ്ലിന്ത് ഏരിയ അടിസ്ഥാനം, ന്യായവില അടിസ്ഥാനം മുതലായവ) ഒരിക്കൽ വ്യക്തമാക്കിയാൽ, വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാതെയുകൊണ്ടോ, വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന്

കാലതാമസം വരുത്തിയതു കൊണ്ടോ ഈ വ്യവസ്ഥ നിഷ്ഫലമാകുന്നില്ല. നിയമം അനുശാസിക്കുന്ന കാലയളവ് കവിയുന്ന സന്ദർഭങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ നിയമസഭയിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിർബന്ധമാക്കിക്കൊണ്ട് നിയമം ഭേദഗതി ചെയ്യാവുന്നതാണ്.

- വസ്തു നികുതി മൂല്യനിർണ്ണയം, പുതുക്കിയ ഡേറ്റാബേസിന്റെ പരിപാലനം മുതലായവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുനിസിപ്പാലിറ്റികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് വസ്തു നികുതി ബോർഡ് പോലുള്ള ഒരു സംവിധാനം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിഗണിക്കാവുന്നതാണ്.

- 74-ാമത് സി.എ.എ നിലവിൽ വന്ന് 25 വർഷത്തിലേറെയായിട്ടും വസ്തു നികുതിയുടെ പരമാവധി നിരക്ക് നിർണ്ണയിക്കാനുള്ള അധികാരം സംസ്ഥാനത്തിന്റെ കൈകളിൽ നിക്ഷിപ്തമായതിനാൽ, വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിർണ്ണയിക്കുന്നതിന് മുനിസിപ്പൽ കൗൺസിലുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഉൾപ്പെടുന്ന ഒരു സമിതി മുഖേന നേരിട്ടോ, അല്ലാതെയോ മുനിസിപ്പാലിറ്റികളെ ശാക്തീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ജി.എസ്.ടിയിൽ പരസ്യനികുതി ഉൾപ്പെടുത്തിയതിന്റെ അനന്തരഫലമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വ്യത്യസ്ത സമീപനങ്ങൾ കണക്കിലെടുത്ത് പരസ്യം ചെയ്യുന്നതിന് ഫീസ് ചുമത്താനുള്ള മുനിസിപ്പാലിറ്റികളുടെ അധികാരത്തെക്കുറിച്ച് വിശദീകരണം നൽകുന്ന കാര്യം സർക്കാരിന് പരിഗണിക്കാവുന്നതാണ്.

മുനിസിപ്പാലിറ്റികളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾക്ക് ആനുപാതികമായി മാനവശേഷി ഉണ്ടെന്ന് ഉറപ്പാക്കാൻ, നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാനവശേഷി ആവശ്യകതകളുടെ, ഇനിയും നിശ്ചയിക്കാനിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള, വിലയിരുത്തൽ എത്രയും നേരത്തെ ഏറ്റെടുക്കേണ്ടതുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250